# TRICHUR ARCHDIOCESAN BULLETIN

2024 ഫെബ്രുവരി
വാല്യം: 91 | ലക്കം: 02



**സീറോ മലബാർ സഭയുടെ
മേജർ ആർച്ച്ബിഷപ്പായി
സ്ഥാനാരോഹണം ചെയ്ത
അഭിവന്ദ്യ
മാർ റാഫേൽ തട്ടിൽ
മെത്രാപ്പോലീത്തായ്ക്ക്
തൃശ്ശൂർ അതിരൂപതയുടെ
ആശംസകൾ**



തൃശ്ശൂർ അതിരൂപതയിലെ നവവൈദികർ അഭിവന്ദ്യപിതാക്കന്മാരോടൊപ്പം

## തൃശ്ശൂർ അതിരൂപതയിലെ നവവൈദികർ

ആശംസകളോടെ അതിരൂപത കുടുംബം



Fr. Alappatt Geo
Ambakkad



Fr. Choondal Albin
Choondal



Fr. Edakkalathur Jijo
Orumanayur



Fr. Pazhayedath Jaison
Kundukad



Fr. Ponnary Nithin
Nenmanikkara



Fr. Ponparambil Bijoy
Kundannoor



Fr. Puthookkara Francis
Velur



Fr. Thekkanath Christo
Konikkara



Fr. Vadakkethala Prijov
Thalore



Fr. Vallachirakkaran Dinto
Mariapuram

Trichur Archdiocesan Bulletin TAB

ESTD:1934

ഫെബ്രുവരി 2024

ലക്കം: 02 | വാല്യം: 91

02

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Daijo Poruthur**
*Design*
smritidesin.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



## ഉള്ളടക്കം

| | |
|---|---|
| സർക്കുലർ | 4 |
| സർക്കുലർ | 9 |
| സർക്കുലർ | 11 |
| കച്ചേരിക്കാര്യം | 13 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 17 |
| സഹായമെത്രാന്റെ പരിപാടികൾ | 18 |
| നാളാഗമം | 19 |
| നാമകരണ നടപടികൾ | 27 |
| വൈദികർ | 31 |
| സന്യസ്തർ | 33 |
| തീർത്ഥകേന്ദ്രം | 37 |
| വിശ്വാസ പരിശീലനം | 40 |
| സ്ഥാപനങ്ങൾ | 46 |
| സംഘടനകൾ | 61 |

# 1 സർക്കുലർ

## പി.ഒ.സി.
## കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം

3997/K-5/KCBC/OL/DS
23.12.2023

### 2024 യുവജനവർഷം –
### കെ.സി.ബി.സി. പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയ സഹോദരീ, സഹോദരന്മാരേ,

യേശുവിന്റെ തിരുപ്പിറവിയുടെയും പുതുവർഷത്തിന്റെയും ആശംസകൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു.

പരിശുദ്ധ ഫ്രാൻസിസ് പാപ്പാ 2022–ൽ പ്രഖ്യാപിച്ച സിനഡാത്മക സഭയുടെ നവീകരണയത്നത്തിന്റെ പശ്ചാത്തലത്തിൽ 2022 ജൂൺ 5–ന് കേരള കത്തോലിക്കാസഭയിൽ 'സഭ ക്രിസ്തുവിൽ പണിയപ്പെട്ടു കൊണ്ടിരിക്കുന്ന ഭവനം' എന്ന ആപ്തവാക്യവുമായി നവീകരണ കാലഘട്ടം ആരംഭിച്ചുവെന്നത് ഏവർക്കും അറിവുള്ളതാണല്ലോ. അതിന്റെ ഭാഗമായി 2023 ദിവ്യകാരുണ്യ വർഷമായി ആചരിച്ചു. യുവജനശുശ്രൂഷയിൽ പുതിയ ഉണർവ് നല്കുന്നതിന് കേരള കത്തോലിക്കാമെത്രാൻ സമിതി (KCBC) 2024–നെ കേരള കത്തോലിക്കാസഭയിൽ യുവജന വർഷമായി പ്രഖ്യാപിക്കുന്നു. ഈ യുവജനവർഷാ

ചരണം കേരള കത്തോലിക്കാ സഭയ്ക്ക് വലിയ പ്രചോദനവും ആവേശവും ലഭ്യമാക്കട്ടെയെന്ന് പ്രത്യാശിക്കുന്നു.

**കെ.സി.ബി.സി. യുവജനകമ്മീഷൻ**

കേരളത്തിലെ വ്യക്തിഗതസഭകളായ സീറോ-മലബാർ, ലത്തീൻ, സീറോ-മലങ്കര സഭകളുടെ സംയുക്ത വേദിയായ കെ.സി.ബി.സി. യുടെ യുവജനകമ്മീഷനാണ് 2024 ലെ യുവജനവർഷാചരണത്തിനുള്ള കർമ്മപദ്ധതികൾക്ക് നേതൃത്വം നല്കുന്നത്. കെ.സി.ബി.സി. യുവജനകമ്മീഷന് സാരഥ്യം വഹിക്കുന്നത് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ചെയർമാനായും വന്ദ്യരായ മാത്യൂസ് മാർ പോളികാർപ്പസ് പിതാവും മാർ ജോസഫ് പണ്ടാരശ്ശേരി പിതാവും വൈസ് ചെയർമാന്മാരും ബഹു. ഫാദർ സ്റ്റീഫൻ തോമസ് ചാലക്കര സെക്രട്ടറിയും ആയിട്ടുള്ള ടീമാണ്. കമ്മീഷന്റെ പ്രവർത്തനമേഖലയിൽ വരുന്ന എല്ലാ യുവജന പ്രസ്ഥാനങ്ങളെയും ചേർത്തുനിർത്തിയുള്ള യുവജനവർഷാചരണത്തിന് ഇവർ നേതൃത്വം നല്കുന്നതാണ്. കേരളത്തിലെ മൂന്നു റീത്തുകളിലെയും യുവജനപ്രസ്ഥാനങ്ങൾ, കേരളത്തിൽ പ്രവർത്തിച്ചുവരുന്ന വിവിധ കത്തോലിക്കാ യുവജനസംഘടനകൾ എന്നിവർ ഒരുമിച്ചു സഹകരിച്ച് യുവജനവർഷം ഉചിതമായി ആചരിക്കണമെന്ന് താല്പര്യപ്പെടുന്നു.

**യുവജന വർഷത്തിന്റെ ആപ്തവാക്യം**

'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' (Christian Youth with Compassionate Eyes, Passionate Heart and Fire winged Feets). പിതാവായ ദൈവത്തിന്റെ കരുണയുള്ള കണ്ണുകളും പുത്രനായ ദൈവത്തിന്റെ തീഷ്ണ ഹൃദയവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ അഗ്നി ചിറകുള്ള കാലുകളും ക്രൈസ്തവ യുവതയുടെ ലക്ഷണങ്ങളായി മാറണമെന്ന ആഹ്വാനം പേറുന്നതാണ് ഈ ആപ്തവാക്യം. 'ക്രിസ്തുവിൽ വേരൂന്നിയതും വിശ്വാസത്തിൽ ഉറച്ചതുമായ യുവജനം' എന്ന യുവജന കമ്മീഷന്റെ മുഖ്യ പ്രമേയത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് യുവജന വർഷത്തിന്റെ ഈ ആപ്തവാക്യം.

**യുവജനവർഷ പ്രഖ്യാപനത്തിന്റെ ലക്ഷ്യങ്ങൾ**

മനുഷ്യജീവിതത്തിന്റെ സുവർണ്ണ കാലഘട്ടമാണ് യുവത്വം. സജീവവും സർഗ്ഗാത്മകവുമായ ഇടപെടലുകളിലൂടെ കുടുംബത്തിലും സഭയിലും സമൂഹത്തിലും മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന കാലം. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവപ്രീതിയിലും വളർന്നതുപോലെ (ലൂക്ക 5.52) യുവജനങ്ങൾ പക്വതയിലേക്ക് വളരുവാൻ സജ്ജരാക്കുകയെന്ന സഭയുടെ ലക്ഷ്യം തീഷ്ണമായി ഓർമ്മിപ്പിക്കുന്നതിന് ഉതകുന്നതാകണം യുവജനവർഷം. സഭ അവരെ ചേർത്തു

പിടിക്കുന്നു എന്ന ബോധ്യവും അവർ സഭയോട് ചേർന്നു നടക്കുന്നു എന്ന തിരിച്ചറിവും നല്കാൻ തക്കവിധം പ്രചോദനാത്മകമാകണം ആചരണം.

**യുവജന വർഷാചരണത്തിന്റെ പൊതു മാർഗ്ഗനിർദേശങ്ങൾ**

സഭയിൽ യുവജനങ്ങൾക്കായ് നടത്തുന്ന അനേകം പരിപാടികളിൽ ഒന്നായ് യുവജനവർഷാചരണം മാറാതിരിക്കാൻ എല്ലാ പദ്ധതികൾക്കും ബാധകമാവുന്ന ചില പൊതു നിർദ്ദേശങ്ങൾ ചേർക്കുന്നു.

1. സഭയേയും സമൂഹത്തേയും സംബന്ധിച്ച് യുവജനങ്ങൾക്ക് പങ്കുവയ്ക്കുവാനുള്ള ആശയങ്ങളും അഭിപ്രായങ്ങളും തുറന്ന മനസ്സോടെ കേൾക്കാൻ തക്ക വേദികൾ സൃഷ്ടിക്കപ്പെടണം.

2. കത്തോലിക്കാ സ്വത്വബോധം നൽകുന്ന കൂടിവരവുകൾ, തീർത്ഥയാത്രകൾ ഇവയ്ക്ക് പ്രാധാന്യം.

3. യുവജനങ്ങൾക്ക് മിഷൻ ചൈതന്യം നൽകുന്ന പരിശീലന പദ്ധതികൾ.

4. കേരള കത്തോലിക്കാസഭയിലെ 3 റീത്തുകളിലെയും യുവജന സംഘടനകളുടെ സഹവർത്തിത്വവും, സഹകരണവും ഉറപ്പാക്കുന്ന സംഗമങ്ങളും, പഠന ശിബിരങ്ങളും.

5. ആഴമാർന്ന ക്രൈസ്തവ വിശ്വാസവും മൂല്യങ്ങളും പ്രഘോഷിക്കുന്ന രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക നേതൃത്വത്തെ രൂപപ്പെടുത്തുന്ന പദ്ധതികൾ.

യുവജനവർഷത്തിന് ആരംഭം കുറിക്കുന്നതിന്റെ ഭാഗമായി 2024 ജനുവരി 7-ാം തിയതി ഞായറാഴ്ച എല്ലാ ഇടവകകളിലും യുവജന പതാക ഉയർത്തുകയും ഇതോടൊപ്പം തന്നിട്ടുള്ള പ്രത്യേക പ്രാർഥന ചൊല്ലുകയും വേണം. എല്ലാ യുവജനസംഗമങ്ങളിലും ഈ പ്രാർഥന ഉപയോഗിക്കാവുന്നതാണ്.

**യുവജനസഭയും വെല്ലുവിളികളും**

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 'ക്രിസ്തൂസ് വിവിത്' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഇപ്രകാരം പറയുന്നു, 'യുവജനങ്ങൾ സഭയുടെ ഇന്നാണ്'(അദ്ധ്യായം 3). ക്രൈസ്തവ യുവത്വം വെല്ലുവിളികളുടെ കാലഘട്ടത്തിലൂടെയാണ് ഇന്ന് കടന്നുപോകുന്നത്. എല്ലാകാലത്തും അത് അങ്ങനെ തന്നെയാണുതാനും. കത്തോലിക്കാ സ്വത്വബോധത്തിൽ നിന്നും അകലുന്ന യുവത്വം, ലഹരിയുടെയും ആസക്തികളുടെയും വലയിൽപ്പെടുന്നവർ, പ്രവാസ ജീവിതത്തിനായ് കുടിയേററം നടത്തുന്ന യുവാക്കളുടെ വർദ്ധനവ്, അക്രമത്തെയും ഹിംസയെയും പ്രോത്സാഹിപ്പിക്കുന്ന പ്രത്യയശാസ്ത്രങ്ങളുടെ വളർച്ച, മാറിവരുന്ന മാധ്യമ സംസ്ക്കാരം, ന്യൂനപക്ഷ ആനുകൂല്യങ്ങളുടെ അനീതിപരമായ വിതരണം, കാർഷിക രംഗത്തിന്റെ തകർച്ച,

വന നിയമങ്ങളുടെയും തീരപരിപാലന നിയമങ്ങളുടെയും ഇടയിൽ തകരുന്ന മനുഷ്യ ജീവിതങ്ങൾ, വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ, ധ്രുവീകരണ പരിശ്രമങ്ങൾ, നിരീശ്വരവാദ പ്രത്യയശാസ്ത്രങ്ങൾ, കുടുംബങ്ങളെ അലോസരപ്പെടുത്തുന്ന അരാജകത്വവാദവും അയഞ്ഞ ലൈംഗിക ധാർമ്മികതകളും, ദളിത് ക്രൈസ്തവരോടുള്ള വിവേചനങ്ങൾ, അഴിമഴിയുടെയും സ്വജന പക്ഷപാതത്തിന്റെയും മൂല്യരാഹിത്യത്തിന്റെയും രാഷ്ട്രീയം, മയക്കുമരുന്ന്, തീവ്രവാദം, കള്ളപ്പണം ഇവയുടെ അവിശുദ്ധ കൂട്ടുകെട്ട് തുടങ്ങിയവ വെല്ലുവിളികളാണ്. ഇവയെ സമചിത്തതയോടെ കൈകാര്യം ചെയ്യാൻ പ്രാപ്തിയും പക്വതയും ആത്മീയതയും ഉള്ള യുവജനങ്ങളിലാണ് സഭയുടെ പ്രതീക്ഷ.

പ്രാർത്ഥനയോടെ കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കുവാൻ സജ്ജരായ യുവജനങ്ങളാണ് സഭയുടെ കരുത്ത്. ഈ യുവജനങ്ങളെ സഹഗമിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന മുതിർന്നവരുടെ സാന്നിധ്യം യുവജന ശുശ്രൂഷയെ സമ്പന്നമാക്കുന്നു. അവരെ ധീരരായ മിഷനറിമാരും ക്രിസ്തുവുമായി സൗഹൃദമുള്ള സമർപ്പിതരുമാക്കിത്തീർക്കുന്നു. നായിനിലെ വിധവയുടെ മകനോട് 'യുവാവേ, എഴുന്നേൽക്കുക' (ലൂക്ക 7.14) എന്നും ജായ്റോസിന്റെ മകളോട് 'ബാലികേ എഴുന്നേൽക്കുക' (മർക്കോ 5.41) എന്നും പറഞ്ഞ യേശുക്രിസ്തു ഈ യുവജനവർഷത്തിൽ കേരളസഭയിലെ മുഴുവൻ യുവജനങ്ങളെയും അതുവഴി കേരള സഭയെയും വിശുദ്ധീകരിക്കുകയും വഴിനടത്തുകയും ചെയ്യട്ടെ.

സെഹിയോൻ ശാലയിൽ യേശുവിന്റെ ശിഷ്യരോടൊത്ത് പ്രാർത്ഥിച്ച പരിശുദ്ധ മറിയം തന്റെ മധ്യസ്ഥം കേരളസഭയിലെ യുവജനങ്ങൾക്കും അവരെ നയിക്കുന്നവർക്കും നൽകട്ടെ. ഈ യുവജന വർഷം ത്രീയേക ദൈവത്തിന്റെ കൃപയാൽ കേരള കത്തോലിക്കാ സഭയിൽ സദ്ഫലങ്ങൾ പുറപ്പെടുവിക്കട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും ഏവർക്കും പൈതൃക ആശീർവാദം നേരുന്നു. ദൈവം ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
കെ.സി.ബി.സി. പ്രസിഡന്റ്

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
KCBC *വൈസ് പ്രസിഡന്റ്*

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
KCBC സെക്രട്ടറി ജനറൽ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി – 682 025

# യുവജനവർഷ പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, കേരള സഭാ നവീകരണത്തിന്റെ ഭാഗമായി 2024 യുവജനവർഷമായി ആചരിക്കുവാൻ തന്ന കൃപയെ ഓർത്ത് അങ്ങേക്ക് നന്ദി പറയുന്നു. യുവാവായ ക്രിസ്തു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നതു പോലെ കേരള സഭയിലെ യുവജനങ്ങളെല്ലാം വിശുദ്ധിയിലും വിശ്വാസത്തിലും പ്രത്യാശയിലും പരസ്പര സ്നേഹത്തിലും വളരുവാൻ അങ്ങ് കൃപചെയ്യണമേ. 'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' എന്ന യുവജനവർഷ ആപ്തവാക്യം അനുദിന കർമങ്ങളുടെ ഭാഗമാക്കി മാറ്റാൻ പ്രാപ്തരാക്കണമെ. ദൈവവചനത്തിൽ ആഴപ്പെട്ടവരും പരിശുദ്ധ ദിവ്യകാരുണ്യത്തിൽ ബലപ്പെട്ടവരും പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവരുമായ യുവജനങ്ങളാൽ തിരുസഭയെ സമ്പന്ന മാക്കണമേ. പരിശുദ്ധ മാർപാപ്പായെയും മെത്രാന്മാരെയും വൈദീകരെയും സന്യസ്തരെയും അല്മായ പ്രേഷിതരെയും കാത്തുപരിപാലിക്കണമെ. എല്ലാ യുവജന സംഘടനകളെയും അവരുടെ നേതാക്കളെയും അവരെ നയിക്കുന്നവരെയും വിശ്വാസത്തിൽ നവീകരിക്കണമെ. ദൈവവിളികൾ വർദ്ധിപ്പി ക്കണമെ. പഠന മേഖലകളെയും തൊഴിലിടങ്ങളെയും ആശീർവ ദിക്കണമെ. കത്തോലിക്കാ വിശ്വാസത്തിനു ചേർന്ന ജീവിതാ ന്തസ്സ് തിരഞ്ഞെടുക്കുവാനുള്ള വിവേകവും ജ്ഞാനവും നൽകി പരിപോഷിപ്പിക്കണമെ. പ്രവാസികളായ യുവജനങ്ങളെ കാത്തുകൊള്ളണമേ. കാലത്തിന്റെ അടയാളങ്ങളെ വായിക്കുവാനും പ്രലോഭനങ്ങളെ അതിജീവിക്കുവാനുമുള്ള വിവേകം അങ്ങ് നൽകേണമേ. പരിശുദ്ധ അമ്മേ, വിശുദ്ധ യൗസേപ്പിതാവേ, തിരുസഭയിലെ സകല വിശുദ്ധന്മാരെ യുവജനങ്ങൾക്കായി പ്രാർത്ഥിക്കണമേ.

ആമ്മേൻ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

## 2 സർക്കുലർ

### മാർ ആൻഡ്രൂസ് താഴത്ത്

60/2024 C- 1
12.01.2024

### മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിലിന് തൃശ്ശൂർ അതിരൂപതയിൽ സ്വീകരണം

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീ, സഹോദരന്മാരേ,

നമുക്കേവർക്കും അറിയാവുന്നതുപോലെ 12 വർഷത്തോളം സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പായി അഭിവന്ദ്യ മാർ ജോർജ്ജ് കർദ്ദിനാൾ ആലഞ്ചേരി പിതാവ് ശുശ്രൂഷ ചെയ്യുകയായിരുന്നു. അദ്ദേഹം വിരമിച്ച സാഹചര്യത്തിൽ പുതിയൊരു മേജർ ആർച്ച്ബിഷപ്പിനായി സീറോ മലബാർ സഭ പ്രാർത്ഥനയോടെ കാത്തിരിക്കുകയായിരുന്നു. 2024 ജനുവരിയിലെ സിനഡിൽ നമ്മുടെ അതിരൂപതാം ഗംവും തൃശ്ശൂർ അതിരൂപത മുൻ സഹായ മെത്രാനും ഷംഷാബാദ് രൂപതയുടെ പ്രഥമ മെത്രാനുമായ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് മേജർ ആർച്ച്ബിഷപ്പായി തെരഞ്ഞെടുക്കപ്പെടുകയും 2024 ജനുവരി 11ന് സ്ഥാനാരോഹണം നടത്തുകയും ചെയ്തു. മാർ ജോർജ്ജ് ആലഞ്ചേരി പിതാവിലൂടെ നമ്മുടെ സഭയ്ക്ക് ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദിപറയുവാനും പുതുതായി സ്ഥാനമേറ്റ

അഭിവന്ദ്യ തട്ടിൽ പിതാവിന് പുതിയ ശുശ്രൂഷയ്ക്കാവശ്യമായ ദൈവാനുഗ്രഹങ്ങൾ ലഭിക്കാനും ഈയവസരത്തിൽ പ്രത്യേകം പ്രാർത്ഥിക്കാൻ സഭാമക്കളായ നമുക്ക് കടമയുണ്ട്.

സീറോ മലബാർ സഭയുടെ നാലാമത് മേജർ ആർച്ച്ബിഷപ്പായാണ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് സ്ഥാനമേറ്റിരിക്കുന്നത്. മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന് അദ്ദേഹത്തിന്റെ മാതൃരൂപതയായ തൃശ്ശൂർ അതിരൂപത 2024 ജനുവരി 14 ഞായറാഴ്ച സ്വീകരണം നൽകുന്നു. പ്രസ്തുത പരിപാടിയിലേക്ക് നിങ്ങളേവരേയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

2024 ജനുവരി 14 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്കയിൽ വച്ചാണ് സ്വീകരണ പരിപാടികൾ നടത്തുന്നത്. ഉച്ചകഴിഞ്ഞ് 3 മണിക്ക് മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിനെ സ്വീകരിച്ചാനയിക്കുന്നു. തുടർന്ന് അഭിവന്ദ്യപിതാക്കന്മാരുടെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതാബലിയും ശേഷം പൊതുസമ്മേളനവും നടത്തപ്പെടുന്നു. നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും സന്യസ്തരും വിശ്വാസി സമൂഹം മുഴുവനും പ്രസ്തുത പരിപാടിയിൽ പങ്കെടുത്ത് സീറോ മലബാർ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച് ബിഷപ്പിനോട് നമുക്കുള്ള സ്നേഹവും വിധേയത്വവും പ്രകടിപ്പിക്കാം.

മേജർ ആർച്ച്ബിഷപ്പായി ഉത്തരവാദിത്വമേറ്റെടുത്തിരിക്കുന്ന നമ്മുടെ സ്വന്തം തട്ടിൽ പിതാവിനെ തുടർന്നും പ്രാർത്ഥനയിൽ ഓർക്കാം. എല്ലാവിധ ദൈവാനുഗ്രഹങ്ങളും നന്മകളും പിതാവിന് ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപത*
*മെത്രാപ്പോലീത്ത*

# 3 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

111/2024 C- 2
18.01.2024

### ഫൊറോന കൗൺസിൽ, ഫൊറോന അനുരഞ്ജനസമിതി

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീ, സഹോദരന്മാരേ,

അതിരൂപത പാസ്റ്ററൽ കൗൺസിലിന്റെ നില വിലുള്ള നിയമാവലി 2014 മാർച്ച് 7ന് കല്പന നമ്പർ 646/2014 പ്രകാരമുള്ളതാണ്. പാസ്റ്ററൽ കൗൺ സിലിന്റെ പ്രവർത്തനങ്ങൾ, ഘടന എന്നിവയെ സംബന്ധിച്ച് അതിരൂപതയിലെ വിവിധ സമിതികളിൽ ചർച്ച ചെയ്തതിന്റെ വെളിച്ചത്തിൽ പാസ്റ്ററൽ കൗൺ സിൽ ഘടനയിൽ മാറ്റം വരുത്തുന്നതിന് നിർദ്ദേശമു ണ്ടായി. അപ്രകാരം 2023 സെപ്തംബർ 9ന് ചേർന്ന പാസ്റ്ററൽ കൗൺസിലിലെ ജനറൽ ബോഡി യോഗ ത്തിൽ പാസ്റ്ററൽ കൗൺസിൽ നിയമാവലി ഭേദഗതി വരുത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ടു. ഇടവകയിൽ നിന്ന് പാസ്റ്ററൽ കൗൺസിലിലേക്ക് നേരിട്ട് പ്രതിനിധികളെ അയക്കാതെ, 2008ന് മുമ്പുള്ള സമ്പ്രദായമനുസരിച്ച്, ഇടവകപ്രതിനിധികളെ ഫൊറോന കൗൺസിലിലേക്ക് അയക്കുകയും ഫൊ

റോന കൗൺസിലിൽ നിന്ന് പാസ്റ്ററൽ കൗൺസിലിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്യുന്ന രീതിയാണ് ഭേദഗതിയോടെ പ്രാബല്യത്തിൽ വരുന്നത്. പാസ്റ്ററൽ കൗൺസിൽ നിയമാവലിയിൽ ഭേദഗതി വരുന്നതോടൊപ്പം നിലവിലുള്ള ഫൊറോന കൗൺസിൽ നിയമാവലിയിലും ഭേദഗതി വരുന്നതാണ്. ഇതോടൊപ്പംതന്നെ 2007ൽ ഭേദഗതി ചെയ്യപ്പെട്ട ഫൊറോന അനുരഞ്ജനസമിതിയുടെ നിയമാവലിയിലും ഭേദഗതികൾ വരുന്നതാണ്. ഫൊറോന കൗൺസിലിന്റെ ഭേദഗതി വരുത്തിയ പുതിയ നിയമാവലിയും ഫൊറോന അനുരഞ്ജനസമിതിയുടെ ഭേദഗതി വരുത്തിയ പുതിയ നിയമാവലിയും ഈ സർക്കുലർ വഴി 2024 ഫെബ്രുവരി 1 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപത*
*മെത്രാപ്പോലീത്ത*

മരുഭൂമിയിലെ
പരീക്ഷ
**നിൻെറ ദൈവമായ
കർത്താവിനെ നീ
ആരാധിക്കണം; അവനെ
മാത്രമേ പൂജിക്കാവൂ.**
**(ലൂക്ക 4, 8)**

# കച്ചേരി വാർത്തകൾ

## 1. ഓർമിക്കേണ്ട ദിവസങ്ങൾ
## ഫെബ്രുവരി 2024

2 : ആദ്യവെള്ളി
ന. കർത്താവിന്റെ ദൈവാലയപ്രവേശനം
(പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ)
വി. എസ്തപ്പാനോസ്
ഗ്രീക്കുസഭാപിതാക്കന്മാർ
സുറിയാനി സഭാപിതാക്കന്മാർ
ഇടവക മധ്യസ്ഥന്റെ തിരുനാൾ
3 : വി. ജോൺ ബ്രിട്ടോ
4 : ദനഹാ അഞ്ചാം ഞായർ
10 : ലൂർദ്ദ് മാതാവ് (രോഗീദിനം) (ഫെബ്രുവരി 11)
11 : നോമ്പ് ഒന്നാം ഞായർ
12 : വലിയ നോമ്പാരംഭം (ഉപവാസദിനം)
വിഭൂതി
18 : നോമ്പ് രണ്ടാം ഞായർ
23 : വി. പൊലിക്കാർപ്പ്
24 : വാഴ്ത്തപ്പെട്ട സി. റാണി മരിയ (ഫെബ്രുവരി 25)
25 : നോമ്പ് മൂന്നാം ഞായർ

## 2. ഫെബ്രുവരി മാസത്തെ പരിപാടികൾ

7 : വൈദികസ്ഥലമാറ്റം
15 : വൈദികമാസധ്യാനം
19-20: യുവവൈദികർക്കുള്ള പരിശീലനപ്രോഗ്രാം (2019-2022)
22 : ആലോചനസമിതിയോഗം (10:30 am)
26 : സ്ഥലം മാറിയ വൈദികരുടെ യോഗം (10:00 am)

### 3. നോമ്പുകാലം

ഈശോയുടെ പരസ്യജീവിതത്തിന്റെ അവസാനത്തിലാണ് രക്ഷാകരകർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവും. ദനഹാക്കാലത്തിനും ഉയിർപ്പു തിരുനാളിനും ഇടയ്ക്കുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്നു. ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസമാണ് 'വലിയ നോമ്പ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലത്തിന്റെ അടിസ്ഥാനം. എങ്കിലും നാം സാധാരണയായി 'അമ്പതുനോമ്പ്' എന്നാണ് ഈ കാലത്തെ വിളിക്കുക. മാർത്തോമ്മാ ക്രിസ്ത്യനികൾ 'പേത്തുർത്താ' ഞായർ മുതൽ ഉയിർപ്പു തിരുനാൾവരെ നോമ്പ് നോക്കിയിരുന്നതാകാം 'അമ്പതുനോമ്പ്' എന്നു പറയാനുള്ള കാരണം. 'പേത്തുർത്താ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'അവസാനിപ്പിക്കൽ', 'തിരിഞ്ഞുനോക്കൽ' എന്നൊക്കെയാണ്. 'സുഭിക്ഷമായ ഭക്ഷണത്തിന്റെയും ആഘോഷങ്ങളുടെയും ദിനങ്ങളവസാനിച്ചു' എന്നാണ് ഈ പദം കൊണ്ട് ഉദ്ദേശിക്കുന്നത്.

നോമ്പുകാലം നാലാമത്തെ ആഴ്ചയിലെ ബുധനാഴ്ചയാണ് പാതിനോമ്പ് ആചരിക്കുന്നത്. ജീവിതത്തിലെ പോരായ്മകൾ പരിഹരിച്ചു ഈശോയുടെ പെസഹാരഹസ്യങ്ങളോട് താദാത്മ്യപ്പെടാനും നോമ്പിന്റെ ചൈതന്യത്തിൽ കൂടുതൽ നിഷ്ഠയോടെ ജീവിക്കാനും ഓർമ്മിപ്പിക്കുന്ന വേളയാണ് പാതിനോമ്പ് ബുധൻ.

ദ്രവ്യാസക്തി പാപകാരണമാകുന്നുവെന്നും ദൈവദാനമായ സമ്പത്ത് ശരിയായി വിനിയോഗിക്കണമെന്നും നമുക്കുള്ളവ മറ്റുള്ളവരുമായി പങ്കുവയ്ക്കണമെന്നും അങ്ങനെ മാനസാന്തരത്തിലൂടെ രക്ഷയുടെ അനുഭവം സ്വന്തമാക്കണമെന്നും ഈ കാലം നമ്മെ പഠിപ്പിക്കുന്നു. സർവ്വവും ഉപേക്ഷിച്ച് ഈശോയെ അനുഗമിച്ച ശ്ലീഹന്മാരെപ്പോലെ ദൈവത്തെ സമ്പത്തായി സ്വീകരിക്കുന്നവനാണ് യഥാർത്ഥശിഷ്യൻ എന്ന ഉൾക്കാഴ്ചയും ഈ കാലം നമുക്ക് നൽകുന്നുണ്ട്. മാനസാന്തരം, ധർമ്മദാനം, പ്രാർത്ഥന, ഉപവാസം എന്നിവയിലൂടെ ആർജ്ജിച്ചെടുക്കേണ്ട വിശുദ്ധി നോമ്പുകാലത്തെ പ്രഘോഷണവിഷയമാണ്. ശരീരത്തിന്റെ വിശുദ്ധി പ്രധാനമാണ്; അതിലുപരിയാണ് ഹൃദയവിശുദ്ധിയെന്ന് ഈ കാലം പഠിപ്പിക്കുന്നു.

ഇച്ഛിക്കാത്ത തിന്മ ചെയ്യാൻ ശരീരം നമ്മെ പ്രേരിപ്പിക്കുമ്പോൾ പാപം ചെയ്യാതെ ജീവിക്കുക എന്നത് വലിയ സഹനമാണ്. പുണ്യപൂർണ്ണതക്കുള്ള ഈ സഹനമാണ് നോമ്പുകാലം നമ്മോട് ആവശ്യപ്പെടുന്നത്. നമുക്കുണ്ടാകുന്ന സഹനങ്ങളും നാം ഏറ്റെടുക്കുന്ന ത്യാഗങ്ങളും വിശ്വാസവളർച്ചക്കും മിശിഹായോട് ഐക്യപ്പെടുന്നതി

നും സഹായകമാകുന്നു. മിശിഹായുടെ സഹനത്തോട് വിശ്വാസ പൂർവ്വം ചേർന്നു നില്ക്കുമ്പോഴാണ് ഉത്ഥാനാനുഭവത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുന്നതെന്ന് സഭ ഉദ്ബോധിപ്പിക്കുന്നു.

**4. മേജർ ആർച്ച്ബിഷപ്പിന് പ്രാർത്ഥനാശംസകൾ:**

സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന് തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാശംസകൾ.

**5. യുവവൈദികർക്കുള്ള തുടർപരിശീലനം:**

2019–2022 തിരുപ്പട്ടസ്വീകരണ ബാച്ചുകൾ

നമ്മുടെ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന യുവവൈദികരുടെ (2019–2022 ബാച്ചുകൾ) തുടർപരിശീലന പ്രോഗ്രാം 2024 ഫെബ്രുവരി 19 തിങ്കൾ രാവിലെ 9:30 മുതൽ 20 ചൊവ്വ വൈകിട്ട് 7 വരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് പറോക്കിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. Crisis Management in Priestly Life and Ministries എന്ന വിഷയത്തെ ആസ്പദമാക്കി യുവവൈദികരുടെ അജപാലന ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാക്കാൻ ഉതകുന്ന വിധത്തിലാണ് ഈ പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നത്. ബഹു. വൈദികർ മറ്റെല്ലാ ഉത്തരവാദിത്വങ്ങളും ക്രമീകരിച്ച് ഈ പ്രോഗ്രാമിലെ പങ്കാളിത്തം ഉറപ്പു വരുത്തുമല്ലോ.

2016–2018 തിരുപ്പട്ടസ്വീകരണ ബാച്ചുകൾ

നമ്മുടെ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന യുവവൈദികരുടെ (2016–2018 ബാച്ചുകൾ) തുടർപരിശീലന പ്രോഗ്രാം 2024 മാർച്ച് 11 തിങ്കൾ രാവിലെ 9:30 മുതൽ 12 ചൊവ്വ വൈകിട്ട് 7 വരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് പറോക്കിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. Decision Making Skills എന്ന വിഷയത്തെ കേന്ദ്രീകരിച്ച്യുവവൈദികരുടെ അജപാലന ശുശ്രൂഷയിലെ വൈവിധ്യമാർന്ന മേഖലകൾ ചർച്ച ചെയ്യാൻ ഈ പരിശീലന പ്രോഗ്രാം ലക്ഷ്യമിടുന്നു. ബഹു. വൈദികർ മറ്റെല്ലാ ഉത്തരവാദിത്വങ്ങളും ക്രമീകരിച്ച് ഈ പ്രോഗ്രാമിലെ പങ്കാളിത്തം ഉറപ്പു വരുത്തുമല്ലോ.

**6. വൈദികനിയമനം:**

1. ഫാ. ടോണി അരിമ്പൂർ – ചികിത്സാവധി; സാധുത 2023 ഡിസംബർ 4 മുതൽ.

2. ഫാ. തോമസ് വടക്കേത്തല – വികാരി–ഇൻ–ചാർജ്ജ് എളവള്ളി & പെരുവല്ലൂർ; സാധുത 2023 ഡിസംബർ 1 മുതൽ.

3. ഫാ. ജിമ്മി എടക്കുളത്തൂർ – ചിക്കാഗോ രൂപതയിൽ സേവനാനുമതി; അസി. ഡയറക്ടർ ജൂബിലി മിഷൻ & ഡയറക്ടർ നഴ്സസ്

ഗിൽഡ് ഒഴിവായി; സാധുത 2023 ഡിസംബർ 15 മുതൽ.

4. ഫാ. ജെറിൻ അരിമ്പൂർ – മെൽബൺ രൂപതയിൽ സേവനാനുമതി; വികാരി ചോറ്റുപാറ, പറോകിലെ ഉത്തരവാദിത്വം എന്നിവ ഒഴിവായി. സാധുത 2023 ഡിസംബർ 18 മുതൽ.

5. ഫാ. ട്രെജിൻ തട്ടിൽ – നടത്തുവികാരി ചോറ്റുപാറ കൂടി; സാധുത 2023 ഡിസംബർ 18 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

സക്കേവൂസിൻെറ
ഭവനത്തിൽ
**നഷ്ടപ്പെട്ടുപോയതിനെ**
**കണ്ടെത്തി രക്ഷിക്കാനാണ്**
**മനുഷ്യപുത്രൻ**
**വന്നിരിക്കുന്നത്.**
**(ലൂക്കാ 19, 10)**

# ENGAGEMENTS
## FEBRUARY 2024
### Mar Andrews Thazhath

| Date | Day | Time | Description |
|---|---|---|---|
| 01-07 | | | CBCI 36th Plenary Assembly at Bangalore |
| 08 | Thu | | Episcopal Silver Jubilee of Bishop Varghese Chakkalakkal at Kozhikode |
| 09 | Fri | Afternoon | Silver Jubilee Celebration of Holy Cross School Arthat |
| | | | Meeting with Theology Dean from Luvine University |
| 10 | Sat | Morning | Inauguration: Forum of Experts in Social Sciences at Marymatha Major Seminary |
| | | Afternoon | Theology Institute Award Day at DBCLC |
| | | | Golden Jubilee celebrations of Vettukad Parish |
| 11 | Sun | Evening | Golden Jubilee Celebration at Valakkavu |
| 12 | Mon | Morning | Ash Monday @ Lourdes Cathedral |
| | | Afternoon | Episcopal Consecration of Msgr. Justin Madathiparmbil at Vijayapuram Diocese |
| 13 | Tue | Evening | JMMC Trust Meeting |
| 15 | Thu | | Monthly recollection for Priests |
| 17 | Sat | Morning | Teachers Conference at DBCLC |
| 19-22 | | | FABC Meeting at Bangkok |
| 23 | Fri | Morning | Holy Mass at Spiritual Animation Centre, Amballur |
| 26 | Mon | Morning | Meeting of Priests concerned |

| | | | |
|---|---|---|---|
| 28 | Wed | Evening | by Transfer<br>Inauguration of Abba Bible Convention at Pudukad |

## ENGAGEMENTS

**FEBRUARY 2024**

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01-08 | | | CBCI |
| 09 | Mon | Morning | Holy Mass @ Animation Centre<br>Curia Meeting |
| 10 | Sat | Morning | Golden Jubilee H. Mass @ Cathedral |
| | | Evening | Theology Award Day @ DBCLC<br>Centenary Inauguration of St. Vincent De Paul Society @ Vellattanjoor |
| 11 | Sun | Afternoon | Online Certificate Course Of Trinity |
| | | Evening | Annual Day @ Pope Paul Mercy Home |
| 12 | Mon | Afternoon | Holy Mass @ Palayur |
| 13 | Tue | Morning | Holy Mass @ MMMS<br>Inauguration of Leadership Program of Madruvethi @ Family Apostolate |
| | | Evening | JMMC Trust Meeting |
| 14 | Wed | Afternoon | Annual Day & Centenary Inauguration of HCCGUPS Chirlayam |
| 15-18 | | | Pune |
| 19 | Mon | | Training Program of Asst. Priests |
| 20 | Tue | Morning | Curia Meeting |
| 21 | Wed | Afternoon | STC Trust Meeting |
| 28 | | | NBCLC |



# നാളാഗമം

## ഡിസംബർ 2023

1. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകുന്നേരം വെങ്ങിണിശ്ശേരി അൽവേർണീയ കോൺവെന്റിൽ ദിവ്യബലി അർപ്പിച്ചു.
2. തൃശ്ശൂർ ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് വിവാഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവരുടെ സംഗമത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ്, തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന ബഹുമാനപ്പെട്ട ഡീക്കന്മാരുടെ വീടുകൾ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സന്ദർശിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചൂണ്ടൽ ഇടവകയിൽ ദിവ്യബലി അർപ്പിച്ചു. അതിരൂപതാതല ക്രിസ് ഗോൾഡ് മീറ്റിങ്ങിൽ പങ്കെടുത്തു. മതബോധന വിദ്യാർത്ഥികളുടെ ധ്യാനത്തിന്റെ ലോഗോ പ്രകാശനം ചെയ്തു
3. അയ്യന്തോൾ ഇടവകയിൽ തൃശ്ശൂർ മേരിമാത മേജർ സെമിനാരിയുടെ നേതൃത്വത്തിൽ നടത്തുന്ന സ്നേഹോത്സവം അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. കുരിയച്ചിറ സെന്റ് പോൾസ് സ്കൂളിൽ വച്ച് ജീസസ് യൂത്ത് അംഗങ്ങളുടെ കുടുംബ സംഗമത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ

ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചേറൂർ ഇടവകയിൽ മേരിമാതാ മേജർ സെമിനാരിയുടെ സ്നേഹോത്സവത്തിൽ ദിവ്യബലി അർപ്പിച്ചു. ഉച്ചകഴിഞ്ഞ് മരത്താക്കര ഇടവകയിൽ യുവജന സംഗമത്തിൽ പങ്കെടുത്തു. വൈകുന്നേരം കൊട്ടേക്കാട് ഫൊറോനയുടെ ആഭിമുഖ്യത്തിൽ പേരാമംഗലം ഇടവകയിൽ വച്ച് നടന്ന ഫൊറോന യുവജന സംഗമത്തിൽ പങ്കെടുത്തു. രാത്രി വടൂക്കര ഇടവകയിൽ യുവജന സംഗമത്തിൽ പങ്കെടുത്തു.

04–06. കെ. സി. ബി. സി. മീറ്റിംഗിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

5. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കണ്ണംകുളങ്ങര ഇടവകയിൽ തിരുനാൾ കൊടിയേറ്റം നടത്തി ദിവ്യബലി അർപ്പിച്ചു. ഉച്ചയ്ക്ക് ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടന്ന ഡഫ് ആൻഡ് ഡം സംഗമത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതഗായക സംഘത്തിന്റെ ഇലക്ഷനിൽ പങ്കെടുത്തു. വൈകുന്നേരം കൂട്ടാല ഇടവകയിൽ ദേവാലയത്തിന്റെ മുഖവാരി വെഞ്ചിരിച്ച് ദിവ്യബലി അർപ്പിച്ചു.

07. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് രാവിലെ ജറുസലേം ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം എറണാകുളം-അങ്കമാലി ആർച്ച്ബിഷപ്പ്സ് ഹൗസിൽ വച്ച് അഭിവന്ദ്യ താഴത്ത് പിതാവ് എറണാകുളം – അങ്കമാലി അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ സ്ഥാനം അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവിന് കൈമാറി. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ചെന്ന് മേജർ ആർച്ച്ബിഷപ്പ് സ്ഥാനത്തുനിന്ന് വിരമിക്കുന്ന അഭിവന്ദ്യ ആലഞ്ചേരി പിതാവിനെ സന്ദർശിച്ച് നന്ദിയും കടപ്പാടും അറിയിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സമരിറ്റൻ പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലി അർപ്പിച്ചു. പുതുക്കാട് സെന്റ് ആന്റണീസ് സ്കൂളിലെ മാത്സ് ലാബ് വെഞ്ചിരിച്ചു.

08. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് രാവിലെ എഫ്. സി. സി. അസീസി പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ജൂബിലി മിഷൻ ആശുപത്രിയുടെ അഡ്വൈസറി ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. ഉച്ചതിരിഞ്ഞ് ചേറൂർ ഇടവകയിൽ സംഘടിപ്പിച്ച സ്നേഹോത്സവ സമാപനത്തിൽ വി. കുർബാന അർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം ചേറൂർ മൗണ്ട് കാൽവരി കോൺവെന്റിൽ നവീകരിച്ച ദേവാലയം വെഞ്ചിരിച്ച് ദിവ്യബലി അർപ്പിച്ചു.

അയ്യന്തോൾ ഇടവകയിൽ മേരിമാതാ സെമിനാരിയുടെ സ്നേഹോത്സവത്തിൽ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു.

09. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് രാവിലെ കുറുമാൽ ധ്യാന കേന്ദ്രത്തിൽ വച്ച് നടന്ന ഫ്രാൻസിസ്ക്കൻ അത്മായ സഭയുടെ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് തൃശ്ശൂർ ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അതിരൂപതാ യുവജനസംഗമത്തിന്റെ ഭാഗമായി സംഘടിപ്പിച്ച മത്സരങ്ങളുടെ വിജയികൾക്കുള്ള സമ്മാനദാനം നിർവഹിച്ചു. കോട്ടപ്പുറം രൂപതയുടെ നിയുക്ത മെത്രാൻ മോൺ. അംബ്രോസ് പുത്തൻവീട്ടിൽ പിതാവ് തൃശ്ശൂർ അതിരൂപതാ കേന്ദ്രത്തിലെത്തി അഭിവന്ദ്യ പിതാക്കന്മാരെ സന്ദർശിച്ചു. വൈകിട്ട്, ലോഫ് സംഘടനയുടെ ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീല ങ്കാവിൽ പിതാവ് പറപ്പൂർ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി. ഉച്ചകഴിഞ്ഞ് കത്തീഡ്രൽ ദേവാലയത്തിൽ നടന്ന യുവജന സംഗമത്തിൽ പങ്കെടുത്തു. അതിരൂപതലത്തിൽ അഞ്ചാം വിവാഹ വാർഷികം ആഘോഷിക്കുന്നവർക്ക് വേണ്ടി കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ദിവ്യബലി അർപ്പിച്ചു.

10. രാവിലെ, തൃശ്ശൂർ വ്യാകുലമാതാവിന്റെ ബസിലിക്കയിൽ ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ ഭാഗമായി സംഘടിപ്പിച്ച സെമിനാർ അഭിവന്ദ്യ പിതാക്കന്മാർ ഉദ്ഘാടനം ചെയ്യുകയും സംബന്ധിക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ്, വ്യാകുലമാതാവിന്റെ ബസിലിക്കയിൽ അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ആഘോഷമായ ദിവ്യകാരുണ്യപ്രദക്ഷിണം നടത്തുകയും ചെയ്തു.

11. വരാക്കര ഉണ്ണിമിശിഹാ ദേവാലയത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ കുർബാന അർപ്പിക്കുകയും ഇടവകയിൽനിന്നും പുതുതായി നിർമ്മിച്ചു നൽകുന്ന ഭവനത്തിന്റെ ആശീർവ്വാദം നടത്തുകയും ചെയ്തു. തുടർന്ന് മുണ്ടൂർ എം. എസ്. ടി. ആശ്രമത്തിൽ പുതുതായി നിർമ്മിച്ച കപ്പേള ആശീർവദിച്ചു. അതിനുശേഷം ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ സംഘടിപ്പിച്ച മാതൃവേദി അംഗങ്ങളുടെ മഹാസംഗമം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തണ്ടിലം ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി. അതിരൂപതലം മാതൃവേദി മഹാസംഗമത്തിൽ പങ്കെടുത്തു.

12. രാവിലെ, അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് മൈനർ സെമിനാരി

യിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് സെൻറ് തോമസ് കോളേജിൽ കോളേജ് ഡേ ആഘോഷത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് വൈദികസമിതി യോഗത്തിലും വൈകിട്ട് സാമ്പത്തികസമിതി യോഗത്തിലും അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചു.അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സെന്റ് തോമസ് കോളേജ് ഡെയിൽ പങ്കെടുത്തു.

13. അഭിവന്ദ്യ താഴത്ത് പിതാവിന്റെയും തൂങ്കുഴി പിതാവിന്റെയും ജന്മദിനത്തിൽ രാവിലെ പെരിങ്ങണ്ടൂർ ഗ്രേസ് ഹോമിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു. അഭിവന്ദ്യ തൂങ്കുഴി പിതാവിന് ആശംസകളുമായി അഭിവന്ദ്യ പിതാക്കന്മാർ മൈനർ സെമിനാരിയിലെത്തി.തുടർന്ന് കിരാലൂർ ഇടവകയിൽ ബോൺ നത്താലെ ആഘോഷത്തിന്റെ ഭാഗമായി നിർമ്മിച്ചു നൽകുന്ന ഭവനത്തിന്റെ തറക്കല്ലിടൽ ആൻഡ്രൂസ് പിതാവ് നിർവ്വഹിച്ചു. ഉച്ചതിരിഞ്ഞ്, മാർത്തോമാ സഭയിലെ പുതുതായി അഭിഷിക്തരായ മൂന്ന് മെത്രാന്മാരെ തൃശ്ശൂർ കിഴക്കേകോട്ടയിലെ മാർത്തോമാ പള്ളിയിൽ സ്വീകരിച്ചപ്പോൾ അഭിവന്ദ്യ പിതാക്കന്മാർ ആശംസകൾ അർപ്പിച്ചു. പെരിങ്ങണ്ടൂർ മേഴ്സി ഹോമിൽ അഭിവന്ദ്യ പിതാക്കന്മാരുടെ ജന്മദിനവും അന്തേവാസികളുടെ ജന്മദിനവും ആൻഡ്രൂസ് പിതാവിന്റെ സാനിധ്യത്തിൽ സംയുക്തമായി ആഘോഷിച്ചു. വൈകിട്ട് അതിരൂപത കേന്ദ്രത്തിൽ വച്ച് ബോൺ നത്താലെ കമ്മിറ്റിയുടെ നേതൃത്വത്തിൽ അഭിവന്ദ്യ പിതാക്കന്മാരുടെ ജന്മദിനം 'കാരുണ്യ ദിനമായി ആഘോഷിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് സി.ബി.സി.ഐ. യുടെ ആഭിമുഖ്യ ത്തിൽ ഡൽഹിയിൽ വച്ച് സംഘടിപ്പിച്ച ക്രിസ്മസ് ആഘോഷ ത്തിൽ പങ്കെടുത്തു.അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പേരകം ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി.

16. കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന 'അതിജീവനയാത്ര' തൃശ്ശൂരിലെത്തിയപ്പോൾ കിഴക്കേ കോട്ടയിൽ വച്ച് അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സ്വീകരിക്കുകയും, സന്ദേശം നൽകുകയും ചെയ്തു. വിവാഹത്തിന്റെ രജത ജൂബിലി ആഘോ ഷിക്കുന്ന ദമ്പതികൾക്ക് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ വച്ച് സ്വീകരണം നൽകിയപ്പോൾ അഭിവന്ദ്യ പിതാവ് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. തൃശ്ശൂർ അതിരൂപതയ്ക്കു വേണ്ടി പൗരോഹിത്യം സ്വീകരിക്കുന്ന ബഹുമാനപ്പെട്ട ഡീക്കന്മാ രുടെ വീടുകളിൽ അഭിവന്ദ്യ താഴത്ത് പിതാവ് സന്ദർശനം

നടത്തി.

17. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് നെൻമണിക്കര ഇടവകയിൽ നവീകരിച്ച ദേവാലയത്തിന്റെയും പുതിയ ബലിപീഠത്തിന്റെയും ആശീർവാദകർമ്മം നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം, ബൈബിൾ പ്രേഷിതത്വം ദിനാഘോഷങ്ങളിൽ പങ്കെടുത്ത് അവാർഡുകൾ വിതരണം ചെയ്തു. അതിനുശേഷം വിവാഹത്തിന്റെ പത്താം വാർഷികം ആഘോഷിക്കുന്ന ദമ്പതികൾക്കായി ഒരു സംഗമം തൃശ്ശൂർ വ്യാകുല മാതാവിന്റെ ബസിലിക്കയിൽ സംഘടിപ്പിച്ചപ്പോൾ സന്ദേശം നൽകി. വൈകിട്ട് തൃശ്ശൂർ മർത്ത് മറിയം വലിയ പള്ളിയിൽ എക്യുമിനിക്കൽ ഗ്രൂപ്പിന്റെ ക്രിസ്തുമസ് ആഘോഷ ങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഏനമ്മാവ് ഇടവകയിൽ ദിവ്യബലി അർപ്പിച്ചു. ഫാമിലി അപ്പോസ്തേലേറ്റിൽ വച്ച് നവദമ്പതികളുടെ സംഗമ ത്തിൽ പങ്കെടുത്തു. ബൈബിൾ പ്രേഷിതത്വം അവാർഡ് ദിന ത്തിൽ പങ്കെടുത്തു. അമ്മാടം ഇടവകയിൽ വച്ച് നടന്ന അതിരൂ പത സീനിയർ സി. എൽ. സി സംഗമത്തിൽ പങ്കെടുത്തു.

18. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് അതിരൂപത കേന്ദ്രത്തിൽ വച്ച് ദിവ്യകാരുണ്യ കോൺഗ്രസ് സമാപന സമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകുന്നേരം ചെന്നായിപ്പാറ ആശ്രമത്തിൽ വെച്ച് ബഹു. ഫാ. ജോർജ് കുറ്റിക്കലിന്റെ അനുസ്മരണ ദിവ്യബലി അർപ്പിച്ചു.

19. അഭിവന്ദ്യ ജോൺ മേനാച്ചേരി പിതാവിന്റെ ചരമവാർഷികത്തിൽ പിതാവ് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു. അതിനുശേഷം അതിരൂപതാ കേന്ദ്രത്തിൽ വച്ച് ആലോചനസമിതി യോഗത്തിൽ പങ്കെടുത്തു. ഉച്ചയ്ക്കു ശേഷം കുണ്ടുകാട് ഇടവകയിൽ വച്ച് മാതൃവേദിയുടെ ആഭിമുഖ്യ ത്തിൽ നിർമ്മിച്ചുകൊടുക്കുന്ന ഭവനവും, തൃശ്ശൂർ അതിരൂപത യുടെ സാന്ത്വനം നിർമ്മിച്ചുകൊടുക്കുന്ന ഭവനവും ആശീർവദിച്ചു. വൈകിട്ട് ജൂബിലി ട്രസ്റ്റ് മീറ്റിംഗ് അഭിവന്ദ്യ പിതാക്കന്മാരുടെ സാനിധ്യത്തിൽ നടന്നു.

20. അരിമ്പൂർ ഇടവകയിലെ പൂപ്പാടി മേജോ – സോണിയ ദമ്പതിക ളുടെ ആറാമത്തെ കുട്ടിയ്ക്ക് അഭിവന്ദ്യ താഴത്ത് പിതാവ് മാമോദിസ നൽകി. ബഹുമാനപ്പെട്ട റാഫി തട്ടിൽ അച്ചന്റെ പിതാവിന്റെ നിര്യാണത്തിൽ അഭിവന്ദ്യ പിതാക്കന്മാർ അനുശോ ചിക്കുകയും പാലക്കലിലുള്ള ഭവനത്തിൽ എത്തി പ്രാർത്ഥിക്കു കയും ചെയ്തു. തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിക്കുന്ന ബഹുമാനപ്പെട്ട ഡീക്കന്മാരുടെയും അവരുടെ

മാതാപിതാക്കളുടെയും യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്ത് സംസാരിച്ചു. തൃശ്ശൂർ വ്യാകുലമാതാവിന്റെ ബസിലിക്കയിൽ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സെന്റ് പോൾ ഗുരുകുലത്തിൽ സെമിനാരി വിദ്യാർഥികളെ സന്ദർശിച്ച് ദിവ്യബ ലി അർപ്പിച്ചു.

21. സീറോ മലബാർ സഭ സ്ഥാപിതമായതിന്റെ ശതാബ്ദി ആഘോ ഷങ്ങളുടെ ഭാഗമായി തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ പിതാക്കന്മാർ വിശുദ്ധ കുർബാന അർപ്പിച്ചു. ഭരത ഇടവകയിലുള്ള സ്നേഹാശ്രമത്തിൽ സംഘടിപ്പിച്ച ക്രിസ്മസ് ആഘോഷങ്ങളിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സംബന്ധിച്ചു. ഉച്ചയ്ക്ക് ശേഷം കാക്കനാടുള്ള മൗണ്ട് സെൻറ് തോമസിൽ വച്ച് നടന്ന സീറോ മലബാർ സഭ സ്ഥാപിതമായതിന്റെ ശതാബ്ദി ആഘോഷ പരിപാടിയിൽ അഭിവന്ദ്യ പിതാക്കന്മാർ സംബ ന്ധിച്ചു.

22. ഉച്ചതിരിഞ്ഞ് തൃശ്ശൂരിലുള്ള വിയ്യൂർ സെന്റർ ജയിലിൽ അഭിവന്ദ്യ താഴത്ത് പിതാവ് തടവുകാരെ സന്ദർശിച്ച് ക്രിസ്തുമസ് സന്ദേശം നൽകുകയും മധുരം പങ്കുവയ്ക്കുകയും ചെയ്തു.അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് താന്ന്യം ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി.

23. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പാലയൂർ മേജർ ആക്കിഎപ്പിസ് കോപ്പൽ ദൈവാലയത്തിൽ പൈനാടത്ത് ജോസഫ് ചെറിയ – റോസ് ദമ്പതികളുടെ നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. തുടർന്ന് തൃശ്ശൂർ അതിരൂപതയുടെ സാന്ത്വനം മറ്റം ഇടവകയിൽ പുതുതായി നിർമ്മിച്ചു നൽകുന്ന ഭവനങ്ങളുടെ വെഞ്ചിരിപ്പ് നിർവഹിച്ചു. ബോൺ നത്താലെ ആഘോഷങ്ങളുടെ ഭാഗമായി അതിരൂപതകേന്ദ്രത്തിൽ വച്ച് അഭിവന്ദ്യ പിതാക്കന്മാ രുടെ സാന്നിധ്യത്തിൽ പത്രസമ്മേളനം നടത്തി. തുടർന്ന് പെരിങ്ങണ്ടൂർ ജോൺപോൾ പീസ് ഹോമിൽ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു. തുടർന്ന് തൃശ്ശൂർ അതിരൂപത കേന്ദ്രത്തിൽ അയൽക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് ക്രിസ്മസ് ആഘോഷങ്ങൾ നടന്നു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കാരമുക്ക് ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.

24. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് രാവിലെ തൃശ്ശൂർ മഡോണന ഗർ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും, ഇടവക ക്കാർ നിർമ്മിച്ചു നൽകുന്ന 'ജീവനുള്ള പുൽക്കൂട്' (പുതിയ

ഭവനം) ആശീർവ്വദിക്കുകയും ചെയ്തു. തൃശ്ശൂർ ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി പാതിരാകുർബാന അഭിവന്ദ്യ താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ അർപ്പിച്ചു.അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ ദിവ്യബലിയർപ്പിച്ചു.

25. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പുത്തൻ പള്ളിയിൽ ക്രിസ്തുമസ് പാതിരാ കുർബാന അർപ്പിച്ചു. വിയ്യൂർ സെൻട്രൽ ജയിലിൽ ദിവ്യബലി അർപ്പിച്ചു. കരുണയുടെ ദൂതന്മാരോടൊപ്പം മെഡിക്കൽ കോളേജിൽ 'ക്ഷണവിതരണം നടത്തി.

26. രാവിലെ, മരിയാപുരം ഇടവകയിൽ ബഹുമാനപ്പെട്ട ഡീക്കൻ ഡിന്റോ വല്ലച്ചിറക്കാരന് അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പൗരോഹിത്യം നൽകി. ഉച്ചകഴിഞ്ഞ് ബോൺ നത്താലെ ആഘോഷങ്ങളുടെ ഭാഗമായി ഒരുക്കങ്ങൾ കാണാൻ അഭിവന്ദ്യ പിതാക്കന്മാർ പോയി. ഖഡ്ക്കി രൂപതയുടെ നിയുക്ത മെത്രാൻ മത്തായി കടവിൽ പിതാവ് അതിരൂപത കേന്ദ്രം സന്ദർശിച്ചു.അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കോട്ടപ്പടി ഇടവകയിൽ വച്ച് ഡീ. ക്രിസ്റ്റോ ചുങ്കത്തിൻ സി. എം. ഐ-ക്ക് തിരുപ്പട്ടം നൽകി.

27. രാവിലെ, വേലൂർ ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ഡീക്കൻ ഫ്രാൻസിസ് പുത്തൂക്കര, താഴത്ത് പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് തൃശൂർ നഗരത്തിൽ ബോൺ നത്താലെ ആഘോഷങ്ങളുടെ ഭാഗമായി ഘോഷയാത്ര നടന്നു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ആമ്പക്കാട് ഇടവകയിൽ വെച്ച് ഡീ. ജിയോ ആലപ്പാട്ടിന് തിരുപ്പട്ടം നൽകി.

28. രാവിലെ, പാവറട്ടി ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ഡിക്കന്മാർ ജോയൽ ചിറമേൽ സി.എം.ഐ., വിനു പോന്നോർ എം.എസ്.എഫ്.എസ്. എന്നിവർ അഭിവന്ദ്യ താഴത്ത് പിതാവിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് കുണ്ടന്നൂർ ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ഡീക്കൻ ബിജോയ് പൊൻപറമ്പിലിന് ആൻഡ്രൂസ് പിതാവ് പൗരോഹിത്യം നൽകി. വൈകിട്ട്, മണ്ണുത്തി ഡോൺ ബോസ്കോ സ്കൂളിൽ വെച്ച് മതബോധന വിദ്യാർത്ഥികൾക്കായുള്ള യുവജനധ്യാനം ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ നെന്മണിക്കര ഇടവകയിൽ വെച്ച് ഡീ. നിതിൻ പൊന്നാരിക്ക് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് തിരൂർ ഇടവകയിൽ വെച്ച് ഡീ. ഷിജോ ചൊവ്വല്ലൂർ സി. എം. ഐ ക്ക് തിരുപ്പട്ടം


നൽകി.

29. തലോർ ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ഡീക്കൻ പ്രജോവ് വടക്കേത്തല താഴത്ത് പിതാവിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചു. ഉച്ചതിരിഞ്ഞ് ചൂണ്ടൽ ഇടവകയിൽ വച്ച് ബഹുമാന പ്പെട്ട ഡീക്കൻ ആൽബിൻ ചൂണ്ടലിന് ആൻഡ്രൂസ് പിതാവ് പൗരോഹിത്യം നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കോനിക്കര ഇടവകയിൽ വെച്ച് ഡീ. ക്രിസ്റ്റോ തേക്കാനത്തിന് തിരുപ്പട്ടം നൽകി. വൈകുന്നേരം തൊറവ് ഇടവകയിൽ മുഖവാരി വെഞ്ചിരിച്ച് ദിവ്യബലി അർപ്പിച്ചു.

30. രാവിലെ, കുണ്ടുകാട് ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ഡീക്കൻ ജെയ്സൺ പഴയേടത്ത് ആൻഡ്രൂസ് പിതാവിന്റെ കൈവയ്പ്പു വഴി പൗരോഹിത്യം സ്വീകരിച്ചു. ബഹുമാനപ്പെട്ട ഫാ. ഷാജു പല്ലിശ്ശേരിയുടെ പൗരോഹിത്യ ജൂബിലി ആഘോഷങ്ങൾ അമ്മാടം ഇടവകയിൽ വച്ച് നടന്നപ്പോൾ താഴത്ത് പിതാവ് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഉച്ചകഴിഞ്ഞ്, പാലക്കൽ ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ഡീക്കൻ ജലീഷ് എലുവ ത്തിങ്കൽ സി. എം. ഐ. യ്ക്ക് ആൻഡ്രൂസ് പിതാവ് പൗരോഹിത്യം നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഒരുമനയൂർ ഇടവകയിൽ വെച്ച് ഡീ. ജിജോ എടക്കളത്തൂരിന് തിരുപ്പട്ടം നൽകി. വൈകുന്നേരം മതബോധന വിദ്യാർത്ഥികളുടെ ധ്യാനത്തിന് സമാപന സന്ദേശം നൽകി.

31. പൊന്നൂക്കര ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ഡീക്കൻ ജിന്റോ ചിറമേൽ സി.എം.ഐ. അഭിവന്ദ്യ താഴത്ത് പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. സി. എൽ. സി. സംഘടനയിലെ പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് യോഗത്തിൽ അഭിവന്ദ്യ പിതാവ് സംബന്ധിച്ച് ആശംസകൾ അർപ്പിച്ചു. തൃശൂർ വ്യാകുല മാതാവിൻ ബസിലിക്കയിൽ, വൈദികരുടെയും സമർപ്പിതരുടെയും മാതാപിതാക്കളുടെ സംഗമത്തിൽ അഭിവന്ദ്യ പിതാക്കന്മാർ സന്ദേശം നൽകി. വാടാനപ്പിള്ളി ഇടവകയുടെ 125-ാം വാർഷികാഘോഷങ്ങൾ അഭിവന്ദ്യ താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. ലോഫ് സംഘടനയുടെ സ്ഥാപക ദിനമായ തിരു കുടുംബ തിരുനാൾ ദിനത്തിൽ സംഘടിപ്പിച്ച 'ഫാമിലി ഈവ്' ആഘോഷങ്ങളിൽ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു.

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



ജനുവരി മാസത്തെ രണ്ടാം ശനിയാചരണം 13.01 2024 -ൽ ചൊവ്വന്നൂർ സെന്റ് തോമസ് ദൈവാലയത്തിൽവെച്ച് ആചരിച്ചു. ചൊവ്വന്നൂർ ഇടവക മുൻവികാരിയും തൃശ്ശൂർ അതിരൂപതാ സ്പിരിച്ച്വൽ ആനിമേഷൻ സെന്ററിന്റെ ഡയറക്ടറുമായ ബഹു. ഫാ. ജോജോ എടത്തുരുത്തി അച്ചനാണ് തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മിത്വം വഹിച്ചത്. ഇഞ്ചക്കുണ്ടിലെ ചാരിറ്റി സിസ്റ്റേഴ്സായിരുന്നു ജപമാലയ്ക്കും ആരാധനക്കും നേതൃത്വം നല്കിയത്. ഇഞ്ചക്കുണ്ട് ഇടവകയിൽനിന്നുള്ള വിശ്വാസി സമൂഹത്തിന്റെ സാന്നിധ്യവും ആദ്യവസാനം ഉണ്ടായിരുന്നു. ചൊവ്വന്നൂരിലെ കിടങ്ങൻ ഷാജു ജാക്സൻ & ഫാമിലിയാണ് ഈ മാസത്തെ തിരുകർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത്:

ഊക്കനച്ചന്റെ നോമ്പുകാലചിന്തകൾ - പശ്ചാത്താപത്തിന്റെയും എളിമയുടെയും വികാരവിചാരങ്ങൾ ഈ നോമ്പു


കാലത്ത് നിന്നിലുളവാക്കാൻ പ്രാർത്ഥിക്കുക.

മനുഷ്യാ നീ ഓർക്കുക - പിതാവായ ദൈവം നീതിമാനായ വിധികർത്താവാണ്. ദൈവത്തെപ്പോലെയാകുവാൻ ആഗ്രഹിച്ച മനുഷ്യന്റെ അഹംഭാവം എത്ര വലുതാണ്. അതിന് ആനുപാതിക മായി ദൈവം അവനെ എളിമപ്പെടുത്തി. മനുഷ്യാ നീ പൊടിയാ കുന്നു. പൊടിയിലേക്കുതന്നെ നീ പിന്തിരിയും. ദൈവമേ, എന്നെ വിനയം അഭ്യസിപ്പിക്കണമേ.

എന്നെ സ്നേഹിക്കുന്നതിനായി സ്വയം സമർപ്പിച്ച ദൈവത്തെ ഞാൻ തന്നെ വേദനിപ്പിച്ചു, പീഡിപ്പിച്ചു. ദൈവമെ, എന്നിൽ പശ്ചാത്താപം ജനിപ്പിക്കുക; എല്ലാ പാപങ്ങളും കഴുകി കളയുന്ന തിന് എനിക്ക് രക്തക്കണ്ണീർ നല്കുക. ദൈവമേ, എന്നോടു കരുണ തോന്നണമെ.

കുരിശ് നമ്മുടെ പടച്ചട്ടയാണ്. ഈ അടയളം ധരിച്ചാൽ നീ വിജയം വരിക്കും. നമ്മുടെ പ്രത്യാശയാണത്. പാപകൂപത്തിൽ നിന്നും കയറിവരുന്നതിനുള്ള ഗോവണിയാണത്. ദിവ്യമായ കുരിശേ ഞാൻ നന്ദി പറയുന്നു. ഞാൻ ദു:ഖിതനാകുമ്പോൾ കുരിശിൽനിന്നു എനിക്ക് ധൈര്യം ലഭിക്കട്ടെ. എന്റെ ഹൃദയത്തിൽ ഒരു കുരിശ് സ്ഥാപിച്ച് ഞാനതിനെ പോഷിപ്പിക്കട്ടെ. അങ്ങയോടുള്ള സ്നേഹ ത്തെപ്രതി കുരിശിൽ വലിയൊരു പങ്ക് എനിക്കുണ്ടാകട്ടെ.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



വി. കുർബാനയെയും ദൈവികസ്നേഹത്തെയും സംബന്ധിച്ച് അച്ചൻ നൽകുന്ന വിചിന്തനങ്ങൾ നമുക്കു ശ്രവിക്കാം.

കളിമണ്ണിൽ നിന്ന് ആദം സൃഷ്ടിക്കപ്പെട്ടു. മറിയത്തിന്റെ പുതിയതും നിർമ്മലവുമായ ആത്മാവിൽനിന്ന് പരിശുദ്ധാത്മാവിനാൽ പുതിയ ആദം ജനിച്ചു. തലമുറകൾ വഴി, മനുഷ്യരൂപത്തിൽ ജനിക്കുന്നതുവഴി മനുഷ്യൻ പാപം ചെയ്യുന്നു. ആദത്തിന്റെ പിൻതലമുറയിൽ പെടുന്നു. അതിനാൽ വിശുദ്ധ കുർബാന വഴിയായി പുതിയ ആദത്തെ നിവേശിപ്പിക്കണമെന്ന് അച്ചൻ ഉദ്ബോധിപ്പിക്കുന്നു. അതിനു കാരണമായി അച്ചൻ തിരുവചനം ഉദ്ധരിക്കുന്നു. 'മാംസമോ രക്തമോ ദൈവരാജ്യം സ്വന്തമാക്കുകയില്ല; കരസ്ഥമാക്കുകയില്ല' (1 കൊറി. 15:50).

വി. കുർബാനയെന്ന രഹസ്യത്തെയും അതിൽ നിറയു

ന്ന ദൈവികസ്നേഹത്തെയും അച്ചൻ ധ്യാനിക്കുന്നു. ‘കിരീടങ്ങൾ താഴ്ത്തി ’പരിശുദ്ധൻ പരിശുദ്ധൻ’ എന്ന് നിത്യമായി സ്തുതിച്ചു കൊണ്ടിരിക്കുന്ന മാലാഖമാർ ദൈവപുത്രനെ ആരാധിക്കുന്നു. മാലാഖമാർക്ക് അല്പം താഴെയായി മനുഷ്യനെ സൃഷ്ടിക്കുകയും പറുദീസായിൽ വെച്ച് ആദത്തോടു സംഭാഷിക്കുകയും പ്രവാചക രിലൂടെ സംസാരിക്കുകയും ജനത്തെ ഈജിപ്തിൽ നിന്ന് കൊണ്ടു വരികയും പത്ത് അത്ഭുതങ്ങൾ ചെയ്യുകയും അഗ്നിയായും മേഘ സ്തംഭമായും പരിത്യക്തമായ, തണുപ്പുള്ള തൊഴുത്തിൽ മനുഷ്യ രൂപം ധരിച്ച് സ്വയം ശൂന്യമാക്കുകയും ചെയ്ത അതേ സ്നേഹം. തണുപ്പും ചൂടും, ഉപേക്ഷിക്കലും ദാഹവും പട്ടിണിയും, രക്തം വിയർക്കലും ചതിയും ചാട്ടവാറടിയും മുൾമുടി ധരിപ്പിക്കലും ഭാരമേ റിയ കുരിശും ക്രൂരമായ കുരിശുമരണവും കടുത്ത ദാഹവും ഹൃദയം തുറക്കലും അവസാനവേദനകളും മരണവും അതേ സ്നേഹത്താൽ അവിടുന്ന് സഹിച്ചു. ഇനിയും എത്രയോ ഉണ്ട്? ഇവിടെയെല്ലാം അവിടുന്ന് സ്വയം ശൂന്യനാക്കി. എന്നാൽ വിശുദ്ധ കുർബാനയിൽ അവിടുന്ന് സ്വയം ഇല്ലാതാക്കി‘.

ദൈവസ്നേഹത്തിന്റെ പാരമ്യമായ വിശുദ്ധ കുർബ്ബാനയുടെ വലിയ ഭക്തനായിരുന്നു അന്തോണിയച്ചൻ. അച്ചന്റെ വാക്കുകൾ നമ്മുടെ ജീവിതത്തെ നയിക്കട്ടെ.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




| | |
|---|---|
| ഫാ. തോമസ് ചക്കുംപീടിക | 01 |
| ഫാ. ആന്റണി കുരുതുകുളങ്ങര | 02 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 02 |
| ഫാ. തോമസ് ഊക്കൻ | 02 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 07 |
| ഫാ. സിജു പുളിക്കൻ | 09 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ Jr. | 09 |
| ഫാ. നോബിൾ പെട്ടയിൽ | 10 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 11 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 12 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 12 |
| ഫാ. ജോവി കുണ്ടുകുളങ്ങര | 13 |
| ഫാ. സാജൻ വടക്കൻ | 13 |
| ഫാ. ജോർജ്ജ് വടക്കേത്തല | 13 |
| ഫാ. പോൾ ആലപ്പാട്ട് | 14 |
| ഫാ. സിറിയക് ചാലിശ്ശേരി | 14 |
| ഫാ. ഗോഡ്വിൻ കിഴക്കൂടൻ | 14 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ Sr. | 15 |
| ഫാ. പോൾ അറക്കൽ | 16 |
| ഫാ. സജീവ് ഇമ്മട്ടി | 17 |
| ഫാ. അജിത്ത് കൊള്ളന്നൂർ | 19 |
| ഫാ. വർഗ്ഗീസ് കൂത്തൂർ | 19 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 19 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 21 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 21 |
| ഫാ. നിക്കോളസ് പൊറത്തൂർ | 21 |
| ഫാ. ജോയ് പുത്തൂർ | 22 |
| ഫാ. ജോസ് കോനിക്കര Jr. | 25 |
| ഫാ. സിജോ മുരിങ്ങാത്തേരി | 25 |
| ഫാ. അനു ചാലിൽ | 27 |
| ഫാ. ജോജോ എടത്തിരുത്തി | 28 |




ഫാ. ജോവി കുണ്ടുകുളങ്ങര 13

## ചരമദിനങ്ങൾ

# DEATH DAY

| | |
|---|---|
| ഫാ. കോട്ടക്കൽ പൗലോസ് | 20.02.1892 |
| ഫാ. ചിറമ്മൽ മാത്യു | 02.02.1913 |
| ഫാ. ചക്കാലമറ്റം ആന്റണി | 18.02.1928 |
| ഫാ. മാളിയേക്കൽ ജോസഫ് | 06.02.1950 |
| ഫാ. കൈയാലകം ജോസഫ് | 03.02.1951 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് Jr. | 23.02.1952 |
| ഫാ. കന്നുംകോടത്ത് ആന്റണി | 12.02.1958 |
| ഫാ. അക്കര ജോർജ്ജ് | 21.02.1959 |
| ഫാ. അക്കര ആന്റണി ഖ്യ. | 07.02.1971 |
| ഫാ. പുല്ലോക്കാരൻ ആന്റണി | 08.02.1972 |
| ഫാ. എളങ്കുന്നപ്പുഴ ജോർജ്ജ് | 22.02.1976 |
| ഫാ. ചെറയത്ത് ജോൺ | 17.02.1982 |
| ഫാ. കള്ളിയത്ത് ജോസഫ് | 02.02.1983 |
| ഫാ. എളങ്കുന്നപ്പുഴ ജോസഫ് | 12.02.1992 |
| ഫാ. അക്കരപ്പറ്റി ജോൺ | 16.02.1999 |
| ഫാ. വേഴപറമ്പിൽ ജോസ് | 28.02.2006 |
| ഫാ. മേച്ചേരി പോൾ | 12.02.2011 |
| ഫാ. മഞ്ഞളി ജോർജ്ജ് | 07.02.2014 |
| ഫാ. ചെറയത്ത് ആന്റണി | 19.02.2015 |
| ഫാ. പുളിക്കൻ ജോസഫ് | 15.02.2021 |
| ഫാ. കരിപ്പേരി ഫ്രാൻസിസ് | 25.02.2021 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ
### ഡിസംബർ 2023

**സി.എം.സി.**

2000 –2009 വരെയുള്ള ബാച്ചിലെ സിസ്റ്റേഴ്സിന്റെ ഗാതറിംങിൽ റവ. ഫാ. ജോഷി കണ്ണമ്പുഴ MCBS, റവ. ഫാ. ജിനോ എന്നിവർ motivation ക്ലാസ് നൽകി. ഡിസം. 2 ന് ഫോർമേഷൻ ടീമിന്റെ മീറ്റിംഗ് നടത്തി. ഒന്നാം വർഷ ജൂനിയർ സിസ്റ്റേഴ്സിന്റെ 2 ദിവസത്തെ ഗാതറിംങ് തൃശൂർ സെന്റ് മേരീസ് കോൺവെന്റിൽ വെച്ച് നടത്തി. കോലഴിയിൽ വെച്ച് സുപ്പീരിയേഴ്സും ലോക്കൽ കൗൺസിലേഴ്സും ഒരുമിച്ചുള്ള മീറ്റിംഗിൽ റവ. ഫാ. വിൻസെന്റ് ആലപ്പാട്ട് ക്ലാസിന് നേതൃത്വം നൽകി. ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ് ലിൻ കല്യാൺ നിർമ്മലോദയ മിഷനിലെ നമ്മുടെ 5 ഭവനങ്ങളിലും കാനോനിക സന്ദർശനം നടത്തി. ഡിസംബർ 10ന് അതിരൂപ താതലത്തിൽ നടത്തിയ ദിവ്യകാരുണ്യ കോൺഗ്രസിനു ഒരുക്കമാ യുള്ള ദിവ്യകാരുണ്യസെമിനാറിലും ദിവ്യകാരുണ്യപ്രദക്ഷിണത്തിലും ധാരാളം സി എം സി സിസ്റ്റേഴ്സ് പങ്കെടുത്തു. ഡിസംബർ 16 ന് സി.എം.സി. അസോസിയേറ്റ്സ്, കെയ്റോസ്, ഉജ്ജീവനം എന്നീ ഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് (450 പേർ) തൃശ്ശൂർ സെന്റ് മേരിസ് കോളേജിൽ വെച്ച് വിശ്വാസരൂപീകരണ കൗൺസിലർ സി. റാണി ജോർജിന്റെ നേതൃത്വത്തിൽ ഒരു ദിവസത്തെ സെമിനാർ നടത്തി. ചെന്നായ്പാറ ഡയറക്ടർ റവ ഫാ. ജോഷി കണ്ണമ്പുഴ ഇവർക്ക് മോട്ടിവേഷൻ ക്ലാസ് നൽകി. സീറോമലബാർസഭ ഹയരാർക്കി സ്ഥാപിതമായതിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് ലൂർദ് കത്തീഡ്രലിൽ അർപ്പിച്ച ദിവ്യബലിയിൽ പ്രൊവിൻഷ്യൽ ടീമും സിസ്റ്റേഴ്സും സംബന്ധിച്ചു. ഡിസംബർ 17 മുതൽ പുതിയ മേജർ ആർച്ച് ബിഷപ്പിന്റെ തെരഞ്ഞെടുപ്പിനായുള്ള സിനഡ് വിജയത്തി നായി ഒരു മണിക്കൂർ ആരാധന നടത്തി. ഡിസംബർ 28 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ മണ്ണുത്തി ഡോൺ ബോസ്കോയിൽ വെച്ച് അതിരൂപതാതലത്തിൽ 10, 11, 12, ACC ക്ലാസുകളിലെ കുട്ടികൾ ക്കായി സംഘടിപ്പിച്ച സെമിനാറിൽ സി എം സി സിസ്റ്റേഴ്സ് കൗൺ സിലിങ്ങിനും മറ്റും സഹായിച്ചു.

## സി.എസ്.സി.

കോൺഗ്രിഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി മരിയ പ്രവിശ്യയുടെ പ്രൊവിൻഷ്യൽ സുപ്പീരിയറായി ബഹു മദർ വെൺമ സി എസ് സി, വികർ പ്രൊവിൻഷ്യളായി ബഹു. സി. പുഷ്പ സി എസ് സി (ആതുര സാമൂഹ്യസേവനം), ബഹു. സി. ഹർഷിത സി എസ് സി (സുവിശേഷവൽക്കരണം), ബഹു. സി. നമിത സി എസ് സി (ധനകാര്യം), ബഹു. സി. അനുപമ സി എസ് സി (വിദ്യാഭ്യാസ മതബോധനം) ബഹു. സി. സുമിത സി എസ് സി ഓഡിറ്ററായും തെരെഞ്ഞെടുക്കപ്പെട്ടു.

സി. എസ്. സി. സന്യാസിനി സമൂഹത്തിന്റെ നവീകരണ ജനറൽ സിനാക്സിസ് മെമ്പേഴ്സിനായി 2023 ഡിസംബർ 28,29,30 ദിവസങ്ങളിലായി മുല്ലക്കര ആത്മദർശൻ കോൺവെന്റിൽ വച്ച് 3 ദിവസത്തെ ധ്യാനം നടത്തി. 10.01.2024 ന് തൃശ്ശൂർ അതിരൂപതയിലെ നവവൈദീകർക്ക് ചൊവ്വന്നൂർ പ്രസന്റേഷൻ കോൺവെന്റിൽ വച്ച് സ്വീകരണം നൽകി. ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന ചൊവ്വന്നൂർ സെന്റ് തോമസ് പള്ളിയിൽ വച്ച് നവവൈദീകർ ദിവ്യബലിയർപ്പിക്കുകയും, തുടർന്ന് ഊക്കനച്ചന്റെ മ്യൂസിയം (ജോൺ നിവാസ്) സന്ദർശിക്കുകയും ചെയ്തു.

## എഫ്.സി.സി

കൊന്നക്കുഴി അന്റോണിയാനത്തിൽ വച്ച് ഡിസംബർ 3–ാം തീയതി മുതൽ 9–ാം തീയതി വരെ നൊവിഷ്യേറ്റിൽ പ്രവേശിക്കുന്നതിനൊരുക്കമായി നടത്തിയ ധ്യാനത്തിൽ നമ്മുടെ പോസ്റ്റുലന്റ്സ് (TSR 5, PKD 1) സംബന്ധിച്ചു. ഡിസംബർ 9–ാം തീയതി പ്രോവിൻസിലെ എല്ലാ ഭവനങ്ങളിലും പരിഹാരദിനം ആചരിച്ചു. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഡിസംബർ 10–ാം തീയതി Health Care Fraternity Meeting നടത്തി. ഡിസംബർ 10–ാം തീയതി അതിരൂപതാ തലത്തിൽ പുത്തൻപള്ളി ഡോളേഴ്സ് ബസിലിക്കായിൽ വച്ച് നടന്ന ദിവ്യകാരുണ്യ കോൺഗ്രസ് സെമിനാറിൽ 10 സിസ്റ്റേഴ്സ് പങ്കെടുത്തു. അന്നുതന്നെ ഉച്ചകഴിഞ്ഞ് 2.30 ന് നടത്തിയ ആഘോഷമായ ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ അസ്സീസി പ്രോവിൻസിൽ നിന്നും ധാരാളം സിസ്റ്റേഴ്സ് സംബന്ധിച്ചു. സഭാസ്ഥാപനദിനമായ ഡിസംബർ 14–ന് 6 പോസ്റ്റുലന്റ്സ് (TSR5, PKD 1) വെങ്ങിണിശ്ശേരി അൽവേർണിയ എഫ്.സി കോൺവെൻറിൽ വച്ച് കാനോനിക നൊവിഷ്യേറ്റിലും, പ്രീ പോസ്റ്റുലൻസ് Phase II ലെ 5 അർത്ഥിനികൾ (TSR2, EKM 3) കെനിയയിലെ റുവായ് സെന്റ് അൽഫോൻസ ഫോർമേഷൻ ഹൗസിൽ വച്ച് പോസ്റ്റുലൻസിയിലേക്കും പ്രവേശിച്ചു. ഡിസംബർ 16–ാം തീയതി രണ്ടാം വർഷ നോവിസസ്സ് നിശ്ചയി

ക്കപ്പെട്ട ഭവനങ്ങളിലേക്ക് റീജിയൻസിക്കായി പോയി.

ഡിസംബർ 16-ാം തീയതി തൃക്കൂർ കാരുണ്യ കോൺവന്റിനോടനുബന്ധിച്ചുള്ള സെന്റ് അൽഫോൻസാ സോഷ്യൽ സെന്ററിൽ തൊഴിൽ രഹിതരായ സ്ത്രീകൾക്കുവേണ്ടി വിവിധ കൈത്തൊഴിലുകളെ പരിചയപ്പെടുത്തുന്ന സൗജന്യ ട്രെയ്നിംഗ് പ്രോഗ്രാം നടത്തി. KFFU ന്റെ നേതൃത്വത്തിൽ ഡിസംബർ 16-ാം തീയതി കാൽവരി ആശ്രമത്തിൽ വച്ച് ക്രിസ്തുമസ്സിന്റെ ഒരുക്കത്തിനായി നടത്തിയ ധ്യാനത്തിൽ 70 സിസ്റ്റേഴ്സ് പങ്കെടുത്തു. ഡിസംബർ 17-ാം തീയതി അസി. സുപ്പീരിയേഴ്സിനായി ഏകദിന സെമിനാർ നടത്തി. ഡിസംബർ 28 -ാം തീയതി മുതൽ 31-ാം തീയതി വരെ ബ്രഹ്മകുളം സെന്റ് ജോസഫ് ബോർഡിംഗിൽ വച്ച് ദൈവവിളിക്യാമ്പ് നടത്തി. ഡിസംബർ 28,29,30 തീയതികളിൽ തൃശൂർ അതിരൂപത തലത്തിൽ മണ്ണുത്തി ഡോൺ ബോസ്കോ സ്ക്കൂളിൽ വച്ച് +1,+2, ACC കുട്ടിൾക്കായി നടത്തിയ യൂത്ത് റിട്രീറ്റിൽ കൗൺസലിംഗ് ശുശ്രൂഷക്കായി 9 സിസ്റ്റേഴ്സ് പോയി. ധ്യാനത്തോടനുബന്ധിച്ച് സന്യാസ സഭയെ പരിചയപ്പെടുത്തുക ലക്ഷ്യം വച്ച് ഈ ദിനങ്ങളിൽ സ്റ്റാൾ ക്രമീകരിച്ചു. അസ്സീസിയിൽ വച്ച് ഡിസംബർ 29,30 തിയതികളിൽ ലോക്കൽ സുപ്പീരിയേഴ്സ് കോൺഫറൻസും ഡിസംബർ 30-ാം തീയതി പ്രൊവിൻഷ്യൽ പ്ലീനറി കൗൺസിലും നടത്തി. പ്രൊവിൻഷ്യൽ ടീമിന്റെയും ഇരുകൂട്ടരുടെയും സാന്നിധ്യത്തിൽ ഡിസംബർ 30-ാം തീയതി പ്രാർത്ഥനാശുശ്രൂഷ നടത്തുകയും 2023 സമൂഹശാക്തീകരണവർഷത്തിന്റെ സമാപനവും 2024 പ്രാർത്ഥന-ദൈവവിളി വർഷത്തിന്റെ ഉദ്ഘാടനവും നടത്തി. ബ. പ്രൊവിൻഷ്യാളമ്മ പെരിങ്ങോട്ടുകര സെറാഫിക്, സെന്റ് ജോസഫ്, നെല്ലിക്കുന്ന് ഡോൺബോസ്കോ, അൽഫോൺസ, ചുവന്നമണ്ണ് ഹോളി ട്രിനിറ്റി, കണ്ണാറ ക്ലെയർ ജ്യോതി എന്നി ഭവനങ്ങളിൽ കാനോനിക സന്ദർശനം നടത്തി.

**സി.എസ്.എസ്.**

ജനറൽ സിനാക്സിനൊരുക്കമായി ഹോളിസ്പിറ്റ് ജനറലേറ്റിൽ വെച്ച് നടന്ന ഇന്റർ പ്രൊവിൻഷ്യൽ മീറ്റിംഗിൽ സൗത്ത് നോർത്ത് പ്രോവിൻസുകളിലെ ടീം അംഗങ്ങൾ പങ്കെടുത്തു. സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന വാർഷിക ധ്യാനത്തിൽ 50 സിസ്റ്റേഴ്സ് പങ്കെടുത്തു. ഈ വർഷം ജൂബിലി ആഘോഷിക്കുന്ന 17 സിസ്റ്റേഴ്സ് കുറുമാശ്ശേരി 25 ദിവസത്തെ ജൂബിലി ഒരുക്ക ധ്യാനം നടത്തി. നവംബർ 11 ന് മണ്ണുത്തി സെന്റ് ആന്റണീസ് ഇടവക പള്ളിയിൽ വെച്ച് 10 സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലിയും 7 സിസ്റ്റേഴ്സിന്റെ സുവർണ്ണ ജൂബിലിയും സമുചിതമായി ആഘോഷിച്ചു.

# ആദരാഞ്ജലികൾ



17.12.2023എഫ്.സി.സി തൃശൂർ എം. ഐ ഭവനാംഗമായ ബ. സി. പെട്രീന ഡിസംബർ 17-ാം തീയതി രാത്രി 12.30 ന് നിര്യാതയായി. 18-ാം തീയതി രാവിലെ 10 മണിയ്ക്ക് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ ബ. സിസ്റ്ററിന്റെ മൃതദേഹം പൂജ്യമായി സംസ്കരിച്ചു.



27.11.2023 ന് സ്നേഹോദയ പ്രോവിൻസിലെ അംഗമായ റവ.സി. മേരി മെലാനി പുതിയാംപറമ്പിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സമരിറ്റൻ സന്യാസിനി സമൂഹത്തിന്റെ ആദ്യകാല അംഗങ്ങളിൽ ഒരാളായ സിസ്റ്റർ 6 വർഷം സുപ്പീരിയർ ജനറലും 3 വർഷം സ്നേഹോദയ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറും നിരവധി തവണ ജനറൽ പ്രൊവിൻഷ്യൽ തലങ്ങളിൽ കൗൺസിൽ അംഗവുമായിരുന്നു.



സി എസ് സി - തൃശ്ശൂർ മരിയ പ്രൊവിൻസിലെ കല്ലൂർ സെന്റ് ജോസഫ് കോൺവെന്റിലെ അംഗമായ ബ. സി. ബ്ലെയ്സ് സി.എസ്.സി. (81) 07/01/24 പുലർച്ചെ 1.30 ന് നിര്യാതയായി. തൃശ്ശൂർ അതിരൂപത മെത്രാപോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാരം നടത്തി.

**സി. സോഫി പെരേപ്പാടൻ SABS**
പ്രസിഡണ്ട്

**സി. ലെത്തീസിയ SMC**
സെക്രട്ടറി

# സെന്റ് തോമസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം, പാലയൂർ

## നവ വൈദികർക്ക് സ്വീകരണം

പാലയൂർ സെന്റ് തോമസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ അതിരൂപതയിലെ നവവൈദികർക്ക് സ്വീകരണവും ദനഹ തിരുന്നാളും ആഘോഷിച്ചു. ജനുവരി 5 ന് വൈകിട്ട് 5:30ന് ആരംഭിച്ച ദിവ്യബലിക്ക് ഫാ. ക്രിസ്റ്റോ ചുങ്കത്ത്, ഫാ. വിനു വർഗീസ് പോന്നോർ എംഎസ്എഫ്എസ്, ഫാ.ജോയൽ ചിറമൽ സി.എം.ഐ. എന്നിവരുടെ മുഖ്യ കാർമികത്വത്തിൽ നവവൈദീകരായ ഫാ. ഡിന്റോ വല്ലച്ചിറക്കാരൻ, ഫാ. ജിയോ ആലപ്പാട്ട്, ഫാ. ഫ്രാൻസീസ് പുത്തൂക്കര, ഫാ. നിതിൻ പൊന്നാരി, ഫാ.ബിജോയ് പൊൻപറമ്പിൽ, ക്രിസ്റ്റോ തേക്കാനത്ത്, ഫാ. പ്രിജോവ് വടക്കേത്തല, ഫാ. ആൽബിൻ ചൂണ്ടൽ, ഫാ.ജെയ്സൻ പഴയേടത്ത്, ഫാ. ജിജോ എടക്കളത്തൂർ എന്നിവർ കാർമ്മികരായി. തുടർന്ന് നവവൈദീകർക്ക് സ്വീകരണം നൽകി. തീർത്ഥകേന്ദ്രം ആർച്ച് പ്രീസ്റ്റ് റവ. ഡോ. ഡേവിസ് കണ്ണമ്പുഴ അധ്യക്ഷത വഹിച്ചു. തുടർന്ന് പള്ളിയങ്കണത്തിൽ യൂത്ത് സി.എൽ.സി ഒരുക്കിയ പിണ്ടി തെളിയിച്ചുകൊണ്ട് നവവൈദികർ ഉദ്ഘാടന കർമ്മം നിർവഹിച്ചു. ഇടവക കുടുംബക്കൂട്ടായ്മകളുടെ നേതൃത്വത്തിൽ പള്ളിയങ്കണത്തിലും കെ സി വൈ എം പാലയൂരിന്റെ നേതൃത്വത്തിൽ ഇടവകയിലെ വീടുകളിൽ പിണ്ടി തെളിയിക്കൽ മത്സരം നടത്തി.കൂടാതെ മാതൃവേദി, ദർശനസഭ എന്നിവരുടെ നേതൃത്വത്തിൽ ഏൽപ്പയ്യ നൃത്തച്ചുവടുകളും ഉണ്ടായിരുന്നു. സഹവികാരി ഫാ. ആന്റോ രായപ്പൻ, നവവൈദികർക്ക് അനുമോദനവും ആശംസകളും നേർന്ന് പ്രസംഗിച്ചു. ട്രസ്റ്റിമാരായ കെ.ജെ പോൾ, സി.എം.ബാബു, ടി.ജെ സന്തോഷ്, ജോഫി ജോസഫ്, തീർത്ഥകേന്ദ്രം സെക്രട്ടറി ബിജു മുട്ടത്ത്, പ്രതിനിധിയോഗം സെക്രട്ടറി ബിനു താണിക്കൽ, കുടുംബ കൂട്ടായ്മ കേന്ദ്ര സമിതി കൺവീനർ സി.ഡി ലോറൻസ്,ഭക്ത സംഘടന ഏകോപന സമിതി കൺവീനർ തോമസ് വാകയിൽ എന്നിവർ നേതൃത്വം നൽകി.

## ക്രിസ്തുമസ് ഈവ്

2023ലെ ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി ക്രിസ്മസ് ഈവും മറ്റു പരിപാടികളും സംഘടിപ്പിച്ച് പാലയൂർ ദൈവാലയത്തിൽ ആഘോഷം അരങ്ങേറി. സാൻതോം ക്വയറിന്റെ നേതൃത്വത്തിൽ

കുടുംബ കൂട്ടായ്മകൾക്കായുള്ള ജിംഗിൾ ബെൽസ് 2023 കരോൾ ഗാന മത്സരം സംഘടിപ്പിച്ചു. കൂടാതെ 23ന് തീർത്ഥ കേന്ദ്രത്തിൽ നിന്നും ചാവക്കാട് നഗരത്തിലേക്ക് നിരവധി ക്രിസ്തുമസ്സ് പാപ്പാമാരെയും, നർത്തകരെയും അണിനിരത്തികൊണ്ട് 'ബോൺ നത്താലേ' കരോൾ പ്രയാണവും സംഘടിപ്പിച്ചു. നഗരം ചുറ്റികൊണ്ടുള്ള പ്രയാണത്തിന് ചാവക്കാട് നഗരസഭ കൂട്ടുങ്ങൽ ചത്വരത്തിൽ സംഘടിപ്പിച്ച സമാപന ചടങ്ങിൽ തീർത്ഥകേന്ദ്രം ആർച്ച് പ്രീസ്റ്റ് അധ്യക്ഷത വഹിക്കുകയും, ചാവക്കാട് മുൻസിപ്പാലിറ്റി ചെയർപേഴ്സൺ ശ്രീമതി ഷീജ പ്രശാന്ത് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. തുടർന്ന് 24ന് ഞായറാഴ്ച രാത്രി 9:30ന് തീർത്ഥകേന്ദ്രം ആർച്ച് പ്രീസ്റ്റ് റവ. ഡോ. ഡേവിസ് കണ്ണമ്പുഴയുടെ അധ്യക്ഷതയിൽ സെന്റ് ഫ്രാൻസിസ് സ്കൂൾ വൈസ് പ്രിൻസിപ്പൽ റവ. ഫാ. ജോജോ ചക്കുംമ്മൂട്ടിൽ ക്രിസ്തുമസ് കേക്ക് മുറിച്ചു  ക്രിസ്തുമസ് ഈവ് ഉദ്ഘാടനം ചെയ്തു. അസി. വികാരി റവ. ഫാ. ആന്റോ രായപ്പൻ അനുഗ്രഹ പ്രഭാഷണം നടത്തി. ഇടവക നടത്തു കൈകാരനായ കെ. ജെ. പോൾ, സി.ഡി. ലോറൻസ്, തോമസ് വാകയിൽ എന്നിവർ പ്രസംഗിച്ചു. നൃത്തച്ചുവടുകൾ കൊണ്ടും, ഗാനാലാപനങ്ങൾ കൊണ്ടും ക്രിസ്തുമസ് ഈവ് കണ്ണുകൾക്കും, കാതുകൾക്കും, വ്യത്യസ്തമാർന്ന അനുഭവം ഒരുക്കി. കെ.എൽ.എം. പാലയൂരിന്റെ നേതൃത്വത്തിൽ തൃശ്ശൂർ അതിരൂപത മെത്രാപോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ആശിർവദിച്ച് നൽകിയ കിറ്റുകൾ നാനാജാതി മതഭേദമന്യേ വിതരണം ചെയ്തു. യൂത്ത് സി.എൽ. സി. പാലയൂരിന്റെ നേതൃത്വത്തിൽ നാനോ പുൽക്കൂട് മത്സരവും, കുടുംബ കൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ നക്ഷത്ര മത്സരവും, കെ. സി.വൈ.എം. പാലയൂരിന്റെ നേതൃത്വത്തിൽ ഇടവകയിലെ ഭവനങ്ങളിൽ ക്രിസ്തുമസ്സ് പുൽക്കൂട് മത്സരവും സംഘടിപ്പിച്ചു. വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി ക്രിസ്മസ് ട്രീ മത്സരവും പാലയൂർ ദേവാലയത്തിൽ സംഘടിപ്പിച്ചു. മാതൃവേദി യുടെ നേതൃത്വത്തിൽ ലക്കി ചൈൽഡ്, ലക്കി മദർ നറുക്കെടുപ്പും ഉണ്ടായിരുന്നു. തുടർന്ന് പാലയൂർ ഇടവകയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ഒരുക്കിയ പുൽക്കൂടും കാണികൾക്കായി തുറന്നു കൊടുത്തുകൊണ്ട് 11:30ന് ക്രിസ്തുമസ് തിരുകർമ്മങ്ങൾക്ക് ആരംഭം കുറിച്ചു. തിരുകർമ്മങ്ങൾക്ക് ആർച്ച് പ്രീസ്റ്റ് റവ. ഡോ ഡേവിസ് കണ്ണമ്പുഴ മുഖ്യകാർമികത്വം നൽകി. അസി. വികാരി ഫാ. ആന്റോ രായപ്പൻ, ഫാ. ജോജോ ചക്കുംമൂട്ടിൽ ടി.ഒ.ആർ. എന്നിവർ സഹകാർമികരുമായി. തുടർന്ന് നോമ്പ് വീടൽ സ്നേഹവിരുന്നും ഉണ്ടായിരുന്നു. ക്രിസ്തുമസ് ആഘോഷങ്ങൾക്ക് കൈകാരന്മാരായ സി എം

ബാബു,സന്തോഷ് ടി ജെ, ജോഫി ജോസഫ്,സെക്രട്ടറിമാരായ ബിനു താണിക്കൽ, ബിജു മുട്ടത്ത്,പി ആർ ഒ ജെഫിൻ ജോണി, വിവിധ ഭക്തസംഘടന ഭാരവാഹികൾ, കുടുംബ കൂട്ടായ്മ ഭാരവാഹികൾ, എന്നിവർ നേതൃത്വം നൽകി.

**ഫാ. ഡേവിസ് കണ്ണമ്പുഴ**
ആർച്ച് പ്രീസ്റ്റ്

ധർമദാനം

**മറ്റുള്ളവരെ കാണിക്കാൻവേണ്ടി അവരുടെ മുമ്പിൽവച്ചു നിങ്ങളുടെ സത്കർമങ്ങൾ അനുഷ്ഠിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ.**

**(മത്താ 6, 1)**

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന കുഞ്ഞുമക്കളെ,

നിങ്ങൾക്കെല്ലാവർക്കും സുഖമാണെന്ന് വിശ്വസിക്കുന്നു. ഫെബ്രുവരി മാസത്തിൽ നിങ്ങൾ വർഷാവസാന പരീക്ഷകൾക്കായുള്ള ഒരുക്കത്തിലാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഒരു വർഷത്തെ അധ്വാനത്തിന്റെ ഫലം നിങ്ങൾക്ക് ലഭിക്കാൻ പോവുകയാണ്. 'നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക; നിന്റെ പദ്ധതികൾ ഫലമണിയും' (സുഭാഷിതങ്ങൾ 16 : 3) എന്ന വചനമാണ് എനിക്ക് ഈ അവസരത്തിൽ നിങ്ങൾക്ക് നൽകാനുള്ളത്. കർത്താവിൽ ആശ്രയിച്ച് മുന്നേറുന്നവന് ഒരിക്കലും നിരാശനാകേണ്ടി വരികയില്ല. നല്ല ഒരു പരീക്ഷാക്കാലം നിങ്ങൾക്കെല്ലാവർക്കും ആശംസിക്കുന്നു.

ഫെബ്രുവരി മാസം പകുതിയോടുകൂടെ വലിയ നോമ്പുകാലം ആരംഭിക്കുകയാണ്. നോമ്പുകാലം പലപ്പോഴും ഞെരുക്കത്തിന്റെ കാലമായിട്ടാണ് ചിലരെങ്കിലും കരുതുന്നത്. നോമ്പുകാലത്ത് ആഘോഷങ്ങളില്ല, ഭക്ഷണസാധനങ്ങൾ ഒഴിവാക്കേണ്ടി വരും, തുടങ്ങി നിരവധി പരിഭവങ്ങളാണ് ഇവർക്ക് പറയാനുള്ളത്. എന്നാൽ നോമ്പുകാലം ദൈവാനുഗ്രഹത്തിന്റെ കാലഘട്ടമാണ്. ഈശോയോട് കൂടുതൽ അടുത്ത് ഇരിക്കാൻ, വചനം വായിക്കാൻ, ഈശോയുടെ സ്നേഹം കൂടുതൽ അടുത്ത് അനുഭവിച്ചറിയാൻ നിങ്ങൾക്ക് സാധിക്കുന്ന കാലഘട്ടമാണ് നോമ്പുകാലം. അതിനാൽ അടുത്തടുത്ത് കുമ്പസാരിച്ച് ഒരുങ്ങാനും, യോഗ്യതയോടെ വിശുദ്ധ കുർബാന സ്വീകരിക്കാനും, ആഗതമാകുന്ന ഉയിർപ്പുതിരുനാളിനായി ആത്മാർത്ഥമായി ഒരുങ്ങാനും നിങ്ങൾ പരിശ്രമിക്കണം. അങ്ങനെ ഈശോയ്ക്ക് ഇഷ്ടപ്പെട്ട മക്കളായി ജീവിക്കാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സീറോ മലബാർ സഭയുടെ പുതിയ തലവനായി നമ്മുടെ പ്രിയപ്പെട്ട റാഫേൽ തട്ടിൽ പിതാവ് തിരഞ്ഞെടുക്കപ്പെട്ടു എന്ന വാർത്ത നിങ്ങൾ അറിഞ്ഞു കാണുമല്ലോ. തൃശ്ശൂർ വ്യാകുലമാതാവിന്റെ ബസിലിക്ക (പുത്തൻപള്ളി) ഇടവകാംഗവും, മേരിമാത മേജർ സെമിനാരി മുൻറെക്ടറും, നമ്മുടെ അതിരൂപതയുടെ മുൻ സഹായ മെത്രാനും ഷംഷാബാദ് രൂപതയുടെ മെത്രാനുമായിരുന്ന റാഫേൽ പിതാവിനെ ദൈവം സീറോ മലബാർ സഭയുടെ പിതാവും തലവ

നുമായി ഉയർത്തിയതിൽ നമുക്ക് അഭിമാനിക്കാം, ദൈവത്തിന് നന്ദി പറയാം. ഏറെ പ്രതിസന്ധികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ സീറോ മലബാർ സഭയെ ധീരമായി നയിക്കാൻ പിതാവിന് ശക്തി നൽകണമേയെന്ന് നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം. ജനുവരി മാസം പതിനാലാം തീയതി നമ്മുടെ അതിരൂപതയിൽ പിതാവിന് സ്വീകരണം നൽകിയപ്പോൾ നിങ്ങൾ വന്നിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. തുടർന്നും പിതാവിനെ ഓർക്കാനും പ്രാർത്ഥിക്കാനും നിങ്ങൾ മറക്കരുത്.

ഫെബ്രുവരി മാസം ഏഴാം തീയതി നമ്മുടെ അതിരൂപതയിൽ ബഹുമാനപ്പെട്ട വൈദികരുടെ സ്ഥലം മാറ്റമാണ്. നിങ്ങളുടെ ഇടവകയിൽ നിന്നും സ്ഥലം മാറിപ്പോകുന്ന വൈദികർക്ക്, അവർ ചെയ്ത സേവനത്തെപ്രതി നന്ദി പറയാൻ നിങ്ങൾ മറക്കരുത്. അതുപോലെ പുതുതായി വരുന്ന അച്ചനെ പരിചയപ്പെടാനും അച്ചന്റെ നിർദ്ദേശങ്ങൾ അനുസരിക്കാനും നിങ്ങൾ പ്രത്യേകം താത്പര്യം കാണിക്കണം. സ്ഥലം മാറിപ്പോയ അച്ചന്മാരെയും പുതുതായി ചാർജ്ജെടുക്കുന്ന അച്ചന്മാരെയും പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കാൻ നിങ്ങൾക്ക് കടമയുണ്ട്.

ഏതാനും ദിവസങ്ങൾക്ക് മുമ്പ് ഒരു കുട്ടി എന്നോട് സംസാരിച്ചപ്പോൾ, അവന് പ്രാർത്ഥിക്കാനായി സാധിക്കുന്നില്ല എന്ന് പറഞ്ഞു. ഈശോയുടെ മുൻപിൽ പോയിരിക്കുമ്പോൾ പലപ്പോഴും പലവിചാരം കടന്നു വരുന്നു എന്നതാണ് പ്രശ്നം. അതുകൊണ്ട് പ്രാർത്ഥന അവസാനിപ്പിച്ച് മറ്റു പരിപാടികൾക്ക് ഇറങ്ങിപ്പോകുന്നു. സ്നേഹമുള്ള കൂട്ടുകാരെ നിങ്ങൾക്കും ഇത്തരത്തിൽ പ്രതിസന്ധികൾ ഉണ്ടാകും എന്ന് ഞാൻ കരുതുന്നു. പ്രാർത്ഥനാജീവിതത്തിൽ കൂടുതൽ മുന്നേറാൻ നിങ്ങൾ പരിശ്രമിക്കേണ്ടതാണ്. ഇത്തരത്തിലുള്ള നിങ്ങളുടെ പ്രശ്നങ്ങൾ നിങ്ങളുടെ മതബോധന അധ്യാപകരെയും മാതാപിതാക്കളെയും വികാരി അച്ചനെയും മറ്റും അറിയിക്കുന്നത് നല്ലതാണ്. ദൈവം ഇവരിലൂടെ നിങ്ങളെ വഴിനടത്തട്ടെ.

പ്രാർത്ഥന വിരസമാകാതിരിക്കാൻ മൂന്ന് കാര്യങ്ങൾ ഞാൻ നിങ്ങൾക്ക് പറഞ്ഞു തരാം. പ്രാർത്ഥന ഈശോയുമായുള്ള സംസാരമാണ്. എല്ലാം അറിയുന്ന, നിങ്ങളെ സൃഷ്ടിച്ച, നിങ്ങളുടെ പിതാവായ ദൈവവുമായി നിങ്ങൾ നടത്തുന്ന സംഭാഷണമാണത്. അവിടെ ഒന്നും മറച്ചു വയ്ക്കാനായില്ല. ഈശോയുടെ മുമ്പിൽ വരുമ്പോൾ ആദ്യമേ നിങ്ങൾക്ക് ലഭിച്ച അനുഗ്രഹങ്ങൾക്ക് ഈശോയ്ക്ക് നന്ദി പറയണം. അതിനായി ഏതെല്ലാം അനുഗ്രഹങ്ങളാണ് നിങ്ങൾക്ക് ലഭിച്ചത് എന്ന് ഓർത്തെടുക്കണം. എന്തുമാത്രം അനുഗ്രഹങ്ങളാണ് ദൈവം നിങ്ങളുടെ ജീവിതത്തിൽ നൽകിയിട്ടുള്ളത്!

രണ്ടാമതായി നിങ്ങളുടെ ജീവിതത്തിൽ വന്നുപോയിട്ടുള്ള കൊച്ചു കൊച്ചു പാപങ്ങളെ ഓർത്ത് ഈശോയോട് ക്ഷമ ചോദിക്കണം. നിങ്ങളുടെ പാപങ്ങൾ ഈശോയെ വേദനിപ്പിച്ചിട്ടുണ്ട്. മൂന്നാമതായി നിങ്ങളുടെ ആവശ്യങ്ങൾ, ആഗ്രഹങ്ങൾ ഈശോയ്ക്ക് സമർപ്പിക്കണം. എല്ലാ പ്രാർത്ഥനകൾക്കും ഒരു നിയോഗം ഉണ്ടാകട്ടെ. ആർക്കെല്ലാം വേണ്ടി നിങ്ങൾ പ്രാർത്ഥിക്കാൻ കടപ്പെട്ടിരിക്കുന്നു എന്ന് ഓർത്ത് പ്രാർത്ഥിക്കണം. പ്രത്യേകിച്ച് നിങ്ങളുടെ മാതാപിതാക്കളെ, ഗുരുഭൂതരെ, സഹോദരങ്ങളെ, സുഹൃത്തുക്കളെ, രോഗികളെ, പലതരത്തിൽ വിഷമിക്കുന്നവരെ തുടങ്ങി എല്ലാവരെയും ഓർക്കണം.

തുടർച്ചയായി പ്രാർത്ഥിക്കാനാണ് വിശുദ്ധ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നത്. 'എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ. ഇടവിടാതെ പ്രാർഥിക്കുവിൻ. എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം' (1 തെസലോനിക്കാ 5 : 16–18). ഇതോടൊപ്പം ഈശോയ്ക്ക് ഇഷ്ടമില്ലാത്ത പ്രവർത്തികൾ നമ്മുടെ ജീവിതത്തിൽ ഉണ്ടെങ്കിൽ ഒഴിവാക്കാം. അതുപോലെ ഈശോയ്ക്ക് ഇഷ്ടമുള്ള കാര്യങ്ങൾ, നന്മകൾ മറ്റുള്ളവർക്കായി ചെയ്തു നൽകാൻ പരിശ്രമിക്കുകയും ചെയ്യാം. ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

വിശ്വാസപരിശീലന ക്ലാസ്സുകളിലെ വാർഷിക പരീക്ഷകൾ ഈ മാസം രണ്ടാമത്തെ ഞായറാഴ്ച മുതൽ ആരംഭിക്കുന്നു. നന്നായി ഒരുങ്ങാം. പാഠങ്ങൾ കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കാം. അവധിക്കാലം വിശ്വാസപരിശീലനം തുടരാനുള്ള അവസരമാണ്. പഠിച്ചവയൊക്കെ പ്രാവർത്തികമാക്കാനുള്ള അവസരം. ഈശോയുടെ സമർപ്പണത്തെ മാതൃകയാക്കി ദൈവവിളികളെക്കുറിച്ച് വിവേചിച്ചറിയാനും അവധിക്കാലം വിനിയോഗിക്കാം. നന്നായി ഒരുങ്ങി വിശ്വാസ പരിശീലന പരീക്ഷകൾ എഴുതാം. എല്ലാവർക്കും നല്ല വിജയം ആശംസിക്കുന്നു.

## 1. Sunday Catechism

**1. പ്രിൻസിപ്പൽമാരുടെ യോഗം**

തിയതി : 2024 ഫെബ്രുവരി 4

ദിവസം : ഞായർ

സമയം : 11.00 am Registration

സ്ഥലം : വിശ്വാസപരിശീലനകേന്ദ്രം, DBCLC

എല്ലാ പ്രിൻസിപ്പൽമാരേയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**2. വാർഷിക പരീക്ഷകൾ**

ഫെബ്രുവരി മാസത്തിലാണ് വാർഷികപരീക്ഷകൾ. അതിനായി കുട്ടികളെ ഒരുക്കുമല്ലോ. പരീക്ഷകളുടെ സമയക്രമം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 2024 ഫെബ്രുവരി 11, | 2PM - 5PM | : ACC |
| | 2PM - 4PM | : Stds. X, XI, XII |
| 2024 ഫെബ്രുവരി 18, | 2PM - 4PM | : Stds. I, III, V, VII, IX |
| 2024 ഫെബ്രുവരി 25, | 2PM - 4PM | : Stds. II, IV, VI, VIII |

**3. Std. XII & ACC വാർഷിക പരീക്ഷക്കുള്ള യോഗ്യത** (Eligibility)

അർദ്ധവാർഷിക പരീക്ഷ എഴുതിയ 20 ഹാജർ നിർബന്ധമായും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമേ വാർഷിക പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത ഉണ്ടായിരിക്കുകയുള്ളു. Std. XII വിദ്യാർത്ഥികൾക്കുള്ള രജിസ്റ്റർ നമ്പറും, എസിസി വിദ്യാർത്ഥികൾക്കുള്ള ഹാൾ ടിക്കറ്റും മുകളിൽ പറഞ്ഞ യോഗ്യതയുള്ള വിദ്യാർത്ഥികൾക്കു മാത്രമേ ലഭിക്കുകയുള്ളു. അവരെ മാത്രമേ പരീക്ഷ എഴുതിക്കാവൂ.

**4. Std. XII & ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷകളെ സംബന്ധിച്ച്**

1. പരീക്ഷകളെ സംബന്ധിച്ച് വിശ്വാസപരിശീലന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.
2. ബഹു. വൈദികരുടെ മേൽനോട്ടത്തിലും പ്രിൻസിപ്പലിന്റെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്.
3. പരീക്ഷയെ സംബന്ധിച്ച് വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance മുതലായവ), Syllabus, Question Paper Scheme, Marks

Distribution എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വിശ്വാസപരിശീലന മാർഗ്ഗരേഖയിലും വാർഷിക പ്രോഗ്രാമിലും നൽകിയിട്ടുള്ളത് കൃത്യമായി പാലിക്കേണ്ടതാണ്.

4. പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ച്ചകളോ അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.
5. ചോദ്യങ്ങൾക്കു താഴെ ഉത്തരമെഴുതി തിരിച്ചേൽപ്പിക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള Question & Answer Book വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്ന് നൽകുന്നതാണ്. ചോദ്യ ങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ.
6. പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. നിയമനവിവരം സ്വന്തം യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും പോകേണ്ട യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും നേരത്തെതന്നെ അറിയിക്കേണ്ടതാണ്.
7. വിസിറ്ററെ കൂടാതെ, പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് ആവശ്യമായത്ര വിശ്വാസപരിശീലകരെ പ്രിൻസിപ്പൽ നിയോഗിക്കേണ്ടതാണ്.

**5. Std. XII Re-Examination, Improvement Registration നെ സംബന്ധിച്ച വിവരങ്ങൾ**

12-ാം ക്ലാസ്സിലെ വാർഷികപരീക്ഷയിൽ തോൽക്കുകയോ, അയലിെ ആവുകയോ, ചെയ്തവർക്ക് Re-examination എഴുതാവുന്നതാണ്. 12ാം ക്ലാസ്സിൽ ജയിക്കുകയും 40 മാർക്ക് ഇല്ലാതിരിക്കുകയും ചെയ്തവർക്ക് Improvement Examination എഴുതാവുന്നതാണ്. ഈ പരീക്ഷകൾ എഴുതുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ചെയ്യേണ്ട വിധം താഴെ കൊടുക്കുന്നു.

1. വിദ്യാർത്ഥി സോഫ്റ്റ് വെയറിൽ Inactive Mode ൽ ആയിരിക്കണം.
2. Software - Public Examination - Previous ReExam Registration-Re-examination എഴുതുന്ന വിദ്യാർത്ഥികളെ മാത്രം സെലക്ട് ചെയ്ത് രജിസ്റ്റർ ചെയ്യുക
3. Software- Public Examination - Previous Improvement Registration-

Improvement എഴുതുന്ന വിദ്യാർത്ഥികളെ മാത്രം സെലക്ട് ചെയ്ത് രജിസ്റ്റർ ചെയ്യുക

4. ജനുവരി 31 -ാം തിയതി മുതൽ ഫെബ്രുവരി 4-ാം തിയതി വരെയുള്ള ദിവസങ്ങളിൽ ഈ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്തിയെങ്കിൽ മാത്രമെ വിദ്യാർത്ഥികൾക്ക് രജിസ്റ്റർ നമ്പർ ലഭിക്കുകയും വാർഷികപരീക്ഷ എഴുതുവാനും സാധിക്കുകയുള്ളൂ.

**6. Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയം**

താഴെ പറയുന്ന തിയ്യതികളിൽ DBCLC-യിൽ നടത്തുന്നു. സമയം (09.30 am – 04.30 pm)

Std. XII : 2024 മാർച്ച് 2, 3 ശനി, ഞായർ

ACC : 2024 മാർച്ച് 2, 3, 9, 10 (ശനി, ഞായർ ദിവസങ്ങൾ)

1. ACC കേന്ദ്രീകൃത മൂല്യനിർണ്ണയം വിശ്വാസപരിശീലനകേന്ദ്രത്തിൽ വെച്ചു തന്നെ നടത്തുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Chair for Christian Studies and Research–ന്റെ തീരുമാനപ്രകാരവും മേൽനോട്ടത്തിലുമാണ്.

2. Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാവരും നിർബന്ധമായും വരേണ്ടതാണ്.

**7. ഉത്തരക്കടലാസു പരിശോധന**

Stds. I മുതൽ XI വരെയുള്ള വിദ്യാർത്ഥികളുടെ ഉത്തരകടലാസു പരിശോധന ബഹുമാനപ്പെട്ട വികാരിയച്ചന്റെയും പ്രിൻസിപ്പാലിന്റെയും നേതൃത്വത്തിൽ യൂണിറ്റിൽ തന്നെ ഒരു ദിവസം എല്ലാ വിശ്വാസപരിശീലകരും ഒന്നുചേർന്ന് നടത്തുന്നത് ഉചിതമാണ്. ഇതിനാവശ്യമായ ഉത്തരസൂചിക വാങ്ങുവാൻ നിർദ്ദേശിക്കുന്നു. ഇതിനാവശ്യമായ ഉത്തരസൂചിക വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ എല്ലാ പരീക്ഷകളും കഴിഞ്ഞാൽ ഉടനെ നൽകുന്നതാണ്. വിദ്യാർത്ഥികളുടെ വാർഷികപരീക്ഷാ ഉത്തരക്കടലാസുകൾ വിശ്വാസപരിശീലന കേന്ദ്രം നൽകിയിരിക്കുന്ന ഉത്തരസൂചികയുടെ അടിസ്ഥാനത്തിൽ കൃത്യതയോടും നീതിയോടും മൂല്യനിർണ്ണയം ചെയ്യേണ്ടതാണ്

**8. Internal Assessment Mark Entry**

പരീക്ഷാ തിയതിയിലെ അറ്റൻഡൻസ് വരെ എന്റർ ചെയ്തതിനുശേഷം മാത്രമെ ഇന്റേണൽ മാർക്ക് എൻട്രി നടത്താവൂ.

XII & ACC - Last Date: March 4

Std. I to XI - Last Date: March 11

**9. വാർഷിക പുനപരീക്ഷ 1 മുതൽ 11 വരെ ക്ലാസ്സുകൾക്ക്**

മാർച്ച് 17 ഞായർ, യൂണിറ്റുകളിൽ ഈ പരീക്ഷയുടെ ചോദ്യ പേപ്പറുകൾ യൂണിറ്റുകളിൽ തന്നെ തയ്യാറാക്കേണ്ടതാണ്.

**10. വാർഷിക പുനപരീക്ഷയുടെ മാർക്ക് എൻട്രി സോഫ്റ്റ് വെയറിൽ** അപ് ലോഡ് ചെയ്യേണ്ട അവസാന തിയതി: മാർച്ച് 25

## II. Daily Catechism

1. മോറൽ സയൻസ് സ്കോളർഷിപ്പ് പരീക്ഷാതിയതി: 10/02/2024

സമയം : 10 AM to 12 PM

സ്ഥലം : ഡി ബി സി എൽ സി

പ്രാർത്ഥനയോടെ

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**റവ. ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

**(Phone : 0487- 2333245, Mob : 9188131341)**

**1. തിയോളജി അവാർഡ് ഡേ ഫെബ്രുവരി 10 ന്**

2022-2023 വിവിധ ബാച്ചുക്കാരുടെ സർട്ടിഫിക്കറ്റ് വിതരണം ഫെബ്രുവരി 10 -ാം തിയ്യതി നടക്കുന്ന തിയോളജി അവാർഡ് ഡേ ചടങ്ങിൽ വെച്ച് അഭിവന്ദ്യ പിതാക്കൻമാർ നൽകും. ക്ലാസ്സുകൾ നയിച്ച എല്ലാ അച്ചൻമാരും തിയോളജി അവാർഡ് ഡേ ചടങ്ങിൽ പങ്കെടുക്കും.

**2. B.A. in Theology and Religious Studies (Three Years)**

സെക്കന്റ്സെമസ്റ്ററിലെ Christian Spiritual Traditions (Rev. Dr. Saijo Thaikkattil), Pauline Literature and Other Epistles (Rev. Dr. Sr. Juliet CMC) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**3. Certificate Course in Theology (One Year)**

ജനുവരി 07, 21 ന് കൗദാശിക ദൈവശാസ്ത്രം (Rev. Dr. Daijo Poruthur), പഴയനിയമത്തിനൊരാമുഖം (Rev. Fr. Linson Thattil), എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**4. Advanced Certificate Course in Theology (Six Months)**

സന്യാസിനികൾക്കായി 6 Months regular Theology Course, ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ നടക്കുന്നു. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പുതിയ ബാച്ചിലേക്കുള്ള ക്ലാസുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു. സന്യസ്തർക്കു മാത്രം.

**5. Online Certificate Course in Theology (Two Years)**

ഈ Certificate Course-Â 120 പേരാണ് പങ്കെടുക്കുന്നത്. ജനുവരി മാസം സഭാവിജ്ഞാനീയം (Rev. Dr. Saijo Thaikkattil) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**6. Basic Bible Course (BBC)**

ഞായറാഴ്ച്ചകളിൽ 2.00 pm മുതൽ 5.00 pm വരെയാണ് ക്ലാസ്സ്. ജനുവരി മാസം ക്ലാസ്സ് നയിച്ചവർ Rev. Dr. Dijo Olakkengil, Sri. Joseph Tharakan. Cu Courലെ ൽ 100 പേർ പങ്കെടുക്കുന്നു.

**7. Certificate Course on Guidance and Counselling**

- Certificate Course on Guidance and Counselling
  One Year Course (10th Feb 2024 to 09th Feb 2025)
  At DBCLC, Archdiocese of Trichur
- Ten different topics related to Counselling
  Every month Two Sundays Afternoon Classes (2 pm to 5 pm)
- Under Indian Institute of Christian Studies (Sponsor of the Chair for Christian Studies and Research, University of Calicut)
- Course Fee: 2500 (2100 + University Registration Fee 400)
- We have limited seats. Book your seats today itself. For booking and more details: +91 91881 31341

**ഫാ. ലിജോ ചാലിശ്ശേരി**
ഡീൻ & റെജിസ്ട്രാർ

**റവ. ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

EXCEL ACADEMY
Archdiocese of Trichur
Institute for Career Formation

# എക്സൽ അക്കാദമി

**CUET (Common University Entrance Test)**

2024 മെയ് മാസത്തിൽ നടക്കുന്ന CUET Exam നുള്ള കോച്ചിങ്ങ് ഉടനെ ആരംഭിക്കുന്നു. അഡ്മിഷൻ ആരംഭിച്ചു.

**K-TET (Kerala Teachers eligibility Test)**

K-TET Exam നുള്ള കോച്ചിങ്ങ് ആരംഭിക്കുന്നു. കാറ്റഗറി 1,2,3,4 (LP, UP, High School) ടീച്ചർമാർക്കുള്ള K-TET കോച്ചിങ്ങിന്റെ പതിനേഴാമത്തെ ബാച്ചാണ് ആരംഭിക്കുന്നത്. ഫെബ്രുവരി 5–ാം തിയതി മുതൽ രജിസ്ട്രേഷൻ ആരംഭിക്കും.

**ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം**
**(Coaching Centre for Minority Youth)**

കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ് ചകളിലും PSC സൗജന്യപരിശീലന ക്ലാസ്സുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

**സിവിൽ സർവ്വീസ് കോഴ്സ്**

സിവിൽ സർവ്വീസ് കോഴ്സ്, വീക്കെന്റ് ബാച്ച് DBCLC Excel Academy യിൽ നടന്നുകൊിരിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും രാവിലെ 10 മണിമുതൽ 3.30 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. പ്ലസ്ടു, ഡിഗ്രി, പിജി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ബാച്ചിൽ അഡ്മിഷൻ എടുക്കാവുന്നതാണ്. സിവിൽ സർവ്വീസ് കോഴ്സ്, ഡെയ്‌ലി ബാച്ച് ഉടനെ ആരംഭിക്കും.

**Excel Excellence Exam**

തൃശ്ശൂർ അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്കൂളുകളിലും വെച്ച് നവംബർ-ഡിസംബർ മാസത്തിൽ നടന്ന Excel Excellence

Exam ന്റെ റിസൽറ്റ് ഫെബ്രുവരി 10–ാം തിയതി പ്രസിദ്ധീകരിക്കും.

കൂടുതൽ വിവരങ്ങൾക്ക് – 9744941585, 9847276657, 7306952904

**മാണി. കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# മേരിമാതാ മേജർ സെമിനാരി

**പരീക്ഷകൾ, അവധിക്കാലം**

ഈ വർഷത്തിലെ രണ്ടാം സെമസ്റ്ററിലെ ആദ്യപാദ പരീക്ഷകൾ ഡിസംബർ 12 മുതൽ 19 വരെയുള്ള ദിവസങ്ങളിൽ നടത്തപ്പെട്ടു. ക്രിസ്തുമസ് അവധിക്കുശേഷം വൈദികവിദ്യാർത്ഥികൾ ജനുവരി 5 ന് തിരിച്ചെത്തി.

**മാസധ്യാനം**

2023 വർഷത്തിലെ അവസാന മാസധ്യാനം ഡിസംബർ 20 ന് നടത്തപ്പെട്ടു. രാമനാഥപുരം രൂപത മൈനർ സെമിനാരി റെക്ടർ ബഹുമാനപ്പെട്ട സജീവ് ഇമ്മട്ടിയച്ചനാണ് ധ്യാനചിന്തകൾ പകർന്ന് നല്കിയത്. തീക്ഷ്ണതയിൽ മാന്ദ്യംകൂടാതെ കർത്താവിനുവേണ്ടി ജോലിചെയ്യാൻ നമ്മൾ തയ്യാറാകണം എന്ന് അച്ചൻ ആഹ്വാനം ചെയ്തു.

**ക്രിസ്തുമസ് ആഘോഷം**

സെമിനാരിയിലെ ക്രിസ്തുമസ് ആഘോഷങ്ങൾ ഡിസംബർ 20 ന് വൈകീട്ട് നടത്തപ്പെട്ടു. അന്നേദിവസം വൈകീട്ട് 7 മണിക്ക് നടന്ന പ്രാർത്ഥനാശുശ്രൂഷകൾക്കു സെമിനാരി റെക്ടർ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ ചാലയ്ക്കലച്ചൻ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ ബഹുമാനപെട്ട സിന്റോ പൊറുത്തൂർ അച്ചൻ ക്രിസ്തുമസ് സന്ദേശം നൽകി. വിവിധ ബാച്ചുകളുടെ നേതൃത്വത്തിൽ കണ്ണഞ്ചിപ്പിക്കുന്ന കലാപരിപാടികളും അന്നേദിവസം ഉണ്ടായിരുന്നു.

**തിരുപ്പട്ടങ്ങൾ**

മേരിമാതാ സെമിനാരിയിൽ ഈ വർഷം പരിശീലനം പൂർത്തിയാക്കിയ 17 ഡീക്കന്മാരിൽ 14 പേരുടെ തിരുപ്പട്ടസ്വീകരണങ്ങൾ ഡിസംബർ 26 മുതൽ ആരംഭിച്ചു. തിരുപ്പട്ടസ്വീകരണ ശുശ്രൂഷകളിൽ

സെമിനാരികുടുംബം ഭക്തിയോടെ സംബന്ധിച്ചു.

**ദനഹാതിരുന്നാൾ**

ജനുവരി 5 ന് വൈകീട്ട് നടന്ന ദനഹാതിരുന്നാൾ പ്രത്യേക പ്രാർത്ഥനകൾക്കും സന്ദേശത്തിനും പിണ്ടിതെളിയിക്കലിനും സെമിനാരി വൈസ് റെക്ടർ ബഹുമാനപ്പെട്ട ഫ്രീജോ പാറക്കലച്ചൻ നേതൃത്വം നൽകി. ജനുവരി 6 ന് നടന്ന ആഘോഷമായ തിരുന്നാൾ ദിവ്യബലിയ്ക്ക് ചിക്കാഗോ രൂപതാധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് മുഖ്യകാർമ്മികത്വം വഹിച്ചു.

**നവവൈദികർക്കുള്ള സ്വീകരണം**

ഈ വർഷം മേരിമാതാ സെമിനാരിയിൽ നിന്ന് പരിശീലനം പൂർത്തിയാക്കി വിവിധ രൂപതകൾക്കുവേണ്ടിയും സന്യാസ സമൂഹ ങ്ങൾക്കുവേണ്ടിയും പൗരോഹിത്യം സ്വീകരിച്ച നവവൈദികർക്കുള്ള സ്വീകരണം ജനുവരി 7 ന് നടത്തപ്പെട്ടു. അന്നേദിവസം വൈകീട്ട് 8 മണിക്ക് നടന്ന അനുമോദനയോഗത്തിൽ സെമിനാരി റെക്ടർ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ ചാലയ്ക്കലച്ചൻ എല്ലാ നവവൈ ദികർക്കും സ്വാഗതവും പ്രാർത്ഥനാശംസകളും നേർന്നു. ഡീക്ക ന്മാരുടെ ആനിമേറ്റർ ബഹുമാനപ്പെട്ട ഡേവീസ് കാവുങ്കൽ അച്ചൻ ആശംസകൾ അറിയിച്ചു സംസാരിച്ചു. ബഹുമാനപ്പെട്ട നവവൈദികർ തങ്ങളുടെ സന്തോഷവും, പുത്തൻഅനുഭവങ്ങളും സഹോദരങ്ങ ളുമായി പങ്കുവെച്ചു. ജനുവരി 8 ന് രാവിലെ 6.30 ന് നടന്ന സമൂഹബ ലിക്ക് നവവൈദികർ കാർമ്മികരായി.

**അജപാലനശുശ്രൂഷ മേഖലകളിലെ വികാരിമാരുടെ സംഗമം**

മേരിമാതാ മേജർ സെമിനാരിയിലെ വൈദികവിദ്യാർത്ഥികൾ സേവനം ചെയ്യുന്ന ഇടവകകളിലെ വികാരിമാരുടെ സംഗമം ജനു വരി 9 ന് നടത്തപ്പെട്ടു. അന്നേദിവസം പറോക്ക് കോൺഫറൻസ് ഹാളിൽ വെച്ച് രാവിലെ 11 ന് സ്റ്റാഫംഗങ്ങളുമായി നടന്ന യോഗത്തിൽ വികാരിയച്ചന്മാർ താത്പര്യത്തോടെ സംബന്ധിച്ചു. ഉച്ചകഴിഞ്ഞു 1.30ന് സെമിനാരി ഓഡിറ്റോറിയത്തിൽവെച്ച് നടന്ന സംഗമത്തിൽ വികാരിയച്ചന്മാരും വൈദികവിദ്യാർത്ഥികളും തങ്ങളുടെ അനുഭ വങ്ങൾ പങ്കുവെച്ചു.

ബേഴ്സ് സ്ഥാപിച്ചവർ

Individual Benefactor Membership

1. ശ്രീ. പി. പി. ലോനപ്പൻ & ശ്രീമതി മറിയാമ്മ കെ.ജെ. പിണ്ടിയാൻ, പള്ളിക്കുന്ന്, വരന്തരപ്പിള്ളി.

**ഫാദർ സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ജൂബിലിയിൽ കരുണയുടെ ക്രിസ്തുമസ്**

ഗ്രാന്റ് ക്രിബ്ബ് ഓപ്പണിംഗ് സെറിമണിയിൽ വിശിഷ്ഠാതിഥികളായി ഒല്ലൂർ അസി. കമ്മീഷണർ ഓഫ് പോലീസ് ശ്രീ. മുഹമ്മദ് നദീം ഐ.പി.എസ്., തൃശ്ശൂർ കോർപ്പറേഷൻ സൂപ്രണ്ടിങ്ങ് എഞ്ചിനീയർ ശ്രീമതി ഷൈബി ജോർജ്ജ് ന്നിവർ സന്നിഹിതരായിരുന്നു. ജൂബിലിയുടെ എഴുപത്തിമൂന്നാം വാർഷികത്തോടനുബന്ധിച്ച് 730 സൗജന്യഡയാലിസിസ് നടത്തുകയും ചെയ്തു.

**രജത ജൂബിലിയും : സ്ഥാപകദിനാഘോഷവും**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ എഴുപത്തിമൂന്നാമത് സ്ഥാപകദിനാഘോഷവും ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയന്റെ പൗരോഹിത്യ രജതജൂബിലിയും ആഘോഷിച്ചു. പ്രശസ്ത സിനിമാ സംവിധായകൻ ശ്രീ. സത്യൻ അന്തിക്കാട് പരിപാടി ഉദ്ഘാടനം ചെയ്തു. മാർ ആൻഡ്രൂസ് താഴത്തും സത്യൻ അന്തിക്കാടും ചേർന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയനെയും അദ്ദേഹത്തിന്റെ മാതാപിതാക്കളേയും രജതജൂബിലി ആഘോഷിക്കുന്ന ജൂബിലിയിലെ മറ്റ് സന്യസ്തരേയും ജൂബിലിയിൽ 25 വർഷത്തെ സേവനം പൂർത്തിയാക്കിയ സ്റ്റാഫുകളേയും കഴിഞ്ഞ വർഷം റിട്ടയർ ആയ സ്റ്റാഫുകളേയും ആദരിച്ചു. ചടങ്ങിനോടനുബന്ധിച്ച് മണപ്പുറം ഫൗണ്ടേഷൻ സി. എസ്.ആർ. പദ്ധതിയുടെ ഭാഗമായി ആശുപത്രിക്ക് മൂന്ന് ഡയാലിസിസ് മെഷീനുകളും ജോസ് ആലുക്കാസ് 77 ലക്ഷം രൂപ ചിലവ് വരുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റും സ്പോൺസർ ചെയ്തു. ഡയറക്ടറച്ചന്റെ പൗരോഹിത്യ രജതജൂബിലി സ്മാരകമായി നവജാതശിശുക്കൾക്ക് സഹായം നൽകുന്നതിനുവേണ്ടി ജൂബിലി മിഷൻ ആശുപത്രിയിൽ ആരംഭിക്കുന്ന 25 ലക്ഷം രൂപയുടെ പുതിയ പ്രോജക്റ്റായ - ജൂബിലി കിന്റർ മിഷൻ പ്രോജക്ടിന്റെ ഉദ്ഘാടനം മണപ്പുറം ഫിനാൻസിന്റെ മാനേജിങ്ങ് ഡയറക്ടർ വി. പി. നന്ദകുമാർ ഉദ്ഘാടനം ചെയ്തു. ശ്രീ. സത്യൻ അന്തിക്കാട് 'ഡോക്ടേഴ്സ് ആപ്' ഉദ്ഘാടനം ചെയ്തു. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് മുഖ്യാതിഥി സത്യൻ അന്തിക്കാടിനെ ആദരിച്ചു.

**ജൂബിലിക്ക് അപൂർവ്വ നേട്ടം റോസ്കുമാരിക്ക് പുതുജീവൻ**

ഹൃദയത്തിന്റെ ഭിത്തിയിൽ ദ്വാരം വീഴുന്ന 'വെൻട്രിക്കുലാർ

സെപ്റ്റൽ റപ്ച്ചർ' എന്ന അതിഗുരുതര രോഗാവസ്ഥയിൽ ആശുപത്രിയിലെത്തിയത്. വെൻട്രിക്കുലാർ സെപ്റ്റൽ ഡിവൈസ് ക്ലോഷർ എന്ന നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ദ്വാരം അടച്ചു. ഡോ. ബിനോ ബെഞ്ചമിൻ, ഡോ. ഷിബു സി. കള്ളിവളപ്പിൽ, ഡോ. എഡ്വിൻ, ഡോ. ജോൺ ഇ. വി., ഡോ. അപർണ എ. വി. എന്നിവർ സംയുക്തമായി സങ്കീർണമായ ചികിത്സ വിജയകരമായി പൂർത്തിയാക്കി. ഹൃദയ ഭിത്തിയിലെ വിള്ളൽ നൂറ് ശതമാനം അടയ്ക്കുവാൻ കഴുത്തിലേയും കാലിലേയും രക്തധമനി വഴി ഡോക്ടർമാർക്ക് സാധിച്ചു. അടുത്ത ദിവസം തന്നെ വെന്റിലേറ്റർ സഹായം മാറ്റുവാൻ സാധിച്ചതും പ്രശംസനീയമായിരുന്നു.

**സർക്കാർ അംഗീകൃത കോഴ്സുകൾ**

കേരള പാരാമെഡിക്കൽ കൗൺസിലിന്റെ അംഗീകാരമുള്ള ഡയറക്ടറേറ്റ് ഇൻ മെഡിക്കൽ എജുക്കേഷന്റെ (DME) കീഴിലുള്ള മെഡിക്കൽ ലാബ് ടെക്നോളജി, ഓപ്പറേഷൻ തിയ്യറ്റർ ടെക്നോളജി എന്നീ ഡിപ്ലോമ കോഴ്സുകൾ തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിൽ ആരംഭിച്ചു. തൃശ്ശൂർ അതിരൂപത വികാരി ജനറൽ ഫാ. ജോസ് കോനിക്കര കോഴ്സുകളുടെ ഔദ്യോഗികമായ ഉദ്ഘാടനം നിർവ്വഹിച്ചു.

**അഭിനന്ദനങ്ങൾ**

കേരള ആരോഗ്യ സർവ്വകലാശാലയുടെ സംസ്ഥാനതല ടേബിൾ ടെന്നീസ് ടൂർണമെന്റിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. ടീം അംഗങ്ങളെ അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, ഫിസിക്കൽ എഡ്യുക്കേഷൻ ഇൻസ്ട്രക്റ്റർ ഇ. ജെ. ജോർജ്ജ് എന്നിവർ അഭിനന്ദിച്ചു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- സിസ്റ്റർ ലീ ജോസ്, ലാബ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- പാട്രിക് ജോസഫ്, പുലിക്കോട്ടിൽ ഹൗസ്, ചിറ്റാട്ടുകര, തൃശ്ശൂർ
- മനു ഫാർമ, തൃശ്ശൂർ
- ഷീല ഫ്രാൻസിസ്, ചിറയത്ത് ഹൗസ്
- വെനസ്ഡേ ക്ലബ്, എറണാകുളം
- ചാക്കോ & സാറ, അരിമ്പൂർ ചീരോത ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- റോസ തോമസ്, അറക്കൽ ഹൗസ്, നെല്ലങ്കര, തൃശ്ശൂർ
- ഷിബി, പ്ലാക്കുഴി, കണ്ണാറ, തൃശ്ശൂർ
- ആതിരമോൾ, സ്റ്റാഫ് നേഴ്സ്, എം.സി.സി.യു., ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- ലിസ്സി ജോഷി, ചിറയത്ത് ഹൗസ്, പഴുവിൽ, തൃശ്ശൂർ
- സാബു ജോൺ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- മേരി ജോൺ, അറക്കൽ ഹൗസ്, നെല്ലങ്കര, തൃശ്ശൂർ
- ഷൈന ചാക്കോച്ചൻ, എം. ആർ. ഡി. സ്റ്റാഫ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- സംഗീത, കുതുമേട്, പാലക്കാട്

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. കാലിക്കറ്റിന് ഓവറോൾ കിരീടം**

അഖിലേന്ത്യാ അന്തർ സർവകലാശാല പുരുഷ അത്‌ലറ്റിക് മീറ്റിൽ സെന്റ് തോമസിന്റെ കരുത്തിൽ കാലിക്കറ്റ് സർവകലാശാലക്ക് ഓവറോൾ കിരീടം.

മെഡൽ നേട്ടത്തിൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ വിദ്യാർത്ഥികളുടെ പ്രകടനം നിർണായകമായി. 90% മെഡലും നേടിയത് സെന്റ് തോമസ് കോളേജ്. ജീവൻ കുമാർ ടി, അജിത്ത് ജോൺ എന്നിവർ 4*100 മീറ്ററിൽ സ്വർണ മെഡൽ നേടി.

**2. കാലിക്കറ്റ് യൂണിവേഴ്സിറ്റി ട്രാക്ക് സൈക്ലിങ്**

സേക്രഡ് ഹാർട്ട് കോളജിൽ നടത്തിയ കാലിക്കറ്റ് സർവകലാശാല ഇന്റർ കൊളീജിയറ്റ് ട്രാക്ക് സൈക്ലിങ് പുരുഷ-വനിതാ ചാംപ്യൻ ഷിപ്പിൽ പുരുഷ വിഭാഗത്തിൽ 58 പോയിന്റുമായി തൃശൂർ സെന്റ്

തോമസ് കോളേജ് ചാംപ്യന്മാരായി.

**3. യോഗാസന ചാമ്പ്യൻഷിപ്പിൽ സ്വർണമെഡൽ**

സെന്റ് തോമസ് കോളേജിലെ നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് വിദ്യാർത്ഥിയായ അഞ്ജലി സി.യു., കാലിക്കറ്റ് സർവകലാശാലയെ പ്രതിനിധീകരിച്ച് ഒഡീഷയിലെ ഭുവനേശ്വറിലെ കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡസ്ട്രിയൽ ടെക്നോളജിയിൽ നടന്ന അഖിലേന്ത്യ അന്തർ സർവകലാശാല യോഗാസന ചാമ്പ്യൻ ഷിപ്പിൽ സ്വർണ മെഡൽ കരസ്ഥമാക്കി.

**4. ഇന്റർ യൂണിവേഴ്സിറ്റി ക്യാപ്റ്റൻ**

ദക്ഷിണമേഖല അന്തർ സർവകലാശാല ഫുട്ബോൾ ചാമ്പ്യൻ ഷിപ്പിനുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീമിന്റെ ക്യാപ്റ്റനായി സെന്റ് തോമസ് കോളേജിലെ കെ.പി. ഷംനാദ് തിരഞ്ഞെടുക്കപ്പെ ടുകയും ചെയ്തു.

**5. ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിലെ താരങ്ങൾ**

ഒന്നാം വർഷ ഇംഗ്ലീഷ് ബിരുദ വിദ്യാർത്ഥിയായ അലക്സ് പി. തങ്കച്ചൻ പുതിയ മീറ്റ് റെക്കോർഡോടെ (50.90 മീറ്റർ) ഡിസ്കസ് ത്രോയിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കി.

സെന്റ് തോമസ് കോളേജിലെ മൂന്നാം വർഷ സാമ്പത്തിക ശാസ്ത്ര ബിരുദ വിദ്യാർത്ഥിയായ ഷംനാദ് കെ.പി, രാഹുൽ. പി.വേണു, അനന്ദു.എൻ.എസ്, ജിസ്സെൽ ജോളി എന്നിവർ കാലിക്കറ്റ് സർവ്വകലാശാല ഫുഡ്ബോൾ ടീമിലേക്ക് സെലക്ഷൻ നേടി.

സെന്റ് തോമസ് കോളേജിലെ രണ്ടാം വർഷ എം.എ. ഇംഗ്ലീഷ് വിദ്യാർത്ഥി കളായ സ്കിൽറ്റിൽ പോൾ സൗത്ത് വെസ്റ്റ് സോൺ ഇന്റർ യൂണിവേഴ്സിറ്റി വെയ്റ്റ് ലിഫ്റ്റിങ്ങ് ചാംപ്യൻഷിപ്പിൽ 81 കി.ഗ്രാം വിഭാഗത്തിൽ സ്വർണ്ണം നേടി.

**6. പ്ലേസ്മെന്റ് സെൽ**

പ്ലേസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ വിവിധ വിദ്യാർത്ഥി കൾക്കായി പ്ലേസ്മെന്റ് ഡ്രൈവ് നടത്തി. വിദ്യാർത്ഥികൾക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചു. അസഞ്ചർ-82, സിഫോ-10.

**7. സെന്റിനൽ ഇന്റർനേഷനൽ ലക്ചർ സീരീസ് 2023**

സെന്റ് തോമസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം 'ടു വാർഡ്സ് എക്സസിബിൾ പ്രാക്ടീസസ്: എ ബ്രീഫ് ഹിസ്റ്ററി ആന്റ് പോസ്സി ബിൾ ഫ്യൂചർ 'എന്ന വിഷയത്തിൽ ലക്ചർ സീരീസ് സംഘടിപ്പിച്ചു. പ്രൊഫ. കാൻറ്റ കോചാർ ആണ് ലക്ചർ നയിച്ചത്.

**8. 'ജ്വാല 2023' ഫൈൻ ആർട്സ് ഫെസ്റ്റിവൽ**

സെന്റ് തോമസ് കോളേജിൽ 'ജ്വാല 2023' ഫൈൻ ആർട്സ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു. വാശിയേറിയ മത്സരത്തിനൊടുവിൽ കോമേഴ്സ് വിഭാഗം ഒന്നാം സ്ഥാനവും ഇംഗ്ലീഷ് & ഹിസ്റ്ററി വിഭാഗം രണ്ടാം സ്ഥാനവും സാമ്പത്തിക ശാസ്ത്ര വിഭാഗം മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**9. മനുഷ്യാവകാശദിനം ആചരിച്ചു**

സെന്റ് തോമസ് കോളേജിലെ ക്രിമിനോളജി ആന്റ് പൊലീസ് സയൻസ് വിഭാഗം, മനുഷ്യാവകാശദിനത്തോടനുബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചു. കേരള കൗമുദിയിലെ ജേർണലിസ്റ്റ് ശ്രീ.വി. ബി. രാജൻ ക്ലാസ്സ് നയിച്ചു.

**10. ഇന്നൊവേറ്റീവ് സ്റ്റാർ ക്രിബ് മത്സരം**

സെറ്റ് തോമസ് കോളേജിലെ ഗാന്ധി സ്മൃതി ഹാളിൽ വച്ച എന്റർപ്രെണോർ ഷിപ്പ് ഡവെലപ്പ് ക്ലബിന്റെ ആഭിമുഖ്യത്തിൽ 'ഇന്നൊവേറ്റീവ് സ്റ്റാർ ക്രിബ്' മത്സരം നടത്തി.

**11. ഡോവി ഡിലൈറ്റ്സ്**

സെന്റ് തോമസ് കോളേജിലെ എന്റർപ്രെണോർഷിപ്പ് ഡെവെലപ്പ്മെന്റ് ക്ലബ് വാഴപ്പിള്ളി ഹാളിൽ വച്ച് 'ഡോവി ഡിലൈറ്റ്സ്' എന്ന പരിപാടി സംഘടിപ്പിച്ചു. 'ബെസ്റ്റ് ഇന്നൊവേറ്റീവ് കേക്ക്, ബെസ്റ്റ് നൂട്രീഷ്യസ് കേക്ക്' എന്നീ രണ്ട് മത്സരങ്ങളാണ് നടത്തിയത്.

**12. വർക്ക്ഷോപ്പ്**

സെന്റ് തോമസ് കോളേജിലെ ഡാറ്റാ സയൻസ് വിഭാഗവും ഇൻസ്റ്റിറ്റ്യൂഷൻസ് ഇന്നൊവേഷൻ കൗൺസിലും ഇന്നൊവേഷൻ ആൻഡ് എന്റർപ്രണോർഷിപ്പ് ഡെവലപ്പ്മന്റ് സെന്ററും ഒരുമിച്ച് ബി. വോക്ക് സയൻസ് ലാബിൽ വച്ച് 'ഫ്ലട്ടർ ഫോർജ്: എംപവറിങ്ങ് എന്റർപ്രണോർസ് ത്രൂ മോബേൽ ആപ്പ് മാസ്ട്രീ' എന്ന വിഷയത്തിൽ രണ്ടു-ദിന വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

**13. സെന്റ് തോമസ് കോളേജിൽ ഹോംഡേ ആഘോഷിച്ചു**

ഹോം ഡേ ആഘോഷങ്ങൾ വർണ്ണാഭമായ ചടങ്ങുകളോടെ ആഘോഷിച്ചു. തൃശ്ശൂർ അതിരൂപത അദ്ധ്യക്ഷൻ മാർ. ആൻഡ്രൂസ് താഴത്ത് മുഖ്യ സന്ദേശം നൽകി. മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രിൻസിപ്പാൾ റവ.ഡോ. മാർട്ടിൻ കെ. എ. സ്വാഗതം നേരുകയും കോളേജ് എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. ബിജു പാണേങ്ങാടൻ പ്രഭാഷണം നടത്തുകയും

ചെയ്തു. ജൂബിലേറിയനായ ഫാദർ പോൾ ചിറ്റിലപ്പിള്ളിയെയും ഫാ. ഡോ. ദേവസി പന്തല്ലൂർക്കാരനെയും യോഗത്തിൽ ആദരിച്ചു.

**14. പുസ്തകപ്രകാശനം**

സെന്റ് തോമസ് കോളേജ് സ്ഥാപകൻ ആയിട്ടുള്ള ഫാദർ മെഡിലീക്കോട്ട് രചിച്ച പുസ്തകത്തിന്റെ പരിഭാഷയായ 'ഇന്ത്യയും തോമസ് അപ്പസ്തോലനും തോമായുടെ നടപടികളുടെ ഒരു വിമർശ നാത്മക അപഗ്രഥന അന്വേഷണം' എന്ന ഫാദർ ദേവസി പന്തല്ലൂ ക്കാരൻ പരിഭാഷപ്പെടുത്തിയ പുസ്തകം പ്രകാശനം ചെയ്തു.

**15. ദേശീയ ഊർജ്ജസംരക്ഷണ ദിനം**

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പ് എനർജി മാനേജ്മെൻറ് സെന്റർ ഗവ. കേരള 2022- 23 വർഷത്തിലെ സംസ്ഥാനതലത്തിലെ മികച്ച ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ക്കുള്ള പ്രശസ്തി പത്രം തൃശ്ശൂർ സെന്റ് തോമസ് കോളേജിനു ലഭിച്ചു.

**16. 'സ്നേഹക്കൂട്' വയോജനങ്ങളോടൊപ്പം**

'സ്നേഹക്കൂട് - വയോജനങ്ങളോടൊപ്പം ഒരുദിനം' എന്ന പ്ര ത്യേക പരിപാടിയുടെ ഭാഗമായി സെന്റ് തോമസ് കോളേജിലെ സോഷ്യൽവർക്ക് ഡിപ്പാർട്ട്മെന്റ് ഒന്നാം വർഷ വിദ്യാർത്ഥികൾ വൃദ്ധമന്ദിരത്തിൽ എത്തി. കൊളങ്ങാട്ടുക്കര ബഥനിഭവൻ വൃദ്ധമന്ദിരത്തിലായിരുന്നു സന്ദർശനം ഇനിയും വരുമെന്നുറപ്പ് പ റഞ്ഞ് അവർ മടങ്ങി.

**17. ഡോ. ഡെയ്സൻ പാണേങ്ങാടന് സാഹിത്യപുരസ്കാരം**

യു.എ ഖാദർ ഭാഷാശ്രീ സംസ്ഥാന സാഹിത്യ പുരസ്കാരത്തിന് സെന്റ് തോമസ് കോളജിലെ ഭൗതിക ശാസ്ത്ര അദ്ധ്യാപകൻ ഡോ. ഡെയ്സൻ പാണേ ങ്ങാടൻ തെരഞ്ഞെടുക്കപ്പെട്ടു.

**18. 'സൂടോക്സ്' സീരീസിലെ അഞ്ചാമത് ക്ലാസ് സംഘടിപ്പിച്ചു**

സെന്റ് തോമസ് കോളേജിൽ സുവോളജി വിഭാഗം സൂടോക്സ് സീരീസിന്റെ അഞ്ചാമത് സെമിനാർ സംഘടിപ്പിച്ചു. 'ഇൻസെക്റ്റ് ഫൊറേജേർസ് ആന്റ് ദെയർ ഫൊറേജിംഗ് ആക്റ്റിവിറ്റി ഓൺ മാംഗ്രൂവ്' എന്ന വിഷയത്തിൽ റിസർച്ച് സ്കോളർ വിനയ.കെ ക്ലാസ്സ് നയിച്ചു.

**19. സെമിനാർ**

സെന്റ് തോമസ് കോളേജിലെ ബോട്ടണി വിഭാഗം 'ദി പാഷൻ 9' - സ്റ്റോറീസ് ഓഫ് ന്യൂ സ്പീഷീസ് ഡിസ്കവറി' എന്ന ഏകദിന സെമിനാർ സംഘടിപ്പിച്ചു.

**20. നവവൈദികർക്ക് സ്വീകരണം**

തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ നേതൃത്വത്തിൽ പൂർവ്വ വിദ്യാർത്ഥികളായ 10 നവവൈദികർക്ക് സ്വീകരണം നൽകി. തുടർന്ന് നവ വൈദികർ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

**21. പ്രഗതി 3.0 – 5,6 ലെക്ചേഴ്സ്**

സെന്റ് തോമസ് കോളേജിലെ സാമ്പത്തികശാസ്ത്ര വിഭാഗം സംഘടിപ്പിച്ച പ്രഗതി ലെക്ചർ സീരീസിലെ 5–ാമത് ലെക്ചർ ഓൺലൈൻ വഴി നടത്തി. അഭിഷേക് ടൂപേ ആയിരുന്നു മുഖ്യ പ്രഭാഷകൻ.

** പ്രഗതി ലെക്ചർ സീരീസിലെ 6–ാമത് ലെക്ചർ കവിപ്രതിഭ ഹാളിൽ നടത്തി. അരുൺ സി. അടാറ്റ് (ഐ.ഇ.എസ്) ആയിരുന്നു മുഖ്യ പ്രഭാഷകൻ. യുവാക്കളിലെ തൊഴിലില്ലായ്മയും ശേഷി വികസനത്തെയും കുറിച്ചായിരുന്നു ക്ലാസ്.

**22. വർക്ക്ഷോപ്പ്**

സെന്റ് തോമസ് കൊളേജിലെ കംപ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗം 'നെറ്റ്വവർക്കിങ്ങ് യാത്രയിലേക്കുള്ള തുടക്കം' എന്ന വിഷയത്തിൽ ക്ലാസ് സംഘടിപ്പിച്ചു. റവ. ഡോ. ഫിനോഷ് കീറ്റിക്കയാണ് ഉദ്ഘാടനം നിർവഹിച്ചത്. വിദ്യ പരിശീലന വികസന കേന്ദ്രം, തൃശൂർ ആണ് വർക്ക്ഷോപ്പ് നടത്തിയത്.

**23. ഗവേഷണ ബിരുദം നേടി**

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ ഗവേഷണ വിദ്യാർത്ഥിയായ മിസ്. ബീനു തോമസ് ഡോ. വി. എം. ചാക്കോയുടെ മേൽനോട്ടത്തിൽ ഗവേഷണ ബിരുദം നേടി.

**24. അമർത്യ' 24**

സെന്റ് തോമസ് കോളേജിലെ കൊമേഴ്സ് വിഭാഗം അമർത്യ'24 – ഇന്റർനാഷണൽ കൊമേഴ്സ് ഫെസ്റ്റ് സംഘടിപ്പിച്ചു. മണപ്പുറം ഫിനാൻസ് മാനേജിങ് ഡയറക്ടർ ശ്രീ വി.പി. നന്ദകുമാർ ആയിരുന്നു മുഖ്യാതിഥി.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ.

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**യൂണിവേഴ്സിറ്റി പരീക്ഷ**

2023-25 ബി.എഡ് ബാച്ചിന്റെ ഫസ്റ്റ് സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷ ജനുവരി 4 മുതൽ 12 വരെ ദിവസങ്ങളിൽ നടന്നു.

**വർക്ക്ഷോപ്പ് സംഘടിപ്പിച്ചു**

പാഠ്യപദ്ധതിയുടെ ഭാഗമായി ടഡജണ ശില്പശാല നടത്തി. മിസ്സിസ്. സന്ധ്യ.കെ യുടെ നേതൃത്വത്തിൽ ആർട്ട്സ് ആന്റ് ക്രാഫ്റ്റ് സാമഗ്രികൾ ഉണ്ടാക്കുവാൻ പരിശീലിപ്പിക്കുന്ന ശിൽപശാല ജനുവരി എട്ടാം തിയ്യതി നടത്തി.

**പ്രാക്ടിക്കൽ പരീക്ഷ**

സെക്കന്റ് ഇയർ ബാച്ചിന്റെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 16 തിങ്കളാഴ്ച നടത്തി. പരീക്ഷയോട് അനുബന്ധിച്ചുള്ള ക്ലാസുകൾ എൻ.എസ്.എസ് മുള്ളൂർക്കരയിലും, വൈവ പരീക്ഷ മഹാജൂബിലി ട്രെയിനിംഗ് കോളേജിലുമായി നടത്തി. ഡോ.സ്മിത ആർ അവർക ളുടെ നേതൃത്വത്തിലുള്ള അധ്യാപകരാണ് പരീക്ഷ നടത്തിയത്.

**ഡെമോൺസ്ട്രേഷൻ ക്ലാസ്**

ജനുവരി 19 വെള്ളിയാഴ്ച മുള്ളൂർക്കര എൻ.എസ്.എസ്.എച്ച്. എസ്.എസ് സ്കൂളിൽ വെച്ച് ഫസ്റ്റ് ഇയർ വിദ്യാർത്ഥികൾക്കായി ഡെമോൺസ്ട്രേഷൻ ക്ലാസ് സംഘടിപ്പിച്ചു.

**സിനർജി സീരീസ്**

ജനുവരി 22 തിങ്കളാഴ്ച അഡോളിസ്റ്റ് പ്രോബ്ലംസ് ആന്റ് റെമ ഡിയൽ മെഷേഴ്സ് എന്ന വിഷയത്തെ അടിസ്ഥാനമാക്കി സെമിന ാർ സംഘടിപ്പിച്ചു. സിസ്റ്റർ ലിസറ്റ് വിഷയത്തെ ആസ്പദമാക്കി പ്രബന്ധം അവതരിപ്പിച്ചു.

**റിപ്പബ്ലിക് ദിനാഘോഷം**

ജനുവരി 25 വ്യാഴാഴ്ച സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമു ഖ്യത്തിൽ കോളേജ് റിപ്പബ്ലിക് ദിനാഘോഷം സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ റവ. ഡോ. ചാക്കോ ചിറമ്മൽ റിപ്പബ്ലിക്ക് ദിനാഘോഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ദേശഭക്തിഗാനവും മറ്റു കലാപരിപാടികളും സംഘടിപ്പിച്ചു.

**ഇനിഷ്യേറ്ററി സ്കൂൾ എക്സ്പീരിയൻസ്**

ഫസ്റ്റ് ഇയർ ബി.എഡ് ബാച്ചിന്റെ ഇനീഷ്യേറ്ററി സ്കൂൾ എക്സ് പീരിയൻസ് ജനുവരി 29 മുതൽ ഫെബ്രുവരി 2 വരെ 12 സ്കൂളുക ളിലായി നടത്തി.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ..**

2 വെള്ളി – ആദ്യവെള്ളി, വി. കുർബാന
4 ഞായർ – ലോക കാൻസർ ദിനം
11 ഞായർ – ലൂർദ്ദ് മാതാവ് (രോഗീദിനം)
13 ചൊവ്വ – റേഡിയോ ദിനം
21 ബുധൻ – മാതൃഭാഷ ദിനം
25 ഞായർ – വാഴ്ത്തപ്പെട്ട സി. റാണി മരിയ
28 ബുധൻ – ശാസ്ത്രദിനം

**2. വാർഷിക പരീക്ഷകൾ**

വാർഷിക പരീക്ഷകൾ ആരംഭിക്കാറായി. വിദ്യാർത്ഥിനി വിദ്യാർ ത്ഥികളെ പരീക്ഷകൾക്ക് നന്നായി ഒരുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. S.S.L.C., Plus Two വിദ്യാർത്ഥികൾക്ക് സ്പെഷൽ ക്ലാസ്സുകൾ വേണ മെങ്കിൽ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ നൽകുന്ന നിർദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുമല്ലോ. പഠനത്തിൽ പിന്നിൽ നിൽക്കു ന്നവർക്ക് പ്രത്യേക പരിശീലനം നൽകി, എല്ലാ സ്കൂളുകളും 100% വിജയം നേടാൻ പ്രത്യേകം ശ്രദ്ധിക്കുക. ഫുൾ A+ കിട്ടുവാൻ സാധ്യതയുള്ളവർക്കും പ്രത്യേകം പരിശീലനം നൽകുമല്ലോ.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെൻ്റർ

**ഫെബ്രുവരി മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഫെബ്രുവരി മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 7,8,9ച 21,22,23. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള സൈറ്റാണിത് www.trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**മരിയൻ കൗൺസിലിംങ് സെൻ്റർ**

ഫാമിലി അപ്പസ്റ്റൊലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസിലിംങ് സെന്ററിലേക്ക് നമ്മുടെ ഇടവകകളിൽ ദാമ്പത്യ പ്രതിസന്ധി അനുഭവിക്കുന്ന ദമ്പതികളെ പറഞ്ഞ് വിടാവുന്നതാണ്. കൗൺസിലിംങ്ങിന് വരുന്നതിന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംങ്ങിനായി വിളിക്കേണ്ട നമ്പർ 0487-2336066 ബുക്കിംങ്ങിനായി വിളിക്കേണ്ട സമയം- രാവിലെ 9.30 മുതൽ 3.30 വരെ.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജോജോ എടത്തിരുത്തി**
അസി. ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**ഫൊറോന ആനിമേറ്റേഴ്സ് യോഗം**

16 ഫൊറോനകളിലെ കുടുംബകൂട്ടായ്മ ആനിമേറ്റേഴ്സ് അച്ചന്മാരുടെയും ഫൊറോന കൺവീനർമാരുടെയും അതിരൂപത ഭാരവാഹിക

ളുടെയും സംയുക്ത യോഗം മാർച്ച് 4-ാം തിയ്യതി തിങ്കൾ കാലത്ത് 11 മണിക്ക് ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നു. ഈ യോഗത്തിന്റെ പ്രധാന അജണ്ട (2024 ഏപ്രിൽ – 2025 മാർച്ച്) വാർഷിക പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയാണ്. എല്ലാ ആനിമേറ്റർ അച്ചന്മാരേയും ഫൊറോന കൺവീനർമാരെയും അതിരൂപത ഭാരവാഹികളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫൊറോന സന്ദർശനം**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ നടത്താത്ത ഫൊറോനകളിലെ സന്ദർശനം ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി നടത്തേണ്ടതാണ്. ഈ ഫൊറോനകളിൽ നടത്തുന്ന തിയ്യതിയും സ്ഥലവും ഭാരവാഹികൾ ജനറൽ സെക്രട്ടറിയെ അറിയിക്കുമല്ലോ. പ്രസ്തുത യോഗത്തിൽ അതാത് ഫോറോന വികാരിമാർ, ആനിമേറ്റർ അച്ചന്മാർ, ഫൊറോന ഭാരവാഹികൾ, ഇടവക കൺവീനർമാർ സംബന്ധിക്കുകയും ചെയ്യേണ്ടതാണ്.

**പാലയൂർ ജാഗരണ പദയാത്ര**

മാർച്ച് 17-ാം തിയ്യതി നടക്കുന്ന അതിരൂപത പാലയൂർ തീർത്ഥാടന പദയാത്രയിൽ ഇടവകകളിൽ നിന്നുള്ള കുടുംബകൂട്ടായ്മ ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കുമല്ലോ. ഇതിനു മുന്നോടിയായുള്ള പുത്തൻപള്ളിയിൽ നിന്ന് ആരംഭിക്കുന്ന ജാഗരണ പദയാത്രയിൽ കുടുംബകൂട്ടായ്മയുടെ നിശ്ചിയിക്കപ്പെട്ട വെള്ളിയാഴ്ച്ച കുടുംബകൂട്ടായ്മ ഭാരവാഹികൾ പങ്കെടുക്കേണ്ടതാണ്.

**അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡി**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ ജനറൽബോഡി യോഗം മാർച്ച 9-ാം തിയ്യതി ശനിയാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് 3.00 മണിക്ക് കൂടുന്നതാണ്. പ്രസ്തുത യോഗത്തിൽ 16 ഫൊറോനയിലെ കേന്ദ്രസമിതി എക്സിക്യൂട്ടീവ് അംഗങ്ങളും (തിരഞ്ഞെടുക്കപ്പെട്ട 7 പ്രതിനിധികളും നാമനിർദ്ദേശം ചെയ്ത 2 പ്രതിനിധികളും), അതിരൂപത ജനറൽബോഡിയിലേക്ക് അഭിവന്ദ്യ പിതാവ് നാമനിർദ്ദേശം ചെയ്ത 15 അംഗങ്ങളും പങ്കെടുക്കേണ്ടതാണ്. ഇതിന് പുറമെ എല്ലാ ഇടവക കൺവീനർമാരെയും ഈ യോഗത്തിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു. ഈ യോഗത്തിൽ വച്ച് 2024 വർഷത്തെ അതിരൂപത, ഫൊറോന, ഇടവക, കുടുംബ തലത്തിലെ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖയായ വാർഷിപദ്ധതിയുടെ പ്രകാശന കർമ്മവും, അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മത്സര വിജയികൾക്കുള്ള സമ്മാനദാനവും, 2023 വർഷത്തെ മാതൃകാ കുടുംബ

കൂട്ടായ്മ യൂണിറ്റുകൾക്കുള്ള സമ്മാനദാനവും, പ്രവർത്തനഫണ്ട് കൂപ്പൺ മുഴുവൻ ഇടവക തലത്തിൽ ചിലവാക്കിയ ഇടവകകൾക്കും, മാർ ജോസഫ് കുണ്ടുകുളം അനുസ്മരണദിനത്തിൽ രക്തദാനം ചെയ്തവർക്കും ഈ യോഗത്തിൽ പ്രത്യേക ആദരവ് ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

# മാതൃവേദി

**മാതൃവേദി**

നേതൃത്വ പരിശീലന പ്രോഗ്രാം: തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെയും അതിരൂപത ഫെസിലിറ്റേഷൻ സെന്റിന്റെയും നേതൃത്വത്തിൽ അമ്മമാർക്കായി സഭയിലും സമൂഹത്തിലും നേതൃത്വനിരയിലേക്ക് വളരുക എന്ന ലക്ഷ്യത്തോടെ ഒരു വർഷം നീണ്ടുനിൽക്കുന്ന നേതൃത്വ പരിശീലന പ്രോഗ്രമിന്റെ ആദ്യത്തെ സെമിനാർ ഫെബ്രുവരി 13-ാം തിയ്യതി ചൊവ്വാഴ്ച്ച 10 മണി മുതൽ 1 മണി വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ആരംഭിക്കുന്നതാണ്. ഈ നേതൃത്വ പരിശീലന പ്രോഗ്രമിലേക്ക് താൽപര്യമുള്ള എല്ലാ മാതൃവേദി അമ്മമാരെയും മാതൃവേദിയിൽ ഇല്ലാത്ത അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. വരാൻ ആഗ്രഹിക്കുന്നവർ ഈ നമ്പറിലേക്ക് (8921638080) വിളിക്കേണ്ടതാണ്.

**ഫൊറോന ആനിമേറ്റേഴ്സ് യോഗം**

16 ഫൊറോനകളിലെ മാതൃവേദി ആനിമേറ്റേഴ്സ് അച്ചന്മാരുടെയും ഫൊറോന ഭാരവാഹികളുടെയും അതിരൂപത ഭാരവാഹികളുടെയും സംയുക്ത യോഗം മാർച്ച് 5-ാം തിയ്യതി ചൊവ്വാഴ്ച്ച കാലത്ത് 11 മണിക്ക് ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നു. ഈ യോഗത്തിന്റെ പ്രധാന അജണ്ട (2024 ഏപ്രിൽ - 2025 മാർച്ച്) വാർഷിക പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയാണ്. എല്ലാ ആനിമേറ്റർ അച്ചന്മാ

രേയും ഫൊറോന ഭാരവാഹികളെയും അതിരൂപത ഭാരവാഹികളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്**

തിരുമണിക്കൂർ ആരാധന, വി. കുർബാന: തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നുചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും തിരുമണിക്കൂർ ആരാധന, വി. കുർബാന ഫെബ്രുവരി 5 തിങ്കൾ വൈകീട്ട് 5.30 മുതൽ 8.00 വരെ നടത്തുന്നു. ഈ തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**പ്രോലൈഫ് പ്രവർത്തക സംഗമം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പ്രോലൈഫ് പ്രവർത്തകരുടെ സംഗമം ഫെബ്രുവരി 4–ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 6.15 മുതൽ 7.45 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. ഈ സംഗമത്തിലേക്ക് എല്ലാ പ്രോലൈഫ് പ്രവർത്തകരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം ഫെബ്രുവരി മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും ഫെബ്രുവരി 11–ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.45

മുതൽ 6.45 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭി ണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് പിന്നീട് അയച്ചുതരുന്നതാണ്. കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 9605043327.

**ശ്രീ. രാജൻ ആന്റണി**
പ്രസിഡണ്ട്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

## LOAF HOLY FAMILY EVE -2023

ലോഫ് തിരുകുടുംബദിനാഘോഷം ഡിസംബർ 31-ാം തിയ്യതി വൈകീട്ട് 6 മണി മുതൽ രാത്രി 9 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ജപമാലയോടെ ആരംഭിച്ചു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. ലോഫ് ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കൽ സ്വാഗതവും, റവ. ഫാ. വിൽസൺ പാറേക്കാട്ടിൽ (ഷേൺ സ്റ്റാട്ട് ഫാമിലി മൂവ്മെന്റ് ഡയറക്ടർ), സെബി & അമ്പിളി (ട്രിനിറ്റി കപ്പിൾസ്), ലിജോ & രമ്യ (ജീസസ് യൂത്ത് ഫാമിലി മൂവ്മെന്റ്) എന്നിവർ ആശംസകൾ അർപ്പിച്ചു. ലോഫ് പ്രസിഡണ്ട് കപ്പിൾസ് ഡോ. ജോർജ്ജ് ലിയോൺ & ശ്രീമതി അനി ജോർജ്ജ് തിരുകുടുംബ സന്ദേശം നൽകി.

## LOAF SPIRITUAL DAY

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' ജനുവരി 13-ാം തിയ്യതി മഡോണയിലുള്ള മൈനർ സെമിനാരിയിൽ വച്ച് നടന്നു. ലോഫിൽ നിന്നും ലോഫ് ദമ്പതി ധ്യാനത്തിൽ പങ്കെടുത്തവരിൽ നിന്നും പുറമെ നിന്നുമുള്ള കുടുംബങ്ങൾ പങ്കെടുത്തു. ദിവ്യകാരുണ്യ ആരാധന, വി.ബലി, വചന സന്ദേശം എന്നിവയിൽ എല്ലാ കുടുംബങ്ങളും സന്തോഷപൂർവ്വം പങ്കെടുത്തു. എന്റെ കുടുംബം എങ്ങനെ തിരുകുടുംബമാക്കാം എന്ന വചനപ്രഘോഷണ പരമ്പരയുടെ ആദ്യത്തെ ക്ലാസ്സിന് ബഹു. ഫാ. അലക്സ് മരോട്ടിക്കൽ നേതൃത്വം കൊടുത്തു. ഫെബ്രുവരി മാസത്തെ ലോഫിന്റെ ആത്മീയ സായാഹ്നം ഫെബ്രുവരി 10 ശനിയാഴ്ച്ച

ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടക്കുന്നതാണ്. അതിലേയ്ക്ക് ദമ്പതികളെ ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

**LOAF COUPLES RETREAT**

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം 2024 ഫെബ്രുവരി 2,3,4 തിയ്യതികളിലായി നെടുപുഴ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് നടക്കുന്നു. വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ ഞായറാഴ്ച വെകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**സാഹിത്യ അക്കാദമിയിൽ തൊഴിൽ അവസരങ്ങൾ**

ഡൽഹിയിലെ സാഹിത്യ അക്കാദമിയിൽ (നാഷണൽ അക്കാദമി ഓഫ് ലെറ്റേഴ്സ്) വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 10 ഒഴിവുണ്ട്. ഡൽഹിയിലെ കേന്ദ്ര ഓഫീസിലും മുംബൈ, ബെംഗളൂരു എന്നിവിടങ്ങളിലെ റീജണൽ ഓഫീസുകളിലുമാണ് ഒഴിവ്. കൂടുതൽ വിവരങ്ങൾക്ക്: https://sahitya-akademi.gov.in/ - അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി: ഫെബ്രുവരി 4.

**അഗ്നിവീർ വായു 2024; റിക്രൂട്ട്മെന്റ് വിജ്ഞാപനം പുറത്തിറക്കി**

ഇന്ത്യൻ വ്യോമസേനയുടെ അഗ്നിവീർ വായു റിക്രൂട്ട്മെന്റിനുള്ള 2024 വർഷത്തെ രജിസ്ട്രേഷൻ ഈ മാസം ആരംഭിക്കും. ജനുവരി 17-ന് ആരംഭിക്കുന്ന രജിസ്ട്രേഷൻ ഫെബ്രുവരി ആറിന് അവസാനിക്കും. മാർച്ച് 17-നായിരിക്കും പരീക്ഷ നടക്കുക. താൽപര്യമുള്ള യോഗ്യരായ വ്യക്തികൾക്ക് വ്യോമസേനയുടെ ഔദ്യോഗിക വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം. 550 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തുടക്കത്തിൽ 21,000 രൂപ ശമ്പളവും മറ്റ് വാർഷിക ആനുകൂല്യങ്ങളും ലഭിക്കും. നാലു വർഷത്തെ സേവനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന

കേഡറ്റുകൾ 10.04 ലക്ഷം രൂപയുടെ 'സേവ നിധി' പാക്കേജിന് അർഹരാണ്.2024-ലെ റിക്രൂട്ട്മെന്റിന് അപേക്ഷ നൽകുന്ന ഉദ്യോഗാർത്ഥികൾ 2004 ജനുവരി രണ്ടിനും 2007 ജൂലൈ രണ്ടിനും ഇടയിൽ ജനിച്ചവരായിരിക്കണം. ആദ്യ ഘട്ട തിരഞ്ഞെടുപ്പ് പ്രക്രിയകൾ പൂർത്തീകരിച്ച ഉദ്യോഗാർത്ഥികൾക്ക് എൻറോൾമെന്റ് സമയത്ത് 21 വയസ്സ് പൂർത്തിയാകരുത്. വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളും മാർക്കുമായി ഉദ്യോഗാർത്ഥികൾ ഇൻർമീഡിയേറ്റ്/ പത്താം ക്ലാസ്സ് / പ്ലസ്ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷയോ വിജയിച്ചിരിക്കണം. അവിവാഹിരതായ വനിതകൾക്കും പുരുഷൻമാർക്കും അഗ്നിവീർ വായുവിന് അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: ഫെബ്രുവരി 6.

പദ്ധതികൾക്ക് അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**
ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

## സാന്ത്വനം

**സാന്തോം വില്ലേജ് തുറന്നു.**

മാർ തോമാശ്ലീഹായുടെ 1950-ാം രക്തസാക്ഷിത്വ വാർഷികത്തിന്റെ സ്മാരകമായി 10 വീടുകൾ അടങ്ങുന്ന സാന്തോം വില്ലേജ് വൈലത്തൂരിൽ ഉദ്ഘാടനം ചെയ്തു.ഭവനങ്ങളുടെ ആശീർവാദം തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യ പിതാവ് അധ്യക്ഷത വഹിച്ച പ്രസംഗത്തിൽ കുടുംബങ്ങളുടെ

ശത്രുവായ മദ്യത്തിന് സാന്തോം വില്ലേജിൽ സ്ഥാനം നൽകരുതെന്ന് പിതാവ് ഓർമപ്പെടുത്തി. ജാതിമതഭേദമെന്യേ വീടും സ്ഥലവുമില്ലാത്ത 10 കുടുംബങ്ങൾക്ക് സ്ഥലത്തിന്റെ രേഖകളും അതിൽ 9 കുടുംബങ്ങൾക്ക് ഭവനത്തിന്റെ താക്കോലും തൃശൂർ എംപി ശ്രീ.ടി.എൻ പ്രതാപൻ, തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.വി.എസ്. പ്രിൻസ് എന്നിവർ യഥാക്രമം കൈമാറി. അസ്സീസ്സി പ്രൊവിൻസ് നൽകിയ സ്ഥലത്ത് തൃശൂർ അതിരൂപത സാമൂഹ്യക്ഷേമ വിഭാഗമായ സാന്ത്വനത്തിന്റെ നേതൃത്വത്തിലാണ് ഭവനങ്ങൾ നിർമിച്ചത്. സമ്മേളനത്തിൽ വടക്കേകാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. നബീൽ എൻ.എം.കെ മുഖ്യാതിഥിയായിരുന്നു. വൈലത്തൂർ ഇടവക വികാരി ഫാ. വർഗീസ് പാലത്തിങ്കൽ, വടക്കേകാട് ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി പ്രീതി ബാബു. അസ്സീസ്സി പ്രൊവിൻസ്-പ്രൊവിൻഷ്യൽ കൗൺസിലർ സി.ഫോൺസി മരിയ FCC, മരിയ പ്രൊവിൻസ്-പ്രൊവിൻഷ്യൽ സുപ്പീരിയർ സി.വെണ്മ CSC, സേക്രഡ് ഹാർട്ട് കോൺവെന്റ് മദർ സുപ്പീരിയർ സി.ലിൻസി ജോസ് FCC, എന്നിവർ ആശംസകളർപ്പിച്ചു. നാട്ടുകാരും ഗുണഭോക്താക്കളും അടങ്ങുന്ന സദസ്സിൽ യോഗത്തിന് സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ സ്വാഗതവും അസോ.ഡയറക്ടർ ഡോ. ഫാ. ജോസ് വട്ടക്കുഴി നന്ദിയും പറഞ്ഞു.സാന്ത്വനം അസി. ഡയറക്ടർ ഫാ.ഡിക്സൺ കൊളമ്പ്രത്ത്, സാന്ത്വനം ഗവേർണിങ് ബോഡി അംഗങ്ങളായ ശ്രീ. ആന്റണി എ.എ, ശ്രീ.ജോണി പി.ജെ, ശ്രീ.റോണി അഗസ്റ്റിൻ എന്നിവർ കാര്യപരിപാടികൾക്ക് നേതൃത്വം നൽകി.

**സാന്ത്വനം തൊഴിൽ വികാസ്**

സാന്ത്വനം തൊഴിൽ വികാസ് പദ്ധതിക്ക് കീഴിൽ സെക്യൂരിറ്റി ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ തൃശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ നിയമിച്ചു. കൂടുതൽ പേർക്ക് ജോലി കൊടുക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ജീവനക്കാർക്ക് ESI,PF,ബോണസ് തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും നൽകുന്നു. തൊഴിലന്വേഷകരായ യുവതികളിൽ നിന്ന് അപേക്ഷകൾ ഫയലിൽ സ്വീകരിക്കുകയും അവർക്ക് യോജിച്ച തൊഴിലുകൾ അന്വേഷിക്കുകയും ചെയ്യുന്നു.

**സാന്ത്വനം സർജിക്കൽസ് (രോഗി പരിചരണ ഉപകരണ ബാങ്ക്)**

നവംബർ, ഡിസംബർ മാസത്തിൽ വടക്കാഞ്ചേരി, കരുമത്ര, പുല്ലഴി, എൽതുരുത്ത്, പങ്ങാരപ്പിള്ളി, മുണ്ടൂർ, ചിയ്യാരം, ചെവ്വൂർ, കോനിക്കര, മരത്താക്കര, കൊട്ടേക്കാട്, മണ്ണുത്തി ഇടവകകളിലെ രോഗികൾക്ക് സർജിക്കൽ ഉപകരണങ്ങൾ നൽകി. 9 കട്ടിൽ, 2 എയർബെഡ്, 8 ബെഡ് 4,ഓക്സിജൻ കോൺസൻട്രേറ്റർ, 1 വീൽ

ചെയർ എന്നീ സർജിക്കൽ ഉപകരണങ്ങളാണ് വിവിധ ഇടവകകളി ലേക്കായി നൽകിയത്.

**സാന്ത്വനം ഭവനം**

മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മെത്രാഭിഷേക സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നിർമ്മിക്കുന്ന 50 ഭവനങ്ങളിൽ ഇക്കഴിഞ്ഞ മാസം 3 ഭവനം നിർമിച്ചു നൽകി. പൂമല, കുണ്ടുകാട്, തൃക്കൂർ എന്നിവിടങ്ങളിലാണ് ഭവനങ്ങൾ നിർമിച്ച് നൽകിയത്. പൂമലയിലെ ഭവനത്തിന്റെ ആശീർവാദം തൃശൂർ ആർച്ച് ബിഷപ്പ് എമിരിറ്റസ് മാർ ജേക്കബ് തൂങ്കുഴിയും കുണ്ടുകാടിലെ ഭവനത്തിന്റെ ആശീർവാദം തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്തും തൃക്കുരിലെ ഭവനത്തിന്റെ ആശീർവാദം തൃശൂർ അതിരൂപത സഹാ യമെത്രാൻ മാർ ടോണി നീലങ്കാവിലും നിർവഹിച്ചു. പൂമല,തൃക്കുർ എന്നിവിടങ്ങളിലെ ഭവനനിർമാണം കുരിയച്ചിറ ഇടവകയും കുണ്ടു കാട് ഒരു ഭവനം സാന്ത്വനവും സ്പോൺസർ ചെയ്തിരിക്കുന്നു. കുരിയച്ചിറ ഇടവക സ്പോൺസർ ചെയ്യുന്ന രണ്ടാമത്തെ വീടാണ് പൂമലയിലേത്. മൂന്നാമത്തെ തൃക്കൂരിലേതും. അതത് ഇടവകയിലെ വികാരിമാർ, സഹവികാരിമാർ, കൈകാരന്മാർ, സാന്ത്വനം ഡയറ ക്ടർ ഫാ.ജോയ് മൂക്കൻ, അസോ. ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി, അസി. ഡയറക്ടർ ഫാ.ഡിക്സൺ കൊളമ്പ്രത്ത് എന്നിവർ പങ്കെടുത്തു.

ഫാ.ഷാജു ചിറയത്തിന്റെ ഓർമ്മക്കായ് കുടുംബാംഗങ്ങൾ സാന്ത്വ നത്തിന്റെ നേതൃത്വത്തിൽ നിർമിച്ചു നൽകുന്ന ഭവനത്തിന്റെ തറക്ക ല്ലിടൽ കർമം കോടന്നൂരിൽ വെച്ച് നടന്നു. ബഹു.കോടന്നൂർ ഇടവക വികാരി ഫാ.ആന്റണി ആലുക്ക മുഖ്യകാർമികത്വം വഹിച്ചു. സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ സന്നിഹിതനായി രുന്നു.

**ഫാ.ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസാസിയേറ്റ് ഡയറക്ടർ

**ഫാ. ഡിക്സൺ കൊളമ്പ്രത്ത്**
അസിസ്റ്റന്റ് ഡയറക്ടർ

# മദ്യവിരുദ്ധസമിതി

**1. പ്രാർത്ഥനാ ഉപവാസം**

ക്രിസ്മസ് മദ്യവിമുക്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടി കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ 24.12.2023 ന് ഒല്ലൂർ സെന്ററിൽ പ്രാർത്ഥനാ ഉപവാസയജ്ഞം സംഘടിപ്പിച്ചു. അതിരൂപത ഡയരക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ നയിച്ച ഉപവാസ യജ്ഞം പനംകുറ്റിച്ചിറ മേരിമാതാ പള്ളി വികാരി റവ. ഫാ. റാഫേൽ വടക്കനാണ് ഉദ്ഘാടനം ചെയ് തത്. അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ. ഇ.എ. ജോസഫ് മുഖ്യപ്രഭാഷകനായി.

**2. കളക്ടർ കൃഷ്ണതേജയ്ക്ക് അഭിനന്ദന പ്രവാഹം**

അഞ്ചു വർഷത്തിനകം കേരളത്തിൽ ലഹരി നിരോധനം ഫലപ്രദമായി നടപ്പിലാക്കുമെന്ന് വേലൂർ ഗ്രാമപഞ്ചായത്തിൽ പ്രഖ്യാപിച്ച തൃശ്ശൂർ ജില്ലാ കളക്ടർക്ക് അഭിനന്ദനപ്രവാഹം. ഈ പ്രവൃത്തി അത്യധികം സമാശ്വാസപ്രദവും മാതൃകാപരവും അനുമോദനീയവുമാണെന്ന് ഡയരക്ടർ പ്രകീർത്തിക്കുകയുണ്ടായി. മുൻ സെക്രട്ടറി ടി.എസ്. അബ്രാഹം, പി.ആർ.ഒ. ലിന്റോ ഫ്രാൻസീസ് എന്നിവർ കളക്ടറെ നേരിൽകണ്ട് അഭിനന്ദിച്ചു. ഇതോടനുബന്ധിച്ച് പള്ളിക്കുന്ന് പോസ്റ്റോഫീസിൽ വികാരി ഫാ. ജയ്സൺ കൂനംപ്ലാക്കലിന്റെ അദ്ധ്യക്ഷതയിൽ യോഗം കൂടി. ഡയരക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരനാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. അഭിനന്ദനകത്തുകൾ ശേഖരിച്ചതും അയച്ചുകൊടുത്തതും പ്രസിഡണ്ട് വി.എം. അഗസ്റ്റിന്റെ നേതൃത്വത്തിലായിരുന്നു. കുമ്പളങ്ങാട്, വടക്കാഞ്ചേരി തുടങ്ങിയ ഇടവകകളിൽ നിന്ന് കളക്ടറെ അഭിനന്ദിച്ച് കത്തുകളയച്ചിട്ടുണ്ട്.

**3. സപ്ലിമെന്റ് വിതരണം**

മാർ റാഫേൽ തട്ടിൽ സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായി സ്ഥാനമേറ്റതിനെത്തുടർന്ന് 14.01.2024 ഞായറാഴ്ച പുത്തൻപള്ളിയിൽ സമൂഹബലിയും അനന്തരം ബസലിക്ക അങ്കണത്തിൽ അനുമോദനയോഗവും സംഘടിപ്പിച്ചിരുന്നു. അതിരൂപത മദ്യവിരുദ്ധ സമിതി ഇത്തരുണത്തിൽ തയ്യാറാക്കിയ സപ്ലിമെന്റ് തദവസരത്തിൽ സന്നിഹിതരായിരുന്ന എല്ലാവർക്കും വിതരണം ചെയ്തു.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

# ചിൽഡ്രൻസ് മിനിസ്ട്രി

**ക്രിസ്തുമസ് കാർഡ് & നാനോ ക്രിബ് മത്സരം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി ക്രിസ്തുമസിനോട് അനുബന്ധിച്ച് ക്രിസ്തുമസ് കാർഡ് മത്സരവും നാനോ ക്രിബ് മത്സരവും സംഘടിപ്പിച്ചു. ക്രസ്തുമസ് കാർഡ് മത്സരത്തിൽ മുന്നൂറോളം കുട്ടികളും നാനോ ക്രിബ് മത്സരത്തിൽ നൂറോളം കുട്ടികളും പങ്കെടുത്തു. കുട്ടികൾ തയ്യാറാക്കിയ കാർഡുകൾ വിയ്യൂർ സെൻട്രൽ ജയിലിലെ അന്തേവാസികൾക്ക് ക്രിസ്തുമസ് സന്ദേശത്തോടെ തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ കൈമാറി.

**Saints' Quiz 2k23 Winners**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതതല സെയിന്റ്സ് ക്വിസ്സ് ഡി.ബി.സി.എൽ സി.യിൽ വെച്ച് 2024 ജനുവരി 2 ന് നടത്തി. 16 ഫൊറോനകളിൽ നിന്നുള്ള വിവിധ യൂണിറ്റുകൾ മത്സരത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ ക്വിസ്സ് മത്സരം ഉദ്ഘാടനം ചെയ്ത് മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റും മെമന്റോയും വിതരണം ചെയ്തു. ക്വിസ്സ് മാസ്റ്റേഴ്സായ റവ. ഫാ. ലിയോ പുത്തൂരും, റവ. സി. ആൻ കരോളിൽ സി.എച്ച്.എഫ് ഉം മത്സരത്തിന് നേതൃത്വം നൽകി. മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും ആശംസകൾ നേരുന്നു.

**സമ്മാനർഹരായ ടീമുകൾ**

| | | |
|---|---|---|
| First | - | St. Francis Xavier Forane Church, Wadakkanchery (Angel Rose K L, Anjaly George, Agnus Geo) |
| Second | - | St. Thomas Church, Aranattukara (Agnes George, Felen Maria Tharaken, Benitta Jaison) |
| Third | - | St. Antony's Church, Guruvayoor (Diya Seldon V, Della Rose M S, Mary Carmel) |

**ആഘോഷമായ കുർബാനസ്വീകരണം**

ആദ്യ കുർബാന സ്വീകരണത്തിന് ഒരുങ്ങുന്ന അദ്ധ്യാപകർക്കായി അർദ്ധദിന പരിശീലന പരിപാടി 2024 മാർച്ച് 9-ാം തിയ്യതി ശനിയാഴ്ച്ച അതിരൂപത മതബോധനകേന്ദ്രത്തിൽ (ഡി.ബി.സി.എൽ

സി.) വച്ച് നടത്തുന്നു. സമയം ഉച്ചയ്ക്ക് 1.30 മുതൽ 4.00 മണിവരെ. പങ്കെടുക്കാൻ താൽപര്യമുള്ളവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 9947582522

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

<u>തിരുവചനം:</u> ''ദൈവഭക്തനു നന്മ ചെയ്താൽ നിനക്കു പ്രതിഫലം ലഭിക്കും; അവനിൽ നിന്നല്ലെങ്കിൽ കർത്താവിൽനിന്ന്.'' (പ്രഭാ 12: 2)

<u>സുകൃതജപം:</u> ഈശോയെ പൈശാചിക ശക്തികളെ ജയിക്കുവാൻ എനിക്ക് ശക്തി നല്കേണമേ!

<u>പ്രാർത്ഥനാ നിയോഗം:</u> സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ട മാർ റാഫേൽ തട്ടിൽ പിതാവിനു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ സഭയെ നയിക്കുന്നതിനുവേണ്ട കൃപ ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.

<u>പരിചയപ്പെടുന്ന വിശുദ്ധൻ:</u> ആധുനിക ടർക്കിയിൽ ഉൾപ്പെട്ട സ്മിർണായിലെ മെത്രാനായിരുന്ന വി. പോലിക്കാർപ്പാണ് ഈ മാസം നാം പരിചയപ്പെടുന്ന വിശുദ്ധൻ. മതമർദ്ധനം നടന്നിരുന്ന കാലഘട്ടത്തിൽ യേശുവിന്റെ പീഡാനുഭവത്തിൽ പങ്കുചേർന്ന് രക്തസാക്ഷിത്വം വരിച്ചവനാണ് ഈ വിശുദ്ധൻ. ക്രിസ്തുവിന്റെ അരുമശിഷ്യനായ യോഹന്നാൻ ശ്ലീഹായാണ് പോലിക്കാർപ്പിനെ മെത്രാനായി വാഴിച്ചത്. വെളിപാടിന്റെ പുസ്തകത്തിൽ സ്മിർണായിലെ മാലാഖ എന്ന് അഭിസംബോധന ചെയ്യുന്നത് പോലിക്കാർപ്പിനെയാണ്. ജീവനോടെ ദഹിപ്പിക്കാൻ വിധിക്കപ്പെട്ട പോലിക്കാർപ്പിന്റെ ശരീരത്തിൽ ഒരു ചെറുതീപൊരിപോലും സ്പർശിച്ചില്ല. പിന്നീട് വിജാതിയരുടെ കുന്തത്താൽ കുത്തപ്പെട്ട് മരിച്ച ഈ വിശുദ്ധന്റെ ഓർമ്മ ഫെബ്രുവരി 23 ന് തിരുസഭയിൽ ആചരിക്കുന്നു.

<u>പ്രവർത്തനം:</u> ജീവിതത്തിന്റെ ഏതൊരു പ്രതിസന്ധികളിലും ദൈവത്തിലുള്ള വിശ്വാസം കൈവിടാതെ സഭാധികാരികൾക്ക് വിദേയരായി ജീവിക്കാൻ ശ്രമിക്കുക.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

# ജീസസ്സ് യൂത്ത്

**കൾചറൽ എക്സ്ചേഞ്ച് പ്രോഗ്രാം**

ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ കേരളത്തിന് പുറത്തുള്ള ജീസസ് യൂത്ത് അംഗങ്ങൾ കേരളത്തിലേക്ക് വരികയും നമ്മുടെ വിശ്വാസവും, പാരമ്പര്യങ്ങളും, സംസ്കാരവും, ശൈലികളും നേരിൽ കണ്ട് മനസിലാക്കുകയും, പഠിക്കുകയും അവരുടെ ജീവിതത്തിൽ പ്രയോഗികമാകുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടന്ന കൾച്ചറൽ എക്സ്ചേഞ്ച് എന്ന പ്രോഗ്രാമിൽ 200നു മുകളിൽ യുവജനങ്ങൾ പങ്കെടുത്തു. ഇതിന്റെ ഭാഗമായി തൃശൂർ അതിരൂപതയിലേക്ക് ഡിസംബർ 22 മുതൽ 28 വരെയുള്ള തീയതികളിൽ ഗുജറാത്ത്, തെലങ്കാന, വെസ്റ്റ് ബംഗാൾ, ബീഹാർ എന്നീ സ്ഥലങ്ങളിൽ നിന്നുമായി ഇരുപത്തിയഞ്ചോളം യുവജനങ്ങൾ എത്തിച്ചേർന്നു. വിവിധ ഭവനങ്ങളിൽ കുടുംബാംഗങ്ങൾക്കൊപ്പം താമസിച്ചുകൊണ്ടാണ് അഭിവന്ദ്യ പിതാക്കന്മാരുമായുള്ള കൂടികാഴ്ച, സംഘടനാ പ്രവർത്തനങ്ങൾ, വിശ്വാസപരിശീലനം, ഇടവകയിലെ മറ്റു പരിപാടികൾ, ജീസസ് യൂത്ത് പ്രാർത്ഥന കൂട്ടായ്മകളിലെ പങ്കാളിത്തം എന്നിവയിലൂടെ വിശ്വാസധിഷ്ഠിതമായ ശുശ്രൂഷകളും, പാരമ്പര്യങ്ങളും സംസ്കാരവും അവർ നേരിൽ കണ്ട് മനസ്സിലാക്കിയത്.

**തൻസാനിയ മിഷൻ**

കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ സെൻട്രൽ-ഇന്ത്യ മിഷന് ശേഷം, രാജേഷ് മോസസും കുടുംബവും, ജീസസ് യൂത്തിന്റെ പുതിയ ഈസ്റ്റ് ഫ്രിക്കൻ മിഷൻ രാജ്യമായ, 'തൻസാനിയ' യിലേക്ക് പോകുകയുണ്ടായി. രാജേഷ് മോസസും ഭാര്യ സൗമ്യ രാജേഷും മക്കളായ കിസീറ്റോ, ഇക്കീസ, സാൻറ്റസ് എന്നിവരാണ് ഡിസംബർ 12ന്, സകുടുംബം തൻസാനിയയിലേക്ക് ലോങ്ങ് ടേമ് മിഷന് വേണ്ടി പോയിരിക്കുന്നത്. പ്രസ്തുത മിഷൻ യാത്രയുടെ ഭാഗമായി ജീസസ് യൂത്ത് തൃശൂർ സോണിന്റെ നേതൃത്വത്തിൽ ഡിസംബർ പത്തിന് വൈകിട്ട് 7 മണി മുതൽ 10 മണി വരെ തൃശ്ശൂർ പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചുകൂടുകയും മിഷന് ഒരുക്കമായുള്ള പ്രാർത്ഥന നടത്തുകയും ചെയ്തു.

**കേപ്പാ ലീഡേഴ്സ് ട്രെയിനിങ്ങ് – ആദ്യ മൊഡ്യൂൾ**

'ഞാൻ നിന്നോട് പറയുന്നു: നീ പത്രോസാണ്; ഈ പാറമേൽ

എന്റെ സഭ ഞാൻ സ്ഥാപിക്കും.' (വി. മത്തായി 16:18) എന്ന തിരുവചനത്തെ ആസ്പദമാക്കികൊണ്ട് ജീസസ് യൂത്ത് തൃശൂർ സോണിലെ യുവജന ങ്ങൾക്കുവേണ്ടി തുടക്കം കുറിച്ച 'കേപ്പാ' എന്ന പേരിലുള്ള നേതൃത്വ പരിശീലന പരിപാടിയുടെ ആദ്യത്തെ മൊഡ്യൂൾ ഒളരി, നവജ്യോതി യിൽ വെച്ച് ഡിസംബർ പതിനഞ്ച് വെള്ളിയാഴ്ച വൈകിട്ടു 6 മണി മുതൽ ഡിസംബർ പതിനേഴു ഞായറാഴ്ച ഉച്ചയ്ക്ക് 12 വരെ നടത്തപെട്ടു.

ട്രെയിനിങ്ങിൽ പങ്കെടുക്കുന്ന യുവജനങ്ങളുടെ കൂട്ടായ്മയെ വളർത്താനുപകരിക്കുന്ന വിവിധ ആക്ടിവിറ്റികൾ, 'സ്വയം കണ്ടെ ത്തൽ' എന്ന സെഷൻ, അതിനോടനുബന്ധിച്ചുള്ള കേസ് സ്റ്റഡീസ്, തുടർന്ന് കേസ് സ്റ്റഡീസിന്റെ വെളിച്ചത്തിൽ ഗ്രൂപ്പടിസ്ഥാനത്തിലുള്ള ചർച്ചകൾ എന്നീ ക്രമത്തിലാണ് ആദ്യ മൊഡ്യൂളിലെ ഈ ദിവസ ങ്ങൾ ക്രമീകരിച്ചിരുന്നത്. അഭിലാഷ് എം. കെ (ജീസസ് യൂത്ത് കേരള ഫാമിലി കോർഡിനേറ്റർ), റോബിൻ അഗസ്റ്റിൻ (കേരള ഫോർമേഷൻ ടീം മെമ്പർ), ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ (ജീസസ് യൂത്ത് തൃശൂർ ഡയറക്ടർ), ഫാ. ഡെന്നി ചിറയത്ത് (ജീസസ് യൂത്ത് അസിസ്റ്റന്റ് ഡയറക്ടർ), ഡിബിൻ ഡേവിസ് (ജീസസ് യൂത്ത് അസിസ്റ്റന്റ് കോർഡിനേറ്റർ), സാൻജോ ജോൺസൺ (കേപ്പാ ജനറൽ കോർഡിനേറ്റർ) എന്നിവർ സന്നിഹിതരായിരുന്ന ഈ പ്രോഗ്രാമിൽ നാൽപതോളം പേർ പങ്കെടുത്തു.

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. ഡെന്നി ചിറയത്ത്**
അസി. ഡയറക്ടർ

**ജെറിൻ ജോയ്**
കോർഡിനേറ്റർ

# കത്തോലിക്ക കോൺഗ്രസ്

**ക്രിസ്റ്റോണിയൻ 2023**

കത്തോലിക്കൽ കോൺഗ്രസ്സ് ഫൊറോന തല കുടുംബസംഗമം ക്രിസ്റ്റോണിയോൺ 2023 ഫൊറോന തലങ്ങളിൽ സംഘടിപ്പിച്ചു. വിവിധ മേഖലകളിൽ മികവ് തെളിയിച്ചവരെ സംഗമങ്ങളിൽ അനുമോദിക്കുകയും ആദരിക്കുകയും ചെയ്തു. സംഘടനകളിലൂടെ കുടുംബശാക്തീകരണം എന്ന വിഷയത്തെ ആസ്പദമാക്കി

ക്ലാസ്സുകളും സംഘടിപ്പിച്ചു. അതിരൂപത സമിതിയും ഫൊറോന സമിതികളും നേതൃത്വം നൽകുന്നു.

**അതിജീവനയാത്രക്ക് ഐക്യദാർഢ്യവും സ്വീകരണവും**

കത്തോലിക്ക കോൺഗ്രസ്സിന്റെ ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ അഡ്വ. ബിജു പറയനിലം ജാഥ ക്യാപ്റ്റനായി നയിക്കുന്ന അതിജീവന യാത്രക്ക് തൃശ്ശൂരിൽ ഐക്യദാർഢ്യ സദസ്സും സ്വീകരണവും നൽകി. ഡിസംബർ 11 ന് കാസർഗോഡിൽ നിന്ന് ആരംഭിച്ച് ഡിസംബർ 22 ന് തിരുവനന്തപുരത്ത് സമാപിക്കുന്ന അതിജീവന യാത്രക്ക് തൃശ്ശൂർ പര്യടനത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. അതിരൂപത, ഫൊറോന സമിതികൾ നേതൃത്വം നൽകി.

**ജനറൽ ബോഡി യോഗവും, വാർഷിക കർമ്മരേഖ പ്രകാശനവും**

ജനറൽ ബോഡി യോഗവും 2024 വാർഷിക കർമ്മരേഖ പ്രകാശനവും മാർ ടോണി നീലങ്കാവിൽ പിതാവ് നിർവഹിച്ചു. യൂണിറ്റ്, ഫൊറോന, രൂപത പ്രതിനിധികൾ സംബന്ധിക്കുന്ന ജനറൽബോഡി യോഗത്തിൽ വെച്ചാണ് 2024 ന്റെ വാർഷിക കർമ്മരേഖ പിതാവ് പ്രകാസനം നിർവ്വഹിച്ചത്.


**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**ശ്രീ. എൻ.പി. ജാക്സൺ**
പ്രസിഡന്റ്

**ജോഷി വടക്കൻ**
ജനറൽ സെക്രട്ടറി


## കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

ഡിസംബർ 1 മുതൽ 21 വരെ ദാനിയേൽ ഫാസ്റ്റിംഗ് ആബ്ബാ റിന്യൂവൽ സെന്ററിൽ വെച്ച് കാലത്ത് 10 മുതൽ 1 മണി വരെ നടത്തി. ഡിസംബർ 13ന് നേതൃസംഗമം നടത്തി. 180 പ്രാർത്ഥന കൂട്ടായ്മ കോർ ടീമുകളും16 സബ് സോൺ കോർ ടീമുകളും മിനിസ്ട്രി കോർ ടീമുകളും നേതൃസംഗമത്തിൽ പങ്കെടുത്തു. വി. വി. അഗസ്റ്റിൻ ക്ലാസുകൾക്ക് നേതൃത്വം നൽകി.

കരിസ്മാറ്റിക് നവികരണ ജൂബിലിയോട് അനുബന്ധിച്ച് നടത്തുന്ന മദ്ധ്യസ്ഥ പ്രാർത്ഥന ഡിസംബർ 18ന് വടക്കാഞ്ചേരി ഫെറോന പള്ളിയിൽ വെച്ച് നടന്നു. തൃശൂർ സോണൽ സർവ്വീസ് ടീം നേതൃത്വം നൽകി.

മാർച്ച്, ഏപ്രിൽ മാസങ്ങളിൽ പ്രാർത്ഥന കൂട്ടായ്മകളുടെ പുന:സംഘടന നടക്കണം.

ഫെബ്രുവരി 19, 20, 21, 22 തിയ്യതികളിൽ കരിസ്മാറ്റിക് മേഖല കൺവർഷൻ ഫെബ്രുവരി 19ന് വടക്കാഞ്ചേരി ഫെറോന പള്ളിയിൽ, 20ന് പാവറട്ടി തീർത്ഥകേന്ദ്രത്തിൽ, ഫെബ്രുവരി 21ന് ഒല്ലൂർ മേരിമാത പള്ളിയിൽ, ഫെബ്രുവരി 22ന് ബസ്ലിക്ക പള്ളിയിൽ വെച്ച് നടത്തുന്നു.

**ഫാ. ഷാജൻ തേർമഠം**

ഡയറക്ടർ

# സി.എൽ.സി. സീനിയർ

**പുതിയ ഭാരവാഹികൾ:**

അതിരൂപത സീനിയർ സി.എൽ.സിയുടെ 2024-25 വർഷത്തെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഡിസംബർ 24 ന് കൂടിയ ജനറൽ ബോഡി യോഗത്തിൽ നടത്തി. കഴിഞ്ഞ 33 മാസം വളരെ സജീവമായി പ്രവർത്തിച്ച മുഴുവൻ ഇടവക-അതിരൂപത ഭാരവാഹികൾക്കും നന്ദി പറയുന്നു. പുതിയ അതിരൂപത ഭാരവാഹികൾക്ക് യൂണിറ്റു ഭാരവാഹികളുടെ സഹകരണം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങുകൾ 2023 ഡിസംബർ 31 ന് അഭിവന്ദ്യ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ അധ്യക്ഷതയിൽ നടത്തി. 2024-2025 വർഷത്തെ പുതിയ ഭാരവാഹികൾ താഴെ പറയുന്നവരാണ്.

| | |
|---|---|
| പ്രസിഡണ്ട് | : വിനേഷ് കോളേങ്ങാടൻ (കൊട്ടേക്കാട്) |
| സെക്രട്ടറി | : ഡെന്നസ് പെല്ലിശ്ശേരി (അമ്മാടം) |
| ട്രഷറർ | : ഡെയ്സൻ കൊള്ളന്നൂർ (മരിയാപുരം) |
| വൈസ് പ്രസിഡണ്ട് | : ജെയ്സൺ എ ജെ (ആറ്റത്തറ) |
| വൈസ് പ്രസിഡണ്ട് | : ലീമ ആന്റെണി (ചിറ്റിലപ്പിള്ളി) |

ജോ. സെക്രട്ടറി : സെബി മഞ്ഞളി (പള്ളിക്കുന്ന്)

ജോ. സെക്രട്ടറി : സീന സാജു (പുത്തൂർ)

ജനറൽ കോർഡിനേറ്റർ : എ.ഡി. ഷാജു– (നെല്ലിക്കുന്ന്).

എക്സിക്യൂട്ടീവ് അംഗങ്ങൾ

1. ജോൺസൺ (മുളയം)
2. ചെറിയാൻ ടി ജെ (പാവർട്ടി)
3. റിന്റോ റോമി (ആമ്പക്കാട്)

2. സഹഗമനം(യൂണിറ്റ് സന്ദർശനം)

പുതിയ ഭാരവാഹികളുടെ നേതൃത്വത്തിൽ അതിരുപതയിലെ എല്ലാ യൂണിറ്റുകളും സന്ദർശിക്കുന്നു. ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് യൂണിറ്റ് സന്ദർശനം (സഹഗമനം) നടത്തുക. യൂണിറ്റു യോഗങ്ങൾ നടക്കുന്ന തിയ്യതി, സമയം എന്നിവ ഒരാഴ്ച മുമ്പായി അതിരൂപതയിൽ അറിയിക്കണം.

അതിരൂപതയിലെ രണ്ടോ മൂന്നോ ഭാരവാഹികൾ സന്ദർശനത്തിൽ പങ്കെടുക്കുവാൻ വരുന്നതാണ്. ഇതുവരെ യൂണിറ്റ് ഭാരവാഹികളുടെ അഡ്രസ്, ഫോൺ നമ്പർ എന്നിവ നൽകാത്തവർ എത്രയും വേഗം വാട്ട്സാപ്പിലൂടെ അയച്ചു തരേണ്ടതാണ്.

**3. കാരുണ്യദിനം**

ഫെബ്രുവരി 11 ഞായർ ലൂർദ്ദ് മാതാവിന്റെ തിരുന്നാൾ ദിനത്തിൽ അനാഥ മന്ദിരത്തിലെ അന്തേവാസികൾക്ക് ഭക്ഷണം വിതരണം ചെയ്താണ് നമ്മുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. കത്തോലിക്ക സഭയിൽ രോഗിദിനമായി ആചരിക്കുന്ന അന്നേ ദിവസം യൂണിറ്റുകൾ കാരുണ്യ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

**4. പുതിയ യൂണിറ്റുകളുടെ രൂപീകരണം**

'മരിയ മക്കൾ മരണം വരെ' എന്ന ആശയത്തിന്റെ സാക്ഷാൽക്കാരവുമായി ഇടവക തലത്തിൽ മുൻകാലങ്ങളിൽ പ്രവർത്തിച്ചവരും 30 വയസ് പ്രായം കഴിഞ്ഞവരും തുടർന്ന് സി.എൽ.സി.യിൽ സീനിയർ വിഭാഗമായി പ്രവർത്തിക്കുന്നതിന് അവസരം ഒരുക്കുകയാണ്. ഇതിനായി ഇടവക തലത്തിൽ സീനിയർ യൂണിറ്റുകൾ രൂപീകരിക്കുന്നു. ഒരു ഫൊറോനയിൽ 4 യൂണിറ്റുകൾ രൂപീകരിച്ചു കഴിയുമ്പോൾ ഫൊറോന കമ്മിറ്റികളും രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. മരിയൻ ഭക്തിയിൽ കൂട്ടായ്മയായി ജീവിക്കുവാൻ താല്പര്യമുള്ളവരേയും യൂണിറ്റിൽ അംഗത്വമെടുക്കാൻ പരിശ്രമിക്കുക. നിലവിൽ യൂത്ത് സി.എൽ.സി. യിലെ 30 കഴിഞ്ഞവരെ ഉൾപ്പെടുത്തി സീനിയർ വിഭാഗം ആരംഭിക്കാം. വികാരിയച്ചൻമാരുടെ

അനുമതിയോടെ അതിരൂപത ഭാരവാഹികൾ ഇടവക യൂണിറ്റുകൾ രൂപീകരിക്കുന്നതിന് തുടക്കം കുറിക്കുകയാണ്.

**ഫാ. ഫ്രജോ വാഴപ്പിള്ളി**
പ്രമോട്ടർ

**വിനേഷ് കോളേങ്ങാടൻ**
പ്രസിഡന്റ്

# അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

**പാരിഷ് ബുള്ളറ്റിൻ മത്സരം 2023**

അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും പ്രസിദ്ധീകരിക്കുന്ന പാരിഷ് ബുള്ളറ്റിനുകൾക്കായി അതിരൂപതാ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന 2023ലെ പാരിഷ് ബുള്ളറ്റിൻ മത്സരത്തിലേക്കു അപേക്ഷകൾ ക്ഷണിക്കുന്നു. താഴെപ്പറയുന്ന മാനദണ്ഡങ്ങളനുസരിച്ച് ബുള്ളറ്റിനുകളും കൃതികളും 2024 മാർച്ച് 31ന് മുമ്പ് 'ബുള്ളറ്റിൻ മത്സരം' എന്ന് എഴുതിയ കവറിലാക്കി ആർച്ച്ബിഷപ്സ് ഹൗസ് റിസപ്ഷനിൽ ഏല്പിക്കേണ്ടതാണ്. 2024 മാർച്ച് 31നുശേഷം ലഭിക്കുന്ന ബുള്ളറ്റിനുകൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.

1. മികച്ച പാരിഷ്ബുള്ളറ്റിൻ

1.1. പ്രതിമാസം പ്രസിദ്ധീകരിക്കുന്നവയ്ക്കും ഇടവിട്ട് പ്രസിദ്ധീകരിക്കുന്നവയ്ക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കും.

1.2. ഈ മത്സരത്തിലെ മൂല്യനിർണ്ണയത്തിനു മാർക്കുവിഭജനം താഴെപ്പറയും വിധമായിരിക്കും: കവർ (15%), എഡിറ്റോറിയൽ (15%), ലേ ഔട്ട് (15%), ഉള്ളടക്കം (50%) ഇതര കാര്യങ്ങൾ (5%)

1.3. ഈ മത്സരത്തിന് 2023 വർഷം പ്രസിദ്ധീകരിച്ച ബുള്ളറ്റിനുകൾ ബൈൻഡ് ചെയ്ത ഒരു കോപ്പി സമർപ്പിക്കണം.

2. മികച്ച കവർ, മികച്ച എഡിറ്റോറിയൽ, മികച്ച ലേ ഔട്ട്

2.1 ഈ മത്സരങ്ങൾ എല്ലാ മാസവും ്ര സിദ്ധീകരിക്കുന്നവയ്ക്കു മാത്രമായിരിക്കും

2.2. മികച്ച കവർ - 2023 ഒക്ടോബർ (ഒരു കോപ്പി)

2.3. മികച്ച എഡിറ്റോറിയൽ - 2023 സെപ്തംബർ എഡിറ്റോറിയൽ

പേജ് മാത്രം. വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

2.4. മികച്ച ലേ ഔട്ട് – 2023 ജൂൺ (ഒരു കോപ്പി)

3. മികച്ച ലേഖനം, കഥ, കവിത, കാർട്ടൂൺ, ഫീച്ചർ

3.1. എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നതോ അല്ലാത്തതോ എന്നു വേർതിരിവ് ഈ വിഭാഗത്തിന് ഉണ്ടായിരിക്കുന്നതല്ല.

3.2. ഓരോ പാരിഷ്ബുള്ളറ്റിനിൽനിന്നും ഓരോ വിഭാഗത്തിലേക്കും ഏറ്റവും മികച്ചതെന്നു തോന്നുന്ന ഒരു കൃതിയാണ് മത്സരത്തിന് സമർപ്പിക്കേണ്ടത്. (ഉദാ. കവിത – ഒരെണ്ണം, ലേഖനം – ഒരെണ്ണം എന്നിങ്ങനെ).

3.3. ഈ മത്സരങ്ങൾക്ക് പരിഗണിക്കപ്പെടേണ്ട കൃതികളടങ്ങുന്ന ബുള്ളറ്റിൻ പേജുകൾ മാത്രം ഒരു കോപ്പി വീതം നൽകണം. ഇതിൽ വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

4. വികാരിയച്ചന്മാരുടെയും കൊച്ചച്ചന്മാരുടെയും പംക്തി

4.1. വികാരിയച്ചന്റെ പംക്തി – 2023 ജനുവരിയിലെ വികാരിയച്ചന്റെ പംക്തിയുടെ പേജ് മാത്രം ഒരു കോപ്പി.

4.2. കൊച്ചച്ചന്റെ പംക്തി – 2023 മെയ് മാസത്തിലെ കൊച്ചച്ചന്റെ പംക്തിയുടെ പേജ് മാത്രം ഒരു കോപ്പി

5. ഓരോവിഭാഗത്തിലുമുള്ള മത്സരത്തിന് പരിഗണക്കപ്പെടേണ്ട ബുള്ളറ്റിനുകളോ മത്സരയിനമോ വെവ്വേറെയായി തരം തിരിച്ച് ഒരുകോപ്പി വീതം നല്കണം.

5.1.മത്സരഫലം പ്രഖ്യാപിച്ചശേഷം ബുള്ളറ്റിനുകൾ തിരികെ ലഭിക്കുന്നതാണ്.

**ഫാ. സിംസൺ ചിറമ്മൽ**
ഡയറക്ടർ

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡന്റ്

## തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള
# നവവൈദികർ
ആശംസകളോടെ അതിരൂപത കുടുംബം


Fr. Jaleesh
Eluvathingal CMI
Palakkal


Fr. Nithin
Mattathil MCBS
Valakkavu


Fr. Shijo
Chowallour CMI
Thiroor


Fr. Aljo Kunnan OM
Kallur East


Fr. Joel Chiramal CMI
Pavaratty


Fr. Joel Pulikkottil CMI
Kandanassery


Fr. Cristo Chungath CMI
Kottapadi


Fr. Donal
Pulikkottil CMI
Edakkalathur


Fr. Jibin
Puthiyakunnel SDV
Cherumkuzhy


Fr. Martin
Olakkengil OSB.Cam.
Vijayapuram


Fr. Vinu Varghese
Ponnore MSFS
Pavaratty


Fr.Jinto
Chirammel CMI
Ponnukkara


Fr. Tony
Edathuruthikaran OFM CAP
Chiyyaram Vijayamatha


Fr. Derin Davis
Thottiyan CMI
Chengalur

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.01.2024
**February - 2024**





**സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്**
**മാർ റാഫേൽ തട്ടിൽ**
**മെത്രാപ്പോലിത്തായ്ക്ക്**
**തൃശ്ശൂർ അതിരൂപതയിൽ നൽകിയ**
**സ്വീകരണം**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor